# ആദി ശങ്കരാചാര്യർ ഒരു പഠനം



റാവിപുഡി വെങ്കടാദ്രി

# ആദി ശങ്കരാചാര്യർ
# ഒരു പഠനം

Malayalam
**Adi Sankaracharyar Oru Padanam**
(Study)
by **Ravipudi Venkatadri**
*Translated by* **Dr.P.Raghavan Pattathil**
*Copyright* : Sreeni Pattathanam
*First Edition* : February 2021
All Rights Reserved

*Published by*
Indian Rationalist Publishers
Pattathanam P.O., Kollam - 691 021
Mob: 9446526088 (Whatsapp)
Email : indianrationalistpublishers@gmail.com

*Printed at* Akshara Printers, Thiruvananthapuram

Disclaimer
Any part of this publication may be reproduced, stored
in or introduced into a retrieval system, or transmitted in any form,
or by any means, electronic, mechanical, photocopying,
recording or otherwise with
the prior written permission of the publisher only

**Price: ₹ 150**

IRP. 7/2021

# റാവിപുഡി വെങ്കടാദ്രി

## ആദി ശങ്കരാചാര്യർ
## ഒരു പഠനം

വിവർത്തനം
ഡോ. രാഘവൻ പാട്ടത്തിൽ

ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിഷേഴ്സ്



## റാവിപുഡി വെങ്കടാദ്രി

ആയിരത്തിത്തൊള്ളായിരത്തി ഇരുപത്തിരണ്ട് ഫെബ്രുവരി മാസം ഒമ്പതാം തീയതി റാവിപുഡി വെങ്കടാദ്രി ജനിച്ചു. ജന്മഗ്രാമമായ നാഗാണ്ട്‌ലയിൽ കവിരാജാശ്രമം സ്ഥാപിച്ചുകൊണ്ട് തന്റെ ഇരുപത്തിരണ്ടാമത്തെ വയസ്സിൽ (1943) അദ്ദേഹം യുക്തിവാദാശയ പ്രചരണം തുടങ്ങി. ആന്ധ്രാപ്രദേശ് സംസ്ഥാനത്തെ പ്രകാശം ജില്ലയിലെ ഇങ്കൊല്ലു മണ്ഡലത്തിലാണ് നാഗാണ്ട്‌ല ഗ്രാമം.

കുട്ടിയായിരിക്കുമ്പോൾ രാമനെപ്പോലെയുള്ള പുരാണ നായക കഥാപാത്രങ്ങളെ നാടകങ്ങളിൽ അവതരിപ്പിച്ച വെങ്കടാദ്രി അറിയപ്പെടുന്ന ഒരു ഗായകനുമായിരുന്നു. അദ്ദേഹം ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ കവിരാജു ത്രിപുരനേനി രാമസ്വാമി എഴുതിയ ശംബൂക വധം എന്ന പുസ്തകം വായിക്കാൻ ചിന്നം രാമയ്യ എന്ന അദ്ധ്യാപകൻ നിർദ്ദേശിച്ചു. ഉടനെത്തന്നെ വെങ്കടാദ്രി വേദപാലം വായനശാലയിലേക്ക് പോവുകയും പുസ്തമെടുത്ത് വായിക്കുകയും ചെയ്തു. അതോടെ അദ്ദേഹം ഒരു തികഞ്ഞ യുക്തിവാദിയും നിരീശ്വരവാദിയുമായി. കവിരാജു ത്രിപുരനേനി രാമസ്വാമി അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചു. അതുകൊണ്ടാണ് താൻ മുൻകൈയെടുത്ത് സ്ഥാപിച്ച സ്ഥാപനത്തിന് കവിരാജാശ്രമം എന്ന പേര് നൽകിയത്. സുപ്രസിദ്ധ വിപ്ലവകാരിയും സൈദ്ധാന്തികനുമായിരുന്ന എം.എൻ. റോയി 1946 ൽ ഡെറാഡൂണിലും 1949 ൽ മസ്സൂറിയിലും സംഘടിപ്പിച്ച പഠനശിബിരങ്ങളിൽ വെങ്കടാദ്രി പങ്കെടുക്കുകയുണ്ടായി. എം.എൻ.റോയിയും, സഹപ്രവർത്തകരുംകൂടി സ്ഥാപിച്ച റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർത്ഥിയായി 1946 ൽ അന്നത്തെ മദ്രാസ് സംസ്ഥാനത്തിന്റെ നിയമസഭയിലേക്ക് വെങ്കടാദ്രി മത്സരിച്ചു. പിന്നീട് ആ പാർട്ടി

പിരിച്ചുവിട്ട ശേഷം 1948ൽ ഉണ്ടാക്കിയ റാഡിക്കൽ ഹ്യൂമനിസ്റ്റ് പ്രസ്ഥാനത്തിന്റെ ആരംഭത്തിൽ തന്നെ വെങ്കടാദ്രി അതിൽ അംഗമായി. ആന്ധ്ര സംസ്ഥാനത്തെ റാഡിക്കൽ ഹ്യൂമനിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടാണദ്ദേഹം. തുടർച്ചയായി നാൽപ്പത് വർഷം വെങ്കടാദ്രി നാഗാണ്ട്ല ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡണ്ടായിരുന്നു.

യുക്തിവാദത്തേയും മാനവവാദത്തേയും പറ്റി 100 ൽ പരം താത്വികഗ്രന്ഥങ്ങൾ വെങ്കടാദ്രി എഴുതിയിട്ടുണ്ട്. ആന്ധ്ര സംസ്ഥാനത്തിലെ ചിരാലയിലുള്ള ഹേതുവാദ മാനവവാദ പ്രസാധകരാണ് ഇവയെല്ലാം പ്രസിദ്ധീകരിച്ചത്. ഇരുപത്തി മൂന്ന് വാല്യങ്ങളിലായി എഡിറ്റ് ചെയ്ത ഇവയിൽ ആറെണ്ണം ഇംഗ്ളീഷിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. വെങ്കടാദ്രിയുടെ പല പുസ്തകങ്ങളും ഹിന്ദി, പഞ്ചാബി, ഗുജറാത്തി, മലയാളം മുതലായ ഭാഷകളിലേക്ക് തർജ്ജിമ ചെയ്യപ്പെട്ടു.

ആന്ധ്രാപ്രദേശ് റാഷണലിസ്റ്റ് അസ്സോസ്സിയേഷന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും പ്രചരിപ്പിക്കുവാൻ വേണ്ടിയും യുക്തിവാദ-മാനവവാദ പ്രചരണത്തിനുമായി 1982 സെപ്തംബറിൽ ഹേതുവാദി എന്ന പേരിൽ ഒരു യുക്തിവാദ മാസിക അദ്ദേഹം ആരംഭിച്ചു. അദ്ദേഹം തന്നെയായിരുന്നു അതിന്റെ എഡിറ്റർ. പിന്നീട് അതേ സംഘടനയുടെ പ്രസിഡണ്ടായി അദ്ദേഹം തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

രണ്ടു ദശാബ്ദത്തിൽ കൂടുതൽ കാലം അദ്ദേഹം റാഷണലിസ്റ്റ് അസ്സോസ്സിയേഷൻ ഓഫ് ഇന്ത്യയുടെ അദ്ധ്യക്ഷനായിരുന്നു. ഇപ്പോൾ അദ്ദേഹം അതിന്റെ ചെയർമാനാണ്. ഇങ്കൊല്ലുവിൽ റാഡിക്കൽ ഹുമനിസ്റ്റ് സെന്റർ സ്ഥാപിച്ചതും അതിനുവേണ്ടിയുള്ള റാഡിക്കൽ ഹുമനിസ്റ്റ് ഭവൻ നിർമ്മിച്ചതും അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശത്താലായിരുന്നു. ലോക മാനവിക സമ്മേളനങ്ങളിൽ പങ്കെടുക്കാനായി 1993 ൽ അദ്ദേഹം യൂറോപ്പും അമേരിക്കയും സന്ദർശിച്ചു.

റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യയ്ക്കുവേണ്ടി റാഷണലിസ്റ്റ് എന്ന ഇംഗ്ലീഷ് ത്രൈമാസിക ബുള്ളറ്റിൻ ആരംഭിക്കുകയുണ്ടായി. നൂറുകണക്കിന് റാഡിക്കൽ ഹ്യുമനിസ്റ്റ്

പഠന ക്യാമ്പുകൾക്ക് അദ്ദേഹം നേതൃത്വം നൽകുകയും അവയിലൊക്കെ വിഷയസംബന്ധിയായ അനേകം പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു.

ഹൈദരാബാദിലെ കവിരാജു ത്രിപുരനേനി രാമസ്വാമി ട്രസ്റ്റ് ഏർപ്പെടുത്തിയ നാഷണൽ അവാർഡ് അന്നത്തെ ഉപരാഷ്ട്രപതിയായിരുന്ന ശ്രീ.കെ.ആർ.നാരായണനിൽ നിന്നാണ് വെങ്കടാദ്രി ഏറ്റുവാങ്ങിയത്. അതുപോലെ ഹൈദരാബാദിലെ തെലുഗു സർവ്വകലാശാലയിൽ നിന്ന് കവിരാജു ത്രിപുരനേനി രാമസ്വാമി അവാർഡും വെങ്കിടാദ്രിക്കു ലഭിച്ചു. നൂറ്റി ഒന്നിന്റെ നിറവിൽ നിൽക്കുമ്പോഴും അദ്ദേഹം ഹേതുവാദിയുടെ എഴുത്തിലും, പ്രൂഫ് റീഡിംഗിലും, എഡിറ്റിംഗിലും മറ്റ് യുക്തിവാദ-മാനവവാദ രചനകളിലുമൊക്കെ മുഴുവൻ സമയവും വ്യാപൃതനായിരുന്നു.

2023 ജനുവരി 22 ന് അദ്ദേഹം അന്തരിച്ചു. അദ്ദേഹം തുടങ്ങി വച്ച പ്രവർത്തനങ്ങൾ ഇങ്കൊല്ലുവിലെ റാഡിക്കൽ ഹ്യൂമനിസ്റ്റ് സെന്ററും റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യയും ഹേമ ഫൗണ്ടേഷനും തുടർന്നുകൊണ്ടു പോവുന്നതിന് മേദുരി സത്യനാരായണ, ഡോ.ഗുമ്മാ വീരണ്ണ, കുറാ ഹനുമന്തറാവു തുടങ്ങിയവർ അടങ്ങിയ സമിതി ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.



– ശ്രീനിപട്ടത്താനം



**ഡോ.പി.രാഘവൻ പാട്ടത്തിൽ**

**(വിവർത്തകൻ)**

തൃശ്ശൂർ ജില്ലയിലെ കൊടകരയിൽ 1952 ൽ ജനിച്ചു. കെമിക്കൽ എൻജിനീയറിങ്ങിൽ ബിരുദാനന്തര ബിരുദവും, മിനറൽ എൻജിനീയറിങ്ങിൽ പിഎച്ച്. ഡി. യും നേടിയിട്ടുണ്ട്. രാജസ്ഥാനിലുള്ള ഹിന്ദുസ്ഥാൻ സിങ്ക് ലിമിറ്റഡ് കമ്പനിയിലെ ജോലിക്കുശേഷം കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിനു കീഴിലുള്ള സി.എസ്.ഐ. ആറിന്റ (CSIR) തിരുവനന്തപുരത്തുള്ള ഗവേഷണശാലയിൽ ശാസ്ത്രജ്ഞനായി. 2012ൽ മുഖ്യ ശാസ്ത്രജ്ഞനായി (Chief Scientist) വിരമിച്ചു.

ഗവേഷണരംഗത്തെ മികവിന് ഭാരതസർക്കാറിന്റേയും കേരള ഗവണ്മെന്റിന്റേയും കേരള സർവ്വകലാശാലയുടേയും ജർമ്മൻ ഗവണ്മെന്റിന്റേയും അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ജർമ്മനി, ഫ്രാൻസ്, ഹോളണ്ട്, ഓസ്ട്രിയ, ഇംഗ്ലണ്ട്, ഇറ്റലി മുതലായ രാജ്യങ്ങളിൽ പഠന ഗവേഷണങ്ങൾ നടത്തി.

മലയാളത്തിൽ കഥകളും, കവിതകളും, യുക്തിവാദപരമായ ധാരാളം ലേഖനങ്ങളും എഴുതിയിട്ടുണ്ട്. 2016 ൽ പുരുഷാർത്ഥങ്ങളുടെ പിഴവുകൾ എന്നപേരിൽ ഒരു ചെറുകഥാ സമാഹാരവും (എവർഗ്രീൻ ബുക്സ്, തിരുവനന്തപുരം) 2018ൽ ബന്ധമാപനങ്ങൾ എന്ന പേരിൽ ഒരു നോവലും (പ്രഭാത് ബുക്സ്, തിരുവനന്തപുരം) പ്രസിദ്ധീകരിച്ചു.

ഭാര്യ : സുധ ഊരത്ത്; മക്കൾ : മിഥുൻ (യു.എസ്.എ.), രാഹുൽ (സിയറ്റ് ടയേഴ്സ്. ബറോഡ); മരുമക്കൾ: ശൈത്യ (യു.എസ്.എ.), ലാവണ്യ (എൽ.ഐ.സി.ബറോഡ)

വിലാസം : ഡോ.പി.രാഘവൻ പാട്ടത്തിൽ
സാന്ദ്രം, എൻ.ആർ.എ.-19, പി.ഒ.പാപ്പനംകോട്
തിരുവനന്തപുരം-695018
ഫോൺ : 0471-2491329, 9447501548/8111828729
ഇ-മെയിൽ : pattathilr@gmail.com

## പ്രസാധകകുറിപ്പ്

2009 ലാണ് ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിഷേർസ് ആരംഭിക്കുന്നത്. മതേതരവും മാനവികവുമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്ന തായിരുന്നു ലക്ഷ്യം. അപ്രകാരം പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളാണ് ഓഷോ ഒരു പഠനം (2009) Sunshine and the Dust (2010) പുനർജന്മം-തിരക്കഥ (2012) മതേതരകവിതകൾ (2013) സ്വതന്ത്രചിന്തയുടെ തീരങ്ങളിൽ (2015) ഓർമ്മയിലെ നക്ഷത്രങ്ങൾ (2020) എന്നിവ.

എന്നാൽ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത് തെലുങ്കിലെ പ്രശസ്ത യുക്തിവാദിയും എഴുത്തുകാരനുമായ റാവിപുഡി വെങ്കടാദ്രിയുടെ Aadi Sankaracharya The Man and His Achievements എന്ന ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയാണ് ആദി ശങ്കരാചാര്യർ ഒരു പഠനം (ഒന്നാം ഭാഗം). ശങ്കരദർശനം ശാസ്ത്രീയമായി വിലയിരുത്തുന്ന ഒരു ഗ്രന്ഥം മലയാള ത്തിൽ ആദ്യമാണ്. എല്ലാ ഗ്രന്ഥങ്ങളും തുറന്ന മനസ്സോടെ സ്വീകരിച്ച മലയാളികൾ ഈ ഗ്രന്ഥവും സന്തോഷപൂർവ്വം സ്വീകരിക്കും എന്നു വിശ്വസിക്കുന്നു.

ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ നിർവ്വഹിച്ചിരിക്കുന്നത് ശാസ്ത്ര ജ്ഞനും സാഹിത്യകാരനുമായ ഡോ.പി.രാഘവനാണ്. മലയാള പരി ഭാഷക്ക് അനുവാദം തന്ന ഗ്രന്ഥകാരനെയും പരിഭാഷ നിർവ്വഹിച്ച ഡോ. പി.രാഘവനോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

200 ഓളം പേജുള്ള ഈ മൂലഗ്രന്ഥത്തിന്റെ നേർപകുതി ഒന്നാം ഭാഗ മായി പ്രസിദ്ധീകരീച്ചിരിക്കുകയാണ്. എല്ലാ ഗ്രന്ഥങ്ങളും തുറന്ന മനസ്സോടെ സ്വീകരിച്ച മലയാളികൾ ഈ ഗ്രന്ഥവും സന്തോഷപൂർവ്വം സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു.

**– ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിഷേഴ്സ്**

# ഉള്ളടക്കം

അദ്ധ്യായം ഒന്ന്
ആദിശങ്കരൻ - വ്യക്തിയും നേട്ടങ്ങളും

അദ്ധ്യായം രണ്ട്
ബ്രഹ്മത്തിന്റെ കഷായം

അദ്ധ്യായം മൂന്ന്
സർവ്വം ഖൽവിദം ബ്രഹ്മം

അദ്ധ്യായം നാല്
പരകായ പ്രവേശം

അദ്ധ്യായം അഞ്ച്
ബുദ്ധതത്വങ്ങളോടുള്ള തുറന്ന ശത്രുത

അദ്ധ്യായം ആറ്
സ്വപ്നമായെ യഥാ ദൃഷ്ടെ
താമാ വിശ്വമിദം ദൃഷ്ടം

# എന്തിനാണ് ഈ പുസ്തകം?

നമ്മുടെ രാജ്യത്തെ ഒരു വിഭാഗം ബുദ്ധിജീവികൾക്ക് ഒരു പ്രത്യേക സ്വഭാവമുണ്ട്. പന്നിയെ ശിവന്റെ കാളയായും (ലിംഗമായും) ശിവന്റെ കാളയെ പന്നിയായും ചിത്രീകരിക്കുന്ന ഒരു രീതി. അറിവില്ലായ്മ കൊണ്ടാണോ അതോ മോശമായ വിചാരം കൊണ്ടാണോ എന്നറിയില്ല ഇത്തരം ആളുകൾ ചീത്ത മനുഷ്യർക്ക് നല്ല ഗുണങ്ങളും നല്ലവർക്ക് ചീത്ത ഗുണങ്ങളും ചാർത്തി കൊടുക്കാറുണ്ട്. ഈ രീതി അവലംബിച്ചാണ് നവശങ്കരവാദികൾ ശങ്കരനെ മഹാനായി ഉയർത്തി കാട്ടുന്നതും ശങ്കരവിമർശകരെ മോശക്കാരായി ചിത്രീകരിക്കുന്നതും.

ഗുട്ടാ രാധാകൃഷ്ണ എഴുതിയ ജഗത് സത്യം ബ്രഹ്മം മായ എന്ന പുസ്തകത്തിൽ താഴെ പറയുന്നതുപോലെ തെറ്റായ കുറച്ച് പ്രസ്താവനകളുണ്ട്.

1. ബ്രഹ്മസത്യം എന്ന വാക്ക് കേൾക്കുമ്പോഴേക്കും ഭൗതികവാദികളുടേയും യുക്തിവാദികളുടേയും മുന്നിൽ നാല് തലകളുള്ള ബ്രഹ്മാവ് പ്രത്യക്ഷപ്പെടുന്നു.
2. അത് കാണുന്ന പാടെ അവർ പേടിച്ചു വിറച്ച് കണ്ണുകൾ അടക്കുകയും ബ്രഹ്മമില്ല ബ്രഹ്മമില്ല എന്ന് ഉറക്കെ പറയുകയും ചെയ്യുന്നു.
3. അദ്വൈതത്തിലെ ബ്രഹ്മവും ഭൗതിക ലോകത്തിലെ അടിസ്ഥാന കണികയും തമ്മിൽ വ്യത്യാസമില്ല.
4. അതുകൊണ്ട് ബ്രഹ്മത്തെ ബ്രഹ്മദ്രവ്യം എന്നു പറയാം.
5. അജ്ഞരായ യുക്തിവാദികൾ ബ്രഹ്മം എന്ന പദത്തെ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുകയാണ്.
6. പ്രപഞ്ചവും ബ്രഹ്മവും തമ്മിലുള്ള ബന്ധം ദ്രവ്യവും വസ്തുക്കളും തമ്മിലുള്ള ബന്ധം പോലെയാണ്.
7. അത് ഉദ്ദേശിക്കുന്ന വിധത്തിൽ ബ്രഹ്മം സത്യം പ്രപഞ്ചം മായ എന്നത് സത്യത്തിൽ നിന്ന് അകലെയല്ല. ബ്രഹ്മദ്രവ്യം പ്രപഞ്ച

മായി മനസ്സിൽ എങ്ങനെയാണ് അനുഭവപ്പെടുന്നത് എന്ന് ഭൗതിക ശാസ്ത്രജ്ഞന്മാർക്കു പോലും മനസ്സിലായിട്ടില്ല.

8. മായ എന്നതിന്റെ അർത്ഥം തന്നെ അത് അതല്ല എന്നാണ്. അതുകൊണ്ട് അതിന് കൃത്രിമമായ അർത്ഥം കൊടുക്കുന്നത് ശരിയല്ല. അദ്വൈതത്തെ പരിഹസിക്കുന്നത് വിഢ്ഢിത്തമാണ്.

10. ഭൗതിക പദാർത്ഥം ബഹുമുഖ പ്രപഞ്ചമായി പ്രത്യക്ഷപ്പെടാൻ ഉപാധിയായ ഉപകരണത്തെപ്പറ്റി ഭൗതികവാദികൾ ചിന്തിക്കുന്നതായി തോന്നുന്നില്ല.

11. അദ്വൈതം അതിനെ മായ എന്ന വിളിച്ചെങ്കിൽ അത് അറിയപ്പെടാത്തതാണ് എന്ന അപകടമില്ലല്ലോ.

12. യുക്തിവാദത്തിന്റെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ് മായാസിദ്ധാന്തം.

13. ഈശാവാസ്യോപനിഷത് അനുസരിച്ച് ദേഹിയും ദേഹവും അദ്വൈതസിദ്ധാന്തത്തിൽ അധിഷ്ഠിതമാണ്.

14. നമുക്ക് അറിവ് സമ്പാദിക്കണമെങ്കിൽ നമ്മുടെ പഴയ കാലത്തെ അറിവിലേക്ക് നമുക്ക് പോകേണ്ടതുണ്ട്. നവോത്ഥാനം എന്നതിന്റെ അർത്ഥമതാണ്.

15. വിവിധതരം ആശയങ്ങളെ ക്രമീകരിച്ച മഹാനാണ് ആദി ശങ്കരൻ. അങ്ങനെ അദ്ദേഹം പലതരം ആശയസംഹിതകളെ കൂട്ടിയിണക്കി ഒരൊറ്റ സിദ്ധാന്തമുണ്ടാക്കി.

16. ബുദ്ധന്റെ സിദ്ധാന്തങ്ങളുമായി അദ്വൈതത്തിന് സാമ്യമുള്ളതുകൊണ്ട് ആദി ശങ്കരനെ ഒരു വ്യങ്ഗ്യബുദ്ധനായി കണക്കാക്കിയിരുന്നു.

17. ബുദ്ധന്റെ സിദ്ധാന്തങ്ങളെ വളരെയധികം ഇഷ്ടപ്പെടുന്നവർ അദ്വൈതത്തെ എന്തുകൊണ്ട് വെറുക്കുന്നു എന്നത് നമുക്ക് മനസ്സിലാകുന്നില്ല.

18. ലോകത്തിലെ എല്ലാ മനുഷ്യരും തുല്യരാണെന്ന മാനവ സമത്വഭാവന ഉണ്ടാക്കിയത് ശങ്കരനാണ്.

19. ബുദ്ധസന്യാസികളെ പഞ്ചസാരമില്ലിലിട്ട് ശങ്കരൻചതച്ച് കൊന്നു എന്നു പറയുന്നത് ദുഷ്ടന്മാരുടെ ഗൂഢാലോചന മാത്രമാണ്.

20. ശങ്കരൻ ഒരു സാമൂഹ്യവിപ്ളവകാരിയായിരുന്നു.
21. നാം ശരീരമെന്ന് വിവക്ഷിക്കുന്ന വസ്തുപോലും ഇല്ല എന്ന് ശങ്കരൻ പറഞ്ഞു.
22. ആത്മാവ് ഒരു ശരീരം വിട്ട് മറ്റൊരു ശരീരത്തിലേക്ക് പ്രവേശിക്കുന്നു എന്ന തത്വത്തെക്കുറിച്ച് കുറ്റം പറയാൻ യുക്തിവാദികൾക്ക് ഒരവകാശവുമില്ല. അതുപോലെത്തന്നെ, ശങ്കരൻ നൃസിംഹസ്തോത്രം ആലപിച്ചു എന്നത് നിരാകരിക്കാനും യുക്തിവാദികൾക്ക് ഒരവകാശവുമില്ല.
23. പാരമ്പര്യവിശ്വാസങ്ങളിൽ കിടന്ന് വട്ടം കറങ്ങുന്നതും ഉത്തരവാദിത്വമില്ലാതെ സംസാരിക്കുന്നതും എഴുതുന്നതും യുക്തിവാദമല്ല. അതുപോലെത്തന്നെ. അത് ഭൗതികവാദമോ മാനുഷികവാദമോ അല്ല.
24. യുക്തിവാദികൾ എന്ന് സ്വയം കരുതുന്ന ചിലർ ശങ്കരന്റെ വസ്ത്രധാരണ രീതിയെ വിമർശിക്കുന്നു.
25. ബുദ്ധന്റേയും ശങ്കരന്റേയും വസ്ത്രധാരണരീതി ഒരുപോലെയാണ്.
26. ശങ്കരന്റെ നെറ്റിയിൽ അടയാളം ഉണ്ടാക്കിയത് മാധ്വൻമാരാണ്.
27. ശങ്കരൻ ആത്മീയജ്ഞാനത്തിന്റെ തത്വജ്ഞാനി ആയതുകൊണ്ട് ശൈവിസവും വൈഷ്ണവിസവും അദ്ദേഹത്തിൽ പ്രഭാവം ചെലുത്തിയിട്ടില്ല.
28. ബുദ്ധമതക്കാരുടെ മുണ്ഡനം ചെയ്ത തലയും ചുവന്ന വസ്ത്രവുമാണ് ശങ്കരൻ സ്വീകരിച്ചത്.
29. കപില മുനിയുടെ സാംഖ്യദർശനമെടുത്താണ് ശങ്കരൻ അദ്വൈത സിദ്ധാന്തം ഉണ്ടാക്കിയത്.
30. ആത്മീയതയിലെ തെറ്റുകളും കുറവുകളും ശങ്കരൻ തിരിച്ചറിഞ്ഞതുകൊണ്ട് അദ്ദേഹം ഗോപ്യബുദ്ധൻ എന്ന പേരിൽ അറിയപ്പെടുന്നു.
31. ശങ്കരൻ കുറച്ചുകാലം കൂടി ജീവിച്ചിരുന്നെങ്കിൽ ഭൗതികവാദിയായ ബുദ്ധനായി അദ്ദേഹം മാറിയേനെ.
32. ഒരു ദൈവവിശ്വാസിയാണെന്ന് ശങ്കരൻ പറഞ്ഞിട്ടുണ്ടെങ്കിലും അദ്ദേഹം നിരന്തരം ഈശ്വര വിശ്വാസികളോട് പടവെട്ടിക്കൊണ്ടിരുന്നു.

തികച്ചും അസംബന്ധങ്ങളും അസത്യങ്ങളുമായ ഇത്തരം പ്രസ്താവനകൾ നവശങ്കരവാദികളുടെ പുസ്തകങ്ങളിൽ നിന്ന് ഇനിയും ഉദ്ധരിക്കാൻ കഴിയും. ഇത്തരക്കാർ യുക്തിവാദികൾക്കും മാനവവാദികൾക്കും എതിരെ കള്ളപ്രചരണം നടത്തുകയും അപവാദങ്ങൾ പറഞ്ഞു പരത്തുകയും ചെയ്യുന്നു. പഴയവയെ പുത്തനാക്കി കൊണ്ടുവരാനാണ് ഇവരുടെ ഉദ്ദേശ്യം. അതുകൊണ്ടാണ് ഗുട്ടാ രാധാകൃഷ്ണയുടെ ഗ്രന്ഥത്തിൽ നിന്ന് മേൽപ്പറഞ്ഞ കാര്യങ്ങൾ ഞാൻ ഉദ്ധരിച്ചത്. നവോത്ഥാനവും പഴയവയെ പുത്തനാക്കിയെടുക്കുന്ന പ്രവൃത്തിയും തമ്മിലുള്ള വ്യത്യാസംതന്നെ ഈ കശ്മലൻമാർക്കറിയില്ല. വളരെ വിമർശനാത്മകമായ പുസ്തകമാണിത്. ശങ്കരന്റെ അദ്വൈതത്തിന് ഇതിലും കൂടുതൽ വിവരണം വേണ്ട എന്നാണ് എനിക്ക് തോന്നുന്നത്.

**റാവിപുഡി വെങ്കടാദ്രി**

ചെയർമാൻ

റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ

എഡിറ്റർ, ഹേതുവാദി

# 1

## ആദി ശങ്കരൻ - വ്യക്തിയും നേട്ടങ്ങളും

ശങ്കരാചാര്യരുടെ മാതാപിതാക്കൾ ആരാണ്? എന്നാണ്, എവിടെയാണ് അദ്ദേഹം ജനിച്ചത്? എന്താണ് അദ്ദേഹം ചെയ്തത്? എന്തൊക്കെയാണ് അദ്ദേഹം എഴുതിയത്? എന്ന്, എവിടെ വച്ച്, എങ്ങനെയാണ് അദ്ദേഹം മരിച്ചത്? അദ്ദേഹത്തിന്റെ മൃതശരീരത്തെ നേരിട്ട് മറവുചെയ്തോ അതോ സംസ്ക്കരിച്ചോ? എവിടെയാണത് നടത്തപ്പെട്ടത്? മൃതശരീരത്തിൽ മരണാനന്തരക്രിയകൾ നടത്തിയോ? അങ്ങനെയാണെങ്കിൽ അതാരു നടത്തി? ആരുടെ സാന്നിദ്ധ്യത്തിൽ? എവിടെയാണ് ആ സംസ്ക്കാരസ്ഥലം? അഥവാ സംസ്ക്കാരം നടത്തിയില്ല എന്നുണ്ടോ? ശങ്കരനെപ്പറ്റി പറയുന്ന ഒരു ചരിത്ര പുസ്തകത്തിലും ഇത്തരം ചോദ്യങ്ങൾക്ക് ഒരുപോലെയുള്ള ഉത്തരങ്ങളില്ല. ഇന്നുപോലും ഇവക്ക് ഏകരൂപമായ അഭിപ്രായങ്ങളുമില്ല.

ചരിത്രത്തെ പുരാണങ്ങളുടെ രീതിയിൽ എഴുതുന്ന പാരമ്പര്യമാണ് ഭാരതീയർക്കുള്ളത്. ഇവ തെളിവുകളുടെ അടിസ്ഥാനത്തിലുള്ളതല്ല എന്നുള്ളതുകൊണ്ട് ശങ്കരനെപ്പറ്റിയുള്ള കഥകളിൽ ധാരാളം അതിശയോക്തികളും അമാനുഷഗുണങ്ങളും എഴുതി പിടിപ്പിക്കപ്പെട്ടു. ഈ കഥകൾ ഒട്ടുമുക്കാലും അസംബന്ധങ്ങളാൽ പൊതിഞ്ഞവയാണ്. ഒട്ടുമിക്ക പാശ്ചാത്യ ചരിത്രകാരന്മാരുടേയും അതോടൊപ്പം ഇന്ത്യൻ ചരിത്രകാരന്മാരുടേയും അഭിപ്രായത്തിൽ ശങ്കരൻ സി.ഇ.788 ൽ ജനിച്ച് സി.ഇ. 820 ൽ മരിച്ചിരിക്കാം.

കിട്ടാവുന്നത്ര ഇന്ത്യൻ പുരാണങ്ങളും വേദങ്ങളും മറ്റ് സാഹിത്യ ഗ്രന്ഥങ്ങളും ക്രോഡീകരിച്ച് അവരവരുടെ ഭാഷകളിലേക്ക് തർജ്ജമ ചെയ്ത് അവയുടെ കാലവും രചനാരീതികളുമൊക്കെ ഇന്ത്യൻ ചരിത്രകാരന്മാർക്ക് പരിചയപ്പെടുത്തിയത് പാശ്ചാത്യരാണ്. അവരുടെ അന്വേഷണങ്ങൾ മിക്കവാറും സത്യസന്ധവും പക്ഷഭേദമില്ലാത്തതുമാണ്. നമ്മുടെ പല ചരിത്രകാരന്മാരും ഇന്ത്യൻ പുരാ

ണങ്ങളുടെ ദുർഗന്ധത്തിൽ നിന്ന് ഇന്നും മോചിതരല്ല. ജാതി - മത ചിന്തകളും വക്രമായ മാനസികാവസ്ഥയുമാണ് ചരിത്രത്തെ സമഭാവനയോടെ കാണാൻ തടസ്സമായി നിൽക്കുന്നത്. അതുകൊണ്ടാണ് നമ്മുടെ പല ചരിത്രകാരന്മാരും വെളുപ്പിനെ കറുപ്പും കറുപ്പിനെ വെളുപ്പുമായി കാണിക്കുന്നത്. ശങ്കരന്റെ ചരിത്രം അത്തരത്തിൽ എഴുതപ്പെട്ടതാണ് എന്നതിൽ സംശയമൊന്നുമില്ല. വ്യക്തമായി പരിശോധിച്ചാലല്ലാതെ അക്കഥ മനസ്സിലാകുകയുമില്ല. അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി - വ്യക്തിത്വം, സഭ്യത, തത്വശാസ്ത്രം മുതലായവയെപ്പറ്റിയെല്ലാം - നമുക്ക് അറിയേണ്ടതായിട്ടുണ്ട്. പ്രതിവിപ്ളവത്തിന്റെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ പങ്ക് വളച്ചൊടിച്ചതാണ്. ശങ്കരവിജയങ്ങളുടെ പേരിൽ എഴുതിയ പുരാണങ്ങളാണ് ഇതിന് ഉപോൽഫലകങ്ങളായിട്ടുള്ളത്. ആ പുസ്തകങ്ങളുടെ ഉള്ളടക്കമനുസരിച്ച് അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങൾ താഴെ പറയുന്ന വിധത്തിലാണ്.

**എന്തൊക്കെയാണ് ശങ്കരൻ ചെയ്തിട്ടുള്ളത്?**

കേരളത്തിലെ ഒരു നമ്പൂതിരി കുടുംബത്തിലാണ് ശങ്കരന്റെ ജനനം. അമ്മ അദ്ദേഹത്തെ ഗർഭം ധരിച്ചിരിക്കുമ്പോഴോ, അല്ലെങ്കിൽ പ്രസവിച്ച് അധികം വൈകാതെയോ അച്ഛൻ മരിച്ചുപോയിട്ടുണ്ട്. കുട്ടിക്കാലം തൊട്ടേ അദ്ദേഹത്തിന്റെ അതിശയകരമായ അത്ഭുത പ്രവൃത്തികൾ ആരംഭിച്ചത്രേ.

ശങ്കരന് അഞ്ച് വയസ്സായപ്പോൾ ഉപനയനം നടത്തി. വളരെ ചെറുപ്പത്തിൽ തന്നെ ഒരു വിദ്യാർത്ഥിയെപ്പോലെ അദ്ദേഹം വേദങ്ങളും വേദാംഗങ്ങളും പഠിച്ചു. അക്കാലത്ത് ഒരു ദിവസം ശങ്കരൻ ഒരു ബ്രാഹ്മണ സ്ത്രീയുടെ വീട്ടിൽ ഭിക്ഷയ്ക്ക് പോയി. അവിടെ ഭക്ഷണമൊന്നും ഇല്ലാതിരുന്നതുകൊണ്ട് ഒരു നെല്ലിക്കയാണ് അവർ ഭിക്ഷയായി കൊടുത്തത്. കുടുംബനായിക ദരിദ്രയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കിയ ശങ്കരൻ കനകധാരാ സ്തോത്രം ചൊല്ലി. അപ്പോൾ വീട്ടുമുറ്റത്ത് സ്വർണ്ണ നെല്ലിക്കകൾ മഴപോലെ പെയ്തു വീണത്രേ. ഇതാണ് അദ്ദേഹത്തിന്റെ അത്ഭുതപ്രവൃത്തികളിൽ ഒന്നാമത്തേത്.

ഒരു ദിവസം പൂർണ്ണാ നദിയിൽ കുളിച്ച് കയറുമ്പോൾ ശങ്കരന്റെ അമ്മ വെള്ളത്തിൽ വീണു. ഉടനടി തന്റെ യോഗശക്തി ഉപയോഗിച്ച് അദ്ദേഹം നദിയുടെ ഗതി മാറ്റി. ഇതാണ് അദ്ദേഹത്തിന്റെ അത്ഭുത പ്രവൃത്തികളിൽ രണ്ടാമത്തേത്.

ഒരിക്കൽ അമ്മയോടൊപ്പം നദിയിൽ കുളിച്ചു കൊണ്ടിരുന്നപ്പോൾ ശങ്കരന്റെ കാൽ ഒരു മുതല കടിച്ചു പിടിച്ചു. അന്ന് അദ്ദേഹ

ത്തിന് എട്ടു വയസ്സായിരുന്നു പ്രായം. പേടിച്ചുപോയ അമ്മയോട് ശങ്കരൻ പറഞ്ഞത്രേ. അവനെ സന്യാസിയാകാൻ അനുവദിച്ചാൽ മുതലയോട് കടിവിട്ടുപോകാൻ പറയാമെന്ന്. അതനുസരിച്ച് അമ്മ സമ്മതിച്ച ഉടനെത്തന്നെ മുതല ശങ്കരന്റെ കാലിനെ സ്വതന്ത്രമാക്കി. ഇതാണ് അദ്ദേഹത്തിന്റെ അത്ഭുതപ്രവൃത്തികളിൽ മൂന്നാമത്തേത്.

സന്യാസി ആയതിനു ശേഷം ശങ്കരൻ ഗോവിന്ദപാദ എന്ന ഗുരുവിന്റെ ശിഷ്യനായി ചേർന്ന് അദ്വൈതസിദ്ധാന്തം പഠിച്ച് വലിയ പണ്ഡിതനായിത്തീർന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ഗുരു രേവാ നദിക്കരയിൽ ഗാഢമായ ധ്യാനത്തിലിരിക്കുമ്പോൾ പെട്ടെന്ന് വെള്ളം പൊങ്ങി. ആ സമയത്ത് ശങ്കരൻ തന്റെ മനഃശക്തി ഉപയോഗിച്ച് മുഴുവൻ വെള്ളത്തേയും ഒരു മൺകുടത്തിലാക്കിയത്രേ. ഇതാണ് അദ്ദേഹത്തിന്റെ അത്ഭുതപ്രവൃത്തികളിൽ നാലാമത്തേത്.

പിന്നീട് ഗോവിന്ദപാദയുടെ നിർദേശാനുസരണം ശങ്കരൻ കാശിയിലെത്തിച്ചേർന്ന് ദക്ഷിണഭാരതത്തിൽ നിന്ന് വന്ന സാനന്ദാന എന്ന ഒരാളെ സ്വന്തം ശിഷ്യനായി സ്വീകരിച്ചു. ഒരിക്കൽ ശങ്കരൻ ഗംഗയുടെ മറുകരയിൽ നിന്നിരുന്ന സാനന്ദാനയെ തന്റെ അരികിലേക്ക് വിളിച്ചു. ഉടനെത്തന്നെ അയാൾ വെള്ളത്തിനുമീതെക്കൂടി നടന്നുതുടങ്ങി. അപ്പോൾ സാനന്ദാനയുടെ ഓരോ കാലടിക്കടിയിലും ഓരോരോ താമരപ്പൂ വന്നു നിന്നുവത്രേ. അങ്ങനെ വളരെ സുരക്ഷിതനായി ശിഷ്യൻ ശങ്കരന്റെ അടുത്തെത്തി. ഈയൊരു സംഭവത്തോടുകൂടി പത്മപാദ എന്നപേരിൽ സാനന്ദാന അറിയപ്പെടാൻ തുടങ്ങിയെന്ന് പറയപ്പെടുന്നു. ഇതാണ് അദ്ദേഹത്തിന്റെ അത്ഭുതപ്രവൃത്തികളിൽ അഞ്ചാമത്തേത്.

കാശിയിൽ താമസിക്കുമ്പോൾ തന്നെ ഒരിക്കൽ ഗംഗാസ്നാനത്തിനുശേഷം ശങ്കരൻ തിരിച്ച് പോകുകയായിരുന്നു. ആ സമയത്ത് നാല് വേദങ്ങളെ നാല് നായ്ക്കളുടെ രൂപത്തിലാക്കി ശിവൻ സ്വയം ഒരു ചണ്ഡാളന്റെ വേഷത്തിൽ വന്ന് ശങ്കരന്റെ വഴി തടഞ്ഞു നിന്നു. നായ്ക്കളുമായി വന്ന ചണ്ഡാളനോട് ശങ്കരൻ വഴിയിൽ നിന്ന് മാറി നിൽക്കാൻ പറഞ്ഞു. തന്റെ ശരീരമാണോ അതോ ബോധമാണോ വഴിയിൽ നിന്ന് മാറേണ്ടതെന്ന് ആ ചണ്ഡാളൻ ചോദിച്ചത്രേ. ഇത് കേട്ടപ്പോഴാണ് ശങ്കരന്റെ അജ്ഞത നീങ്ങിപ്പോയത്. അതിനുശേഷമാണ് അദ്വൈത ബ്രഹ്മതത്വത്തെപ്പറ്റി ശരിയായ രീതിയിൽ മനസ്സിലാക്കിയതും മനീഷ പഞ്ചകത്തിലെ അഞ്ച് ശ്ളോകങ്ങൾ ചൊല്ലിയതും. അതിനുശേഷം മായാപഞ്ചകം കൂടി ഉരുവിട്ടു.

സത്യത്തിൽ അദ്വൈത ബ്രഹ്മതത്വത്തെപ്പറ്റി ശരിയായ അറിവ് കിട്ടിയതിൽ അതിമാനുഷികമായി ഒന്നുമില്ലെങ്കിലും ശങ്കരന്റെ ശിഷ്യന്മാർ ഇതിനെ ഒരു മഹാത്ഭുതമായാണ് കണക്കാക്കുന്നത്. യഥാർത്ഥത്തിൽ ഇതിന് മുൻപ് ശങ്കരൻ അദ്വൈതം പഠിപ്പിച്ചിരുന്നത് അതിനെ ശരിയായ രീതിയിൽ മനസ്സിലാക്കാതെ ആയിരുന്നു എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കേണ്ടത്. നമ്മെ അത്ഭുതപ്പെടുത്തുന്നത് ഇക്കാര്യമാണ്. അതുപോലെത്തന്നെ ശിവൻ ചണ്ഡാള നായെന്നും നാല് വേദങ്ങൾ നാല് നായ്ക്കളായെന്നു പറയുന്നതുമൊക്കെ അങ്ങേയറ്റം തമാശ തന്നെ. ഇതെല്ലാം അത്ഭുത പ്രവൃത്തികളുടെ കൂട്ടത്തിൽ വരുന്നുണ്ടു താനും.

കാശിയിൽ താമസിച്ചു കൊണ്ടിരുന്നപ്പോഴാണ് ശങ്കരൻ പ്രസ്ഥാനത്രയത്തിന് (വേദങ്ങൾ, ഉപനിഷത്തുക്കൾ, ഭഗവദ്ഗീത) ഭാഷ്യങ്ങൾ എഴുതിയത്. അതിനു ശേഷം കാശി വിട്ട് അദ്ദേഹം ഹിമാലയ സാനുക്കളിലൂടെ സഞ്ചരിച്ച് ഹരിദ്വാർ, ഋഷികേശ്, ബദരി, കേദാരം മുതലായ സ്ഥലങ്ങളിൽ ക്ഷേത്രങ്ങൾ സ്ഥാപിക്കുകയും അവയിൽ ബിംബപ്രതിഷ്ഠ നടത്തുകയും ചെയ്തു.

പിന്നീട് അദ്ദേഹം വേദങ്ങളിൽ അവഗാഹ ജ്ഞാനമുള്ള കുമാരില ഭട്ടനെ തർക്കത്തിൽ തോൽപ്പിക്കാൻ പുറപ്പെട്ടു. തനിക്ക് വയസ്സായെന്നും തനിക്കു പകരം മന്ദാന മിശ്രയെ തോൽപ്പിക്കുകയാണെങ്കിൽ താൻ തോറ്റതായി കണക്കാക്കാമെന്നും ഭട്ടൻ പറഞ്ഞത്രേ.

ശങ്കരൻ മന്ദാന മിശ്രയുടെ വീട്ടിലെത്തിയപ്പോൾ വീടിന്റെ കവാടത്തിലിരുന്ന എട്ട് തത്തകൾ അദ്ദേഹവുമായി തത്വശാസ്ത്ര ചർച്ച ആരംഭിച്ചു. ശങ്കരൻ അത്ഭുതസ്തബ്ധനായി. പ്രവേശന കവാടത്തിന്റെ വാതിലുകൾ അടച്ച് വീട്ടിനുള്ളിലിരുന്ന് മന്ദാന മിശ്ര മരണാനന്തര ക്രിയകൾ ചെയ്തു കൊണ്ടിരിക്കുകയായിരുന്നത്രേ. ഗേയ്റ്റ് അടച്ചിട്ടിരുന്നതുകൊണ്ട് അത് ചാടിക്കടന്നാൽ മാത്രമേ അകത്ത് കടക്കാൻ പറ്റൂ എന്ന സ്ഥിതിയായിരുന്നു. അപ്പോഴാണ് ഒരു കള്ളുചെത്തുകാരൻ തെങ്ങിനെ വളച്ച് താഴേയ്ക്ക് താഴ്ത്തി കള്ളെടുക്കുന്ന സൂത്രവിദ്യ ചെയ്യുന്നത് കണ്ടത്. ചെത്തുകാരന് സ്വർണ്ണമുണ്ടാക്കുന്ന വിദ്യ പറഞ്ഞു കൊടുത്ത് അയാളിൽ നിന്ന് തെങ്ങു വളക്കുന്ന സൂത്രം ശങ്കരൻ പഠിച്ചു. അതുപയോഗിച്ച് മന്ദാനയുടെ കവാടത്തിനു വെളിയിലുള്ള തെങ്ങിനെ വളച്ച് അദ്ദേഹം അകത്തു കടന്നു.

മന്ദാനയുടെ ഭാര്യ ഉദയഭാരതിയെ മദ്ധ്യസ്ഥയാക്കി വച്ച് രണ്ടു പേരും സംവാദം തുടങ്ങി. ചർച്ച തുടർന്നു കൊണ്ടിരിക്കുമ്പോൾ മന്ഥാനയുടെ കഴുത്തിലെ മാല വാടാൻ തുടങ്ങിയത്രേ. സംവാദത്തിന്റെ നിബന്ധനയനുസരിച്ച് ഇങ്ങനെ സംഭവിച്ചാൽ തല മുണ്

ഡനം ചെയ്ത് സന്യാസിയാകണം. ഉദയഭാരതി ഇതിനെ എതിർത്തു. ലൈംഗിക വിഷയത്തിൽ തന്നെ തർക്കിച്ച് തോൽപ്പിച്ചാൽ മാത്രമേ ഇതംഗീകരിക്കൂ എന്നവൾ ശഠിച്ചു. അത് സഫലീകരിക്കാൻ വേണ്ടി ശങ്കരൻ ഒരു മാസത്തെ കാലാവധി ചോദിച്ചു. ആ സമയം കൊണ്ട് ഒരു രാജാവിന്റെ ശരീരത്തിൽ പ്രവേശിച്ച് ശങ്കരൻ അദ്ദേഹത്തിന്റെ നൂറു ഭാര്യമാരുമായി ലൈംഗിക ബന്ധം പുലർത്തി. തിരിച്ചു വന്ന് ലൈംഗിക തൃപ്തിയെന്ന വിഷയത്തിൽ തർക്കിച്ച് ഉദയഭാരതിയെ തോൽപ്പിച്ചു.

ഇക്കഥയിൽ അസ്വഭാവികമായ പലതുമുണ്ട്.

1. തത്തകൾ തമ്മിലുള്ള തത്വശാസ്ത്ര സംവാദം.
2. തെങ്ങുവളക്കുന്ന സൂത്രവിദ്യ
3. സ്വർണ്ണമുണ്ടാക്കുന്ന വിദ്യ
4. ചർച്ചയിൽ തോറ്റുതുടങ്ങുമ്പോൾ പൂമാല വാടുന്നത്
5. ഒരു വ്യക്തി മറ്റൊരു വ്യക്തിയുടെ ശരീരത്തിൽ പ്രവേശിക്കുന്നത് എന്നിവ.

ഈ അത്ഭുത വിവരണങ്ങളെല്ലാം തന്നെ അസംബന്ധങ്ങൾ തന്നെയാണ്.

കഥ പിന്നെയും തുടരുകയാണ്. തോൽപ്പിക്കപ്പെട്ട ഉദയഭാരതി ബ്രഹ്മലോകത്തേക്ക് പോകാൻ തുടങ്ങിയപ്പോൾ ശങ്കരൻ അവളെ തടഞ്ഞു നിർത്തി വനദുർഗ്ഗയാക്കി മാറ്റി. എന്നാൽ ശങ്കരനോടൊപ്പം ഭൂമിയിൽ തുടരാൻ അവൾ ഒരു വ്യവസ്ഥ വച്ചു. അദ്ദേഹം പോകുന്നിടത്തെല്ലാം അവൾ പിൻതുടരും. പക്ഷെ ശങ്കരൻ പിൻതിരിഞ്ഞ് നോക്കാൻ പാടില്ല. അങ്ങനെ അദ്ദേഹം മുന്നിലും ഉദയഭാരതി പിന്നിലുമായി യാത്ര തുടർന്നു. പക്ഷെ ശൃംഗേരി എന്ന സ്ഥലത്തെത്തിയപ്പോൾ പിന്നിൽ കാൽത്തളകളുടെ ശബ്ദം നിലച്ചത്രേ. വ്യവസ്ഥ മറന്നുപോയ ശങ്കരൻ ആകാംക്ഷയോടെ പിറകിലേക്കു നോക്കി. പിന്നിലുണ്ടായിരുന്ന ഉദയഭാരതി തൽക്ഷണം കല്ലായി മാറിയെന്നാണ് കഥ. ശങ്കരൻ ചെയ്തെന്നു പറയുന്ന അത്ഭുതങ്ങളുടെ ലിസ്റ്റിൽ ഇതും പെടും.

ശങ്കരനുമായി ബന്ധപ്പെട്ട ഇനിയുമൊരത്ഭുതത്തെപ്പറ്റി പറയാം. അദ്ദേഹം പരകായപ്രവേശം നടത്തിയ (അമരുകൻ എന്ന)രാജാവിന്റെ സേവകർ മറ്റ് പലരുടേയും മൃതശരീരങ്ങൾ സംസ്ക്കരിക്കാൻ തുടങ്ങിയപ്പോൾ മൃതപ്രായനായി കിടന്നിരുന്ന ശങ്കരന്റെ ശരീരവും കത്താൻ തുടങ്ങി. ഉടനെത്തന്നെ അദ്ദേഹം രാജാവിന്റെ ശരീരം വിട്ട് സ്വന്തം ശരീരത്തിൽ പ്രവേശിച്ചു. അപ്പോഴേക്കും അദ്ദേഹത്തിന്റെ കാൽ കുറച്ച് കത്തിപ്പോയിരുന്നു. ശങ്കരൻ പെട്ടെ

ന്ന് ലക്ഷ്മിനരസിംഹസ്തോത്രം ഉരുവിട്ടപ്പോൾ കാൽ പൂർവ്വസ്ഥിതിയിലായത്രേ. ഇതും അദ്ദേഹത്തിന്റെ അത്ഭുതപ്രവൃത്തികളിൽ പെട്ടതാണ്.

ഒരിക്കൽ ഒരു നിരീശ്വരവാദി ദ്രവരൂപത്തിലുള്ള ഈയം കൊണ്ടുവന്ന് ശങ്കരനോട് കുടിക്കാൻ പറഞ്ഞു. തന്റെതന്നെ ഉറച്ച വിശ്വാസത്തിൽ എല്ലാം ബ്രഹ്മമയമായതുകൊണ്ട് അത് കുടിച്ചാലും ശങ്കരന് ഒരു പ്രശ്നവുമുണ്ടാകില്ല എന്നതായിരുന്നു നിരീശ്വരവാദിയുടെ വാദം. എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് ശങ്കരൻ അത് കുടിച്ചു എന്നാണ് ഐതിഹ്യം. ഇതും അദ്ദേഹത്തിന്റെ അത്ഭുതപ്രവൃത്തികളിൽ ഒന്നായി കണക്കാക്കപ്പെടുന്നു.

ഭാർഗ്ഗവദേവന് ബലിയർപ്പിക്കാനായി ഒരിക്കൽ ഒരു കാപാലികൻ ശങ്കരന്റെ തല ആവശ്യപ്പെട്ടു. താൻ തനിച്ചിരിക്കമ്പോൾ വന്നാൽ തന്റെ തല തന്നേക്കാമെന്ന് അദ്ദേഹം അയാളോട് പറഞ്ഞു. കാപാലികൻ അതുപോലെ ചെയ്തു. തന്റെ ദിവ്യ ദൃഷ്ടി കൊണ്ട് ഇതെല്ലാം കണ്ട പത്മപാദ നരസിംഹന്റെ രൂപത്തിൽ അവിടെ എത്തുകയും കാപാലികനെ വധിക്കുകയും ചെയ്തത്രേ.

ഒരിക്കൽ ഒരു ശക്തൻ ശങ്കരനിൽ നാഡീവ്രണമുണ്ടാക്കി. പത്മപാദ അവനെ കൊന്ന് ഗുരുവിന്റെ അസുഖം ഭേദമാക്കി.

ശങ്കരന്റെ അമ്മ മരണ സമയത്ത് അദ്ദേഹത്തെ കാണാൻ ആഗ്രഹിച്ചു എന്നതാണ് മറ്റൊരു കഥ. വളരെയധികം ദൂരത്തുനിന്ന് അത് മനസ്സിലാക്കിയ ശങ്കരൻ പെട്ടെന്ന് അമ്മയ്ക്ക് മുമ്പിൽ പ്രത്യക്ഷപ്പെട്ട് ശിവഭുജംഗസ്തോത്രം ചൊല്ലി. ശിവന്റെ അനുചരന്മാർ വന്ന് അമ്മയെ കൈലാസത്തേക്ക് കൊണ്ടുപോയി. അമ്മക്ക് അത് ഇഷ്ടമായില്ല. അപ്പോൾ ശങ്കരൻ വിഷ്ണുസ്തോത്രം ചൊല്ലി. അപ്പോൾ വിഷ്ണുവിന്റെ അനുചരന്മാർ വന്ന് അമ്മയെ വൈകുണ്ഠത്തിലേക്ക് കൊണ്ടുപോയി. ഈ ഐതിഹ്യം അനുസരിച്ച് ശങ്കരൻ ശിവഭക്തനും അമ്മ വിഷ്ണുഭക്തയുമായിരുന്നു എന്ന് നമുക്ക് അനുമാനിക്കേണ്ടിയിരിക്കുന്നു.

ഒരു സന്യാസിക്ക് മരണാനന്തരക്രിയകൾ നടത്താൻ പാടില്ല എന്നതാണ് നിയമം. അതുകൊണ്ട് ശങ്കരന്റെ അമ്മയെ സംസ്ക്കരിക്കാനുള്ള സ്ഥലം അന്ന് ബ്രാഹ്മണർ കൊടുത്തില്ല. ദഹിപ്പിക്കാനുള്ള തീപോലും നിഷേധിച്ചു എന്നാണ് പറയപ്പെടുന്നത്. അപ്പോൾ സ്വന്തം തോൾ ശക്തിയായി ഉലച്ച് തീയുണ്ടാക്കി അമ്മയെ വീടിന്റെ പിൻവശത്ത് ശങ്കരൻ ദഹിപ്പിച്ചത്രേ. സ്വന്തം വർണ്ണത്തിന്റെ ഈ പ്രവൃത്തിയിൽ ദുഃഖിതനായ ശങ്കരൻ ആ കുലത്തെയാകെ ശപിച്ചു എന്നാണ് ശ്രുതി. നമ്പൂതിരിമാർ ശവസംസ്കാരം വീടിന് പി

ന്നിൽ മാത്രമേ ചെയ്യാവൂ എന്നും സന്യാസി സ്വന്തം വീടുമായി ഒരു ബന്ധവും വച്ചു പുലർത്തരുതെന്നുമാണ് ആ ശാപം. ആ പാരമ്പര്യമാണ് ഇന്നും നമ്പൂതിരിമാർ ആചരിക്കുന്നതത്രേ.

ഒരിക്കൽ മൂകനും ബധിരനുമായ ഒരു കുട്ടിയെ അവന്റെ അച്ഛൻ ശങ്കരന്റെ അടുത്ത് കൊണ്ടുവന്നു. നീയാരാണ് എന്ന് ശങ്കരൻ ചോദിച്ചപ്പോൾ കുട്ടി പെട്ടെന്ന് ഞാൻ ചിദാനന്ദജ്യോതി ആണെന്ന് പറയുകയും കുറേ ശ്ളോകങ്ങൾ ഉരുവിടുകയും ചെയ്തത്രേ. പിന്നീട് ശങ്കരന്റെ ശിഷ്യനായിത്തീർന്ന് ഹസ്തമലകൻ എന്നപേരിൽ പ്രസിദ്ധനായിത്തീർന്നത് ഈ കുട്ടിയാണെന്ന് പറയപ്പെടുന്നു.

ശങ്കരന്റെ ശിഷ്യഗണത്തിൽ ഗിരി എന്ന പേരിൽ ഒരു മന്ദബുദ്ധിയുണ്ടായിരുന്നു. ശങ്കരനിൽ നിന്ന് തോടകവൃത്തം പഠിച്ച ഗിരി ക്രമേണ ഒരു ബുദ്ധിജീവിയായിത്തീർന്നു. അയാളുടെ പേരാണ് തോടകാചാര്യൻ.

തന്റെ ശിഷ്യന്മാരോടും സുധൻവാ രാജാവിനോടും കൂടി ശങ്കരൻ ജൈത്രയാത്ര തുടങ്ങി. വാദപ്രതിവാദങ്ങളിൽ അദ്ദേഹം ശക്തരേയും, ഭൈരവന്മാരേയും കാപാലികൻമാരേയും തോൽപ്പിച്ചു. പിന്നീട് ഗോകർണ്ണത്തിലെ നീലകണ്ഠനുമേലും, ദ്വാരകയിലെ വൈഷ്ണവർക്കുമേലും ഉജ്ജൈയ്നിയിലെ ഭട്ട ഭാസ്ക്കരനുമേലും വിജയം നേടി.

ശങ്കരൻ നാലു മഠങ്ങൾ സ്ഥാപിച്ചു. ഹസ്തമലകൻ തലവനായി കിഴക്ക് പുരി ജഗന്നാഥത്തിലും, സുരേശ്വരൻ മുഖ്യനായി തെക്ക് ശൃംഗേരിയിലും, പത്മപാദന്റെ നിയന്ത്രണത്തിൽ പടിഞ്ഞാറ് ദ്വാരകയിലും, തോടാകാചാര്യൻ പ്രധാനിയായി വടക്ക് ബദരിയിലും. അതു കൂടാതെ സുധൻവാ രാജാവിനെ നാലു വർണ്ണങ്ങളുടേയും സനാതന ധർമ്മത്തിന്റേയും രക്ഷനായും അവരോധിച്ചു. യഥാർത്ഥത്തിൽ ബുദ്ധിശാലികളായ ചിന്തകരിൽ നിന്നുള്ള ആക്രമണത്തിൽ നിന്ന് ഹിന്ദുമതത്തെ രക്ഷിക്കാനുള്ള പദ്ധതിയായി വേണം ഈ ചെയ്തികളെ കാണാൻ.

അവസാനം സർവ്വജ്ഞപീഠത്തിൽ കയറാനായി ശങ്കരൻ കാശ്മീരിലേക്കു പോയി. അതിനുശേഷം അദ്ദേഹത്തിന് എന്തു സംഭവിച്ചു? ധാരാളം കഥകൾ പറഞ്ഞു കേൾക്കുന്നുണ്ട്. പക്ഷെ അവയ്ക്കൊന്നിനും ഒരു തെളിവുമില്ല.

ആദി ശങ്കരനെപ്പറ്റിയുള്ള സാമാന്യരൂപത്തിലുള്ള കഥയും അദ്ദേഹത്തിന്റെ നേട്ടങ്ങളെപ്പറ്റിയുള്ള വിവരണങ്ങളും മേൽപറയുന്ന വിധത്തിലാണ്. എന്നാൽ ഇവയെല്ലാം അവിശ്വസനീയവും വ്യാജവുമാണെന്ന് പറയേണ്ടിയിരിക്കുന്നു.

**എന്നാൽ പിന്നെയെന്താണ് ശങ്കരൻ?**

മേൽപ്പറഞ്ഞ കഥകളിൽ നിന്ന് കപടമായവയും അസത്യമായവയും എടുത്തു മാറ്റിയാൽ പിന്നെ ശങ്കരന്റെ ചരിത്രമെന്നു പറയാൻ കാര്യമായി ഒന്നുമുണ്ടാകില്ല. ഇനി എന്തെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ തന്നെ അത് സത്യമാകാനും വഴിയില്ല.

നമ്മൾ കേട്ട കഥകളിൽ ഒരെണ്ണം പോലും അദ്ദേഹത്തെ ദയാശീലനോ, സദാചാരിയായ മനുഷ്യനോ ആയി കാണിക്കുന്നില്ല. അതുപോലെതന്നെ ഒരു കഥയും ശങ്കരനെ ഒരഹിംസാവാദിയായും ചിത്രീകരിക്കുന്നില്ല. അതുകൊണ്ടാണ് ശങ്കരകഥകളിൽ മുഴുവനും അസാദ്ധ്യമായ കാര്യങ്ങളും അത്ഭുതങ്ങളും നിറഞ്ഞു നിൽക്കുന്നത്. മന്ദാനമിശ്രയുടെ വീടിന്റെ ഗെയ്റ്റ് ചാടിക്കടക്കുന്ന നിസ്സാരമായ കാര്യം പോലും ശങ്കരന്റെ അത്ഭുത കൃത്യങ്ങളിൽ ഒന്നായി ഒടുവിൽ എഴുതപ്പെട്ടു. അദ്ദേഹം വാഗ്വാദങ്ങൾ നടത്തിയതെല്ലാം വേദവിശാരദന്മാരുമായിട്ടാണ് എന്നാണ് പറയുന്നതെങ്കിലും അത്തരത്തിലുള്ള ഒരാളുടെ പേരും പരാമർശിക്കപ്പെടുന്നില്ല. തത്വചിന്തകൻ എന്നു പറയാവുന്ന ഒരാളുമായും അദ്ദേഹം തർക്കങ്ങൾ നടത്തിയിട്ടില്ല; അതുപോലെത്തന്നെ, പേരു പറഞ്ഞിട്ടുള്ള ചില വ്യക്തികൾ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ജീവിച്ചവരുമല്ല.

ശങ്കരന്റെ ഒരു ചെയ്തിയും അദ്ദേഹമൊരു അദ്വൈതവാദിയാണെന്ന് തെളിയിക്കുന്നില്ല. അദ്ദേഹം അനേകം ക്ഷേത്രങ്ങൾ സന്ദർശിച്ചു. പലതരത്തിലുള്ള മൂർത്തികളെ (ബിംബങ്ങളെ) ആരാധിച്ചു. അദ്ദേഹം പഴയ ദേവാലയങ്ങളെ പുനരുദ്ധരിക്കുകയും പുതിയവ സ്ഥാപിക്കുകയും ചെയ്തു. താൻ സ്ഥാപിച്ച നാല് മഠങ്ങളിലും ശിവലിംഗങ്ങൾ പ്രതിഷ്ഠിച്ചതും ശങ്കരനാണ്. സ്തോത്രങ്ങൾ ചൊല്ലിയാണ് പലവിധത്തിലുമുള്ള മൂർത്തികളെ ആരാധിച്ചത്. ശങ്കരന്റേതായി നൂറുകണക്കിന് സ്തോത്രങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇവയൊന്നുമല്ലാതെ വേറെയെന്താണ് അദ്ദേഹം ചെയ്തിട്ടുള്ളത്? ബ്രഹ്മസൂത്രത്തിനും ഭഗവദ്ഗീതക്കും പത്ത് ഉപനിഷത്തുക്കൾക്കും വ്യാഖ്യാനമെഴുതി എന്ന് പൊങ്ങച്ചം പറഞ്ഞിട്ട് കാര്യമില്ല. എന്തുകൊണ്ടെന്നാൽ പുരോഗമനാത്മകമായ കാര്യങ്ങളെ ശങ്കരൻ നഖശിഖാന്തം എതിർത്തു എന്ന സത്യം ആ പുസ്തകങ്ങൾ വായിക്കുമ്പോൾ നമുക്ക് മനസ്സിലാകും. ആദർശവാദം പ്രസംഗിച്ചെങ്കിലും വർണ്ണ (ജാതി) വ്യവസ്ഥക്ക് പുതുജീവൻ കൊടുക്കാനാണ് അദ്ദേഹം പ്രയത്നിച്ചത്. ആ ഒരൊറ്റ ചെയ്തികൊണ്ടുതന്നെ ഭാരതീയ സമൂഹത്തിനോട് ഒട്ടാകെ കടുത്ത അനീതിയാണ് അദ്ദേഹം കാട്ടിയത് എന്ന് പറയേണ്ടിയിരിക്കുന്നു.

**വ്യക്തിത്വത്തിനെതിരെയുള്ള വിമർശനം**

ശങ്കരൻ വലിയൊരു ബുദ്ധിരാക്ഷസനാണെന്ന് വലിയ തോതിൽ പ്രചരിപ്പിക്കപ്പെട്ടു. പക്ഷെ അദ്ദേഹത്തിന്റെ ഒരു രചനയിലും ഇത് വെളിവാകുന്നില്ല. യഥാർത്ഥത്തിൽ ശങ്കരകൃതികൾ വായിക്കാത്തവരാണ് ഇത്തരം പ്രചാരണം അഴിച്ചു വിടുന്നത്. ഹിന്ദുമതത്തെ സംരക്ഷിച്ചവരെല്ലാം വലിയ വീരേതിഹാസ പുരുഷന്മാരാണെന്ന് എഴുതാനാണ് മിക്ക ചരിത്രകാരന്മാർക്കും താൽപ്പര്യം. അതുകൊണ്ടുതന്നെ പ്രതിവിപ്ളവകാരികളുടെ നായകസ്ഥാനം കിട്ടിയ ശങ്കരന് അനർഹമായ പ്രസിദ്ധി കിട്ടിയതിൽ നാം അത്ഭുതപ്പെടേണ്ടതില്ല. പ്രതിവിപ്ളവത്തിന്റെ ചരിത്രത്തിലേക്കുള്ള മറ്റൊരു തെളിവു കൂടിയാണിത്.

ശങ്കരചരിത്രം എന്നു പറഞ്ഞ് മുൻപ് നമ്മൾ വായിച്ചതെല്ലാം അദ്വൈതികളായ അദ്ദേഹത്തിന്റെ പിൻഗാമികൾ എഴുതിയതാണ്. ഗുരുവിന്റെ മാഹാത്മ്യം പൊക്കിപ്പിടിക്കലായിരുന്നു അവരുടെ ലക്ഷ്യം. അവയുടെയൊക്കെ യുക്തിപരതയെ ചോദ്യം ചെയ്താൽ ശങ്കരനെ വ്യക്തിപരമായി വിമർശിക്കുകയാണെന്ന് പലരും കരുതും. എന്നാൽ എങ്ങനെയാണ് ഇത്തരം അത്ഭുതപ്രവൃത്തികൾ അദ്ദേഹത്തിന്റെ വ്യക്തി ജീവിതവുമായി കൂട്ടിക്കുഴഞ്ഞതെന്ന കാര്യം അവർക്കറിയില്ല താനും. അർത്ഥരഹിതമായ അത്ഭുതകൃത്യങ്ങളെക്കുറിച്ച് ചോദിക്കുന്നത് എങ്ങനെയാണ് വ്യക്തിഹത്യയാകുന്നത്?

ഉദാഹരണത്തിന്, ഏതുവിധത്തിലാണ് ഒരാൾ മറ്റൊരാളുടെ ശരീരത്തിൽ പ്രവേശിക്കുന്നത്? ഈ ചോദ്യത്തിൽ വ്യക്തിപരമായി എന്താണുള്ളത്? ശങ്കരന്റെ കാര്യത്തിലായതുകൊണ്ടാണോ വ്യക്തിപരമായത്? അതോ ഈ പരകായപ്രവേശം വളരെ ലളിതമായി നടത്താം എന്ന് ബ്രഹ്മസൂത്രഭാഷ്യത്തിൽ അദ്ദേഹം എഴുതി വച്ചതു കൊണ്ടാണോ ചോദ്യം ചെയ്യാൻ പറ്റാതായത്? അനുയായികൾ അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ ഇതെല്ലാം എഴുതി വച്ചു എന്നതു കൊണ്ട് അത് വ്യക്തിപരമല്ല എന്നു വരുന്നുണ്ടോ? രാജാവായി രൂപം മാറി വന്ന് അദ്ദേഹത്തിന്റെ നൂറ് ഭാര്യമാരെ ബലാൽ സംഗം ചെയ്ത് കാമസംതൃപ്തി നേടി എന്നു പറയുന്നത് വ്യക്തിപരമാണോ? മേൽപറഞ്ഞ കൃത്യം മഹത്തരമായ കാര്യമായിരുന്നു എന്നു പറഞ്ഞാൽ അത് വ്യക്തിപരമല്ലാതാകുമോ? സമൂഹത്തിലെ സാധാരണ ജനങ്ങൾ ശങ്കരനെ അനുകരിച്ചാൽ എന്തു സംഭവിക്കും? മോശമായ കാര്യങ്ങളെ ചോദ്യം ചെയ്യുന്നത് വ്യക്തിപരമായ അധിക്ഷേപമാണെങ്കിൽ എന്താണ് വ്യക്തിപരമല്ലാത്തത്?

ഹീനമായ കാര്യങ്ങളെ ന്യായീകരിക്കാൻ മോശമായ രീതികൾ ഉപയോഗിക്കുന്നത് ശരിയായ നിലപാടല്ല. പുരാണങ്ങളിലുള്ള അതിശക്തമായ വിശ്വാസമെന്ന രോഗത്തിൽ നിന്ന് നമ്മെ നാം സ്വയം മാറ്റിനിർത്തിയാൽ മാത്രമേ വികസനോന്മുഖവും ആരോഗ്യപ്രദവുമായ ഒരു സമൂഹത്തെ നമുക്ക് വാർത്തെടുക്കാൻ കഴിയൂ.

# 2

## ബ്രഹ്മത്തിന്റെ കഷായം

ശങ്കരൻ വേദങ്ങൾ പഠിച്ചിട്ടുണ്ടാകാം. പക്ഷെ അതിന് തെളിവായുള്ളത് പത്ത് ഉപനിഷത്തുക്കൾക്ക് അദ്ദേഹം രചിച്ച ഭാഷ്യങ്ങൾ മാത്രമേയുള്ളൂ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഉപനിഷത്തുക്കൾ തന്നെയാണ് വേദങ്ങൾ. വേദങ്ങളിൽ എന്തെങ്കിലും താൽപ്പര്യമുണ്ടായിരുന്നെങ്കിൽ പൂർവ്വമീമാംസയെ അദ്ദേഹം നിരസിക്കില്ലായിരുന്നു. വേദങ്ങളെ അടിസ്ഥാന തത്വങ്ങളായാണ് ജൈമിനി വ്യാഖ്യാനിച്ചിരിക്കുന്നത് (മീമാംസ ദർശനത്തിന്റെ ഉപജ്ഞാതാവാണ് ജൈമിനി). അതാണ് പൂർവ്വമീമാംസ എന്ന പേരിൽ അറിയപ്പെടുന്നതും. അതുതന്നെയാണ് വൈദികം. ഉത്തരമീമാംസ എന്നപേരിൽ പ്രചരിപ്പിക്കപ്പെട്ടു പോരുന്നത് യഥാർത്ഥത്തിൽ ബാദരായണന്റെ രചനയാണ്. അതാണ് വേദാന്തം.

എന്താണോ കേട്ടത് അതാണ് ശ്രുതി. പക്ഷെ അതൊക്കെ തെളിയിക്കപ്പെട്ടതാണ് എന്ന് ഇപ്പറഞ്ഞതിന് അർത്ഥമില്ല. തെളിവുകൾ ആവശ്യമില്ല എന്ന് അക്കാലത്ത് നിശ്ചയിക്കപ്പെട്ടതുകൊണ്ടാണ് സ്വയം പ്രമാണങ്ങളായി അവയെ അംഗീകരിച്ചത്. ആശയങ്ങളുടേയും പ്രത്യയശാസ്ത്രങ്ങളുടേയും മേലുള്ള സ്വേച്ഛാധിപത്യ പ്രവണതയായാണ് നാമതിനെ കാണേണ്ടത്. സത്യത്തിൽ വേദങ്ങളെ ഉപയോഗിച്ച് സ്വതന്ത്രചിന്തയെ അടിച്ചമർത്തുകയാണ് ശങ്കരൻ ചെയ്തത്. ബ്രഹ്മം എന്ന ആശയത്തിന് വേദങ്ങളിൽ യാതൊരു പ്രാധാന്യവുമില്ല. എന്നാൽ ഉപനിഷത്തുക്കളുടെ ശ്വാസം തന്നെ ബ്രഹ്മമയമാണ്. ബ്രഹ്മത്തെ എപ്പോഴും പ്രതിപാദിക്കുന്ന ഉപനിഷത്തുക്കൾ അതിനെ ശാശ്വതീകരിക്കാനാണ് എപ്പോഴും ശ്രമിച്ചിട്ടുള്ളത്. ബ്രഹ്മത്തെ മാത്രം പരമസത്യമായി പ്രഖ്യാപിക്കുന്ന ഈ കൃതികൾ അതിനെ അറിയുന്നത് മാത്രമാണ് നിത്യസത്യത്തെ അറിയൽ എന്ന് പ്രമാണീകരിച്ചു.

ബ്രഹ്മത്തിന്റെ വലിയ വക്താവാണ് ശങ്കരൻ എന്ന് വളരെയധി

കം പ്രചരിപ്പിക്കപ്പെട്ടു. യഥാർത്ഥത്തിൽ ആ സിദ്ധാന്തം അദ്ദേഹത്തിനും മറ്റ് ശങ്കരവാദികൾക്കും ഒരു മറ മാത്രമായിരുന്നു. ഹിന്ദുയിസത്തെ പരിപോഷിപ്പിക്കാനുള്ള ഒരു തന്ത്രം മാത്രം. എന്നാൽ അതിന്റെ ശരിയായ ഉദ്ദേശ്യം ജാതി വ്യവസ്ഥയെ സഹായിക്കലായിരുന്നു. അതുകൊണ്ട് സമത്വവാദികളെ അവർ വെറുക്കുകയും അധിക്ഷേപിക്കുകയും ചെയ്തു.

യുക്തിവാദികളേയും ഭൗതികവാദികളേയും പുലഭ്യം പറഞ്ഞുകൊണ്ട് നവശങ്കരവാദികൾ താഴെപ്പറയുന്ന വിധത്തിൽ അവരെ എതിർക്കാറുണ്ട്.

1.ബ്രഹ്മമാണ് സത്യം എന്ന് കേൾക്കുമ്പോൾ തന്നെ നാലു തലയുള്ള ബ്രഹ്മാവാണ് അത് എന്നവർ പേടിക്കുന്നു.

2.ബ്രഹ്മത്തെ നപുംസക ലിംഗമായാണ് വേദാന്തം കണക്കാക്കുന്നത്.

3.അദ്വൈത ബ്രഹ്മവും ദ്രവ്യത്തിന്റെ മൂലകവും തമ്മിൽ ഒരു വ്യത്യാസവുമില്ല.

4.അതുകൊണ്ടാണ് അവർ അതിനെ ബ്രഹ്മദ്രവ്യം എന്നു വിളിക്കുന്നത്.

5.അറിവില്ലാത്ത ഭൗതികവാദികൾ ബ്രഹ്മത്തെ തെറ്റായ രീതിയിലാണ് നിർവചിക്കുന്നത്.

ബ്രഹ്മവാദികളുടെ തെറ്റായ ധാരണകളാണ് മുകളിൽ പറഞ്ഞതൊക്കെ. യഥാർത്ഥത്തിൽ അവർ അറിയുന്ന അത്രക്കും യുക്തിവാദികൾ അറിയേണ്ട ആവശ്യമില്ല. എന്നാൽ രസകരമായ കാര്യം എന്തെന്നാൽ യുക്തിവാദികൾക്കും ഭൗതികവാദികൾക്കും അതെന്താണെന്ന് വ്യക്തമായറിയാം. എന്നാൽ ഒന്നും അറിയാത്തത് രണ്ടായിരം കൊല്ലമായി വിടുവായത്തരം പറഞ്ഞു നടക്കുന്ന ബ്രഹ്മവാദികൾക്കു തന്നെയാണ്.

അതുകൊണ്ടുതന്നെ ഉപനിഷദ് രചയിതാക്കൾ അന്യോന്യം എപ്പോഴും അടിപിടി കൂടികൊണ്ടിരിക്കുകയായിരുന്നു. അവർ ബ്രഹ്മത്തിന്റെ ലിംഗാനവസ്ഥ തന്നെ മാറ്റി. പ്രാർത്ഥനകളും, മന്ത്രങ്ങളും, പ്രായശ്ചിത്തങ്ങളും നിരന്തരം നടത്തി. എന്നിട്ടുപോലും എന്താണിത് എന്നവർക്ക് മനസ്സിലായില്ല. അവസാനം അവർ ഒരു പരിഹാരം കണ്ടുപിടിച്ചു. ബ്രഹ്മം ലിംഗഹീനമാണെന്ന് പറയുക. ആണുമല്ല, പെണ്ണുമല്ല, നപുംസകവുമല്ല!

നൈവ സ്ത്രീ ന പുമാനേഷ
ന ചൈവയം നപുംസക
(ശ്വേതസ്വരോപനിഷത്: 5-10)

ബ്രഹ്മവാദികൾ എങ്ങനെയാണ് ബ്രഹ്മത്തെ തിരിച്ചറിയുന്നത് എന്ന് നമുക്കറിയില്ല. എന്തുകൊണ്ടെന്നാൽ അതിന്റെ ലിംഗം എന്താണെന്നു കൂടി അവർക്കറിയില്ലല്ലോ. ഉപനിഷത്തുക്കളെ അരച്ചു കലക്കി കുടിച്ചിട്ടും അതുണ്ടാക്കിയ മഹാന്മാർക്ക് ബ്രഹ്മമെന്താണെന്ന് മനസ്സിലായിട്ടില്ല എന്നതാണ് പരമസത്യം.

പിന്നീട് ഭാഷ്യക്കാർ ഓരോരോ സൂക്തങ്ങളെ അരിച്ചു പെറുക്കി നോക്കിയെങ്കിലും ബ്രഹ്മമെന്തെന്ന് അവർക്കും മനസ്സിലായില്ല. എന്തെങ്കിലുമൊക്കെ പറഞ്ഞ് അവർ വീണ്ടും തുടർന്നെങ്കിലും ആർക്കും ഒന്നും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല എന്നതാണ് പരമാർത്ഥം. ബ്രഹ്മം എന്ന ഒന്നുണ്ടെങ്കിലല്ലേ അതിനെ അറിയാൻ പറ്റൂ! രസകരമായ മറ്റൊരുകാര്യം ഇപ്പോഴും ബ്രഹ്മമഹാത്മ്യം വിളമ്പുന്ന ഈ വിദ്വാൻമാർ ഓരോരുത്തരും ഓരോരൊ രീതിയിലാണ് ബ്രഹ്മത്തെ കാണുന്നത് എന്നതാണ്. അവരുടെ ഭാവനയിൽ ചിലപ്പോൾ നാല് തലയുള്ള ബ്രഹ്മാവാണ് വരുന്നത്. പിന്നെ എല്ലാ ലിംഗങ്ങളുമുള്ള ഒരു സത്വം. അവസാനം ഒരു ലിംഗവുമില്ലാത്ത രൂപം. ലിംഗത്തെ ഒന്നുകിൽ പറിച്ചെടുക്കാം, അല്ലെങ്കിൽ വീണ്ടും ഒട്ടിച്ചു വയ്ക്കാം. ബ്രഹ്മവാദികൾക്ക് ലിംഗമുണ്ടെങ്കിലേ ഒരു വസ്തുവിനെ മനസ്സിലാക്കാൻ സാധിക്കൂ. അതുകൊണ്ടുതന്നെയാണ് ലിംഗമില്ലാത്ത ബ്രഹ്മത്തെ അവർക്ക് സങ്കൽപ്പിക്കാൻ പോലും പറ്റാത്തത്.

തൈത്തരിയോപനിഷത്തിൽ വിവരിച്ചിരിക്കുന്നതു പോലെ അച്ഛൻ വരുണൻ പറഞ്ഞതെല്ലാം മകൻ ഭൃഗു കേട്ടു. ബ്രഹ്മം ആഹാരമാണ് എന്ന് ആദ്യം പറഞ്ഞു. പിന്നെപ്പറഞ്ഞു അത് ജീവിതമാണെന്ന്. പിന്നീട് മനസ്സാണെന്നും, അറിവാണെന്നും ഒടുവിൽ ആനന്ദമാണെന്നും (ആനന്ദോ ബ്രഹ്മ:) പറഞ്ഞു വച്ചിരിക്കുന്നു (തൈത്തരീയോപനിഷത്, ഭൃഗുവല്ലി: 2-6). ദ്രവ്യമാണ് ബ്രഹ്മം എന്ന പ്രസ്താവന ആരിൽ നിന്നും അന്ന് വന്നിട്ടില്ല. അതുപോലെത്തന്നെ ഒരുപനിഷത്തും ബ്രഹ്മം ദ്രവ്യമാണെന്ന് ഒരിടത്തും പ്രസ്താവിച്ചിട്ടുമില്ല. ഇന്ന് ആരെങ്കിലും അങ്ങനെയൊരർത്ഥം കാണുകയാണെങ്കിൽ അവന് ഭ്രാന്തുണ്ടെന്ന് പറയേണ്ടി വരും. യഥാർത്ഥത്തിൽ ഒരിക്കലും തെളിയിക്കാൻ പറ്റാത്ത ഒരു സാങ്കൽപ്പിക സിദ്ധാന്തം മാത്രമാണ് ബ്രഹ്മം.

ബ്രഹ്മസൂത്രത്തിന്റെ ഭാഷ്യത്തിൽ 147 സ്ഥലങ്ങളിലാണ് ശങ്കരൻ തൈത്തരിയോപനിഷത്തിനെ പറ്റി പ്രതിപാദിക്കുന്നത്. അ

തിലിങ്ങനെ പറയുന്നു. എന്തിൽ നിന്നാണോ വസ്തുക്കൾ ഉണ്ടാകുന്നത്; എന്തിൽ കൂടിയാണോ അവ ജീവിക്കുന്നത്; അവസാനം എന്തിലേയ്ക്കാണോ അവ അപ്രത്യക്ഷമാകുന്നത് അതാണ് ബ്രഹ്മം (ഭൃഗുവല്ലി: 1). അദ്ദേഹത്തിന്റെ തന്നെ മറ്റൊരു വ്യാഖ്യാനം നോക്കൂ. പ്രപഞ്ചത്തിന് സ്ഥാവരവസ്തുക്കളിൽ നിന്ന് ഉൽഭവിക്കാൻ കഴിയില്ല. അതുപോലെത്തന്നെ അണുക്കളിൽ നിന്നോ, ശൂന്യതയിൽ നിന്നോ സ്വതന്ത്രമായി ഉണ്ടാകാനും കഴിയില്ല. അപ്പോൾ ദ്രവ്യമാണ് ബ്രഹ്മം എന്ന് ശങ്കരൻ പറഞ്ഞിട്ടുണ്ട് എന്ന് പറയുന്നത് ശുദ്ധ ഭോഷ്ക്കാണ്.

ആദിശങ്കരൻ ബ്രഹ്മമെന്നു പറഞ്ഞതിന് ഒരസ്തിത്വവുമില്ല എന്നതാണ് വാസ്തവം. അതെന്താണെന്ന് അദ്ദേഹത്തിന് പറയാനും കഴിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ നിലനിൽപ്പുള്ള പ്രപഞ്ചം മായയാണെന്ന് അദ്ദേഹം വാദിച്ചു. അത് എങ്ങനെയാണ് അയഥാർത്ഥമായതെന്ന് ശങ്കരന് പറയാനും പറ്റിയിട്ടില്ല. വിവേകചൂഢാമണിയിൽ ഒരു പ്രമാണവാക്യം പോലെ പലവുരു അദ്ദേഹം പാടി.

**ബ്രഹ്മം സത്യം; ജഗത് മിഥ്യ**

അടുത്തകാലത്ത് നവശങ്കരവാദികൾ പുതിയൊരാശയവുമായി മുന്നോട്ട് വന്നിട്ടുണ്ട്. ശരിയായ ബ്രഹ്മവും ദ്രവ്യപ്രപഞ്ചവും ഒന്നു തന്നെയാണത്രേ. ഇത്തരം അസംബന്ധങ്ങൾ വിളിച്ചു പറയുന്ന ഇവർക്ക് മസ്തിഷ്കം ഇല്ലെന്നു വേണം പറയാൻ.

മാനവചരിത്രം മുഴുവനും നമുക്ക് പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. ആദ്യംതൊട്ടുതന്നെ ഈ ബ്രഹ്മവാദികൾ സ്വതന്ത്രചിന്തയേയും മാനവീയതയേയും അടിച്ചമർത്തുകയായിരുന്നു. എന്നിരുന്നാലും യുക്തിവാദവും മാനവീയതയും പൗരാണിക ബൗദ്ധികതക്കൊപ്പമായിരുന്നു. അതുകൊണ്ടുതന്നെ അതെപ്പോഴും ബ്രഹ്മവാദികളുടെ ആശയപരമായ സ്വേച്ഛാധിപത്യത്തിൽ നിന്ന് രക്ഷപ്പെട്ടു പോന്നിരുന്നു.

യുക്തിവാദികളും മാനവവാദികളും ബ്രഹ്മത്തെയല്ല അന്വേഷിച്ചത്, സത്യത്തെയായിരുന്നു. സത്യം വസ്തുനിഷ്ഠമാണ്; ബ്രഹ്മം അങ്ങനെയല്ല. വേദസാഹിത്യത്തിൽ അതിനെ കാണാൻ കഴിയില്ല കാരണം സത്യം പദാർത്ഥാധിഷ്ഠിതമായതുകൊണ്ടാണ്. സത്യത്തെ ശ്രുതികളിലും കാണില്ല കാരണം അത് സാമാന്യ ബോധത്തെയാണ് ആശ്രയിക്കുന്നത്. ബ്രഹ്മമെന്ന സർവ്വശക്തനെ നിരസിക്കുന്ന ഒരു ബ്രഹ്മവാദിയേയും നമ്മൾ ഇന്ത്യയിൽ കാണില്ല. എന്നാൽ സാമാന്യ ബോധത്തിലൂടെ മനസ്സിലാക്കാവുന്ന ഒരു ബ്രഹ്മവുമില്ല.

പഴയ കാലഘട്ടങ്ങളിലെ തത്വശാസ്ത്രചരിത്രങ്ങളെ നാം പരിശോധിക്കുകയാണെങ്കിൽ അവ ഏതു ദിശയിലാണ് പോയ്ക്കൊണ്ടിരുന്നത് എന്ന് മനസ്സിലാകും. അതുപോലെത്തന്ന ഏതു ദിശയിലാണ് അഭിവൃദ്ധി പ്രാപിച്ചു കൊണ്ടിരുന്നതെന്നും. ഇതേ രീതിയിൽ ബ്രഹ്മത്തെ അന്വേഷിച്ച് പുറകോട്ട് പോകുകയാണെങ്കിൽ അതിന്റെ ലിംഗമേ നമുക്ക് അറിയാനൊക്കൂ; ബ്രഹ്മത്തെ ഒരിക്കലും കണ്ടെത്തില്ല.

**ബ്രഹ്മത്തിന്റെ ലിംഗം**

ബ്രഹ്മം പുരുഷലിംഗമായാലും, സ്ത്രീലിംഗമായാലും, ദ്വിലിംഗമായാലും നപുംസകമായാലും അഥവാ ഒന്നുമില്ലെങ്കിലും ആ വാക്കിനെപ്പറ്റി ചർച്ച ചെയ്തിട്ട് എന്തെങ്കിലും പ്രയോജനം ഉണ്ടെന്നു തോന്നുന്നില്ല. ഏതെങ്കിലും ലിംഗത്തിൽ പെട്ട ഒന്നായാലും എന്താണ് പ്രത്യേകത? ഋഗ്വേദത്തിൽ ബ്രഹ്മത്തിന് പുരുഷലിംഗമാണ്. ഉപനിഷത്തിലെത്തിയപ്പോഴേക്കും ആ ലിംഗം നഷ്ടമായി. പുരുഷലിംഗമുള്ള ബ്രഹ്മവും ഒരു ലിംഗവുമില്ലാത്ത ബ്രഹ്മവും തമ്മിൽ എന്താണ് വ്യത്യാസം? ലിംഗം നഷ്ടപ്പെടുമ്പോൾ, എന്താ, ബ്രഹ്മത്വം കൂടുമോ?

ബ്രഹ്മത്തിന്റെ ശരിയായ അർത്ഥം എന്താണെന്ന് ഉപനിഷത്തുക്കൾക്ക് പറയാൻ കഴിഞ്ഞിട്ടില്ല. എന്തിനേറെ, ആദി ശങ്കരനും പിന്നീട് വന്ന ശങ്കരവാദികൾക്കും അതെന്താണെന്ന് പറയാൻ പറ്റിയിട്ടില്ല. ഇവർക്കൊക്കെ അജ്ഞാതമായ ഈ വസ്തുവിന് പക്ഷെ വിവിധതരം രൂപങ്ങളുണ്ടെന്ന് പറയുന്നു. അത് ചിലപ്പോൾ ആഹാരമാണ്, പലപ്പോഴും കാരുണ്യമാണ്, ചിലപ്പോൾ സ്നേഹഗീതമാണ്. പിന്നെ വശീകരണശക്തിയായും, യജ്ഞപൂർത്തീകരണമായും, ഉപഹാരങ്ങളായും, വശ്യശക്തിയുടെ പാഠങ്ങളായുയൊക്കെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഒരു വാക്കിനോ ഒരക്ഷരത്തിനോ അനേകം അർത്ഥങ്ങൾ കൊടുക്കുന്നത് സംസ്കൃതമെന്ന ഭാഷയുടെ പ്രത്യേകതയാണ്. അതുകൊണ്ടുതന്നെയാണ് അതിനെ മൂകഭാഷയെന്ന് നാം വിളിക്കുന്നത്.

എല്ലാറ്റിന്റേയും മൂലാധാരം വേദമാണെന്ന് ശങ്കരൻ പറഞ്ഞു. പക്ഷെ ബ്രഹ്മമെന്ന പദം കൊണ്ട് വേദത്തെ കാണിക്കാനല്ല പകരം വേദാന്തത്തെ ഉയർത്തി കാട്ടാനാണ് ശങ്കരൻ ശ്രമിച്ചത്. രസകരമെന്നു പറയട്ടെ, ബ്രഹ്മം ഈ ലോകത്തിൽ ഉൾപ്പെട്ടതാണെന്ന് വേദാന്തം പറയുന്നില്ല. അഥവാ, ശങ്കരന്റെ വീക്ഷണത്തിൽ ബ്രഹ്മം ഈ ജഗത്തിൽ പെടുന്നതാണെങ്കിൽ ഈ ലോകം ദ്രവ്യമയമാണെന്ന് പറഞ്ഞ (കപിലന്റെ) സാംഖ്യദർശനത്തെ അദ്ദേഹം വിമർശിക്കേണ്ട ആവശ്യമില്ലായിരുന്നു. സാംഖ്യദർശനം പ്രാധാന്യം

കൊടുത്ത ദ്രവ്യമയമായ ജഗത്തിനെ സത്യത്തിൽ ശങ്കരൻ നിരാകരിക്കുകയാണ് ചെയ്തത്. ബ്രഹ്മത്തിന്റെ പേരിൽ അദ്വൈതത്തേയും ദ്വൈതത്തേയും സ്വപ്നം കണ്ടു നടന്നതുകൊണ്ട് ശങ്കരൻ ഭൗതികവാദിയൊന്നുമാകില്ല. ആ ചിന്ത അദ്വൈതവാദം പോലുമാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

ബ്രഹ്മത്തിന്റെ ലിംഗവ്യത്യാസങ്ങൾ പറഞ്ഞതുകൊണ്ടും, അതിനെ ബിംബീകരിച്ചതുകൊണ്ടും, വാക്കുകൾ കൊണ്ട് കസർത്തുക്കൾ കാണിച്ചതു കൊണ്ടൊന്നും ശങ്കരൻ ഭൗതികവാദിയോ, മിഥ്യാവാദിയോ ആകുന്നില്ല.

മായ എന്ന പദത്തെ ഋഗ്വേദം പലപ്രാവശ്യം ഉപയോഗിച്ചിട്ടുള്ളത് മതിഭ്രമം എന്നതിന് പകരമായിട്ടാണ്. ഉപനിഷത്തുക്കളിലും ഈ വാക്ക് പലയിടത്തും കാണാം. എന്നാൽ ഗൗഡപാദയാണ് മായാദർശനം അല്ലെങ്കിൽ മിഥ്യാധാരണ എന്ന അർത്ഥത്തിൽ അതിനെ അവതരിപ്പിച്ചത്. മാണ്ഡൂക്യോപനിഷത്തിനും അതിന്റെ കാരികക്കും (മാണ്ഡൂക്യത്തിന് ഗൗഡപാദ എഴുതിയ ഭാഷ്യമാണ് കാരിക) ഭാഷ്യമെഴുതിയപ്പോൾ ശങ്കരൻ ഈ അബദ്ധവിശ്വാസത്തിൽ പെട്ടുപോയി. മിത്ഥ്യാധാരണയെ അദ്ദേഹം ഒരു തത്വശാസ്ത്രമാക്കുകയും അതിൽ മായാവാദത്തിന് പ്രാമുഖ്യം നൽകുകയും ചെയ്തു. ദ്രവ്യത്തിന്റെ പരിണാമവുമായി ഇപ്പോൾ ഇതിനെ ആരെങ്കിലും താരതമ്യം ചെയ്യുകയാണെങ്കിൽ അയാളെ മുഴുഭ്രാന്തനെന്ന് വിളിക്കേണ്ടി വരും. ശങ്കരന്റെ മായാവാദത്തിന് പുതിയ ഒരർത്ഥവും നമ്മൾ കൊടുക്കേണ്ടതില്ല. ഇദ്ദേഹം എഴുതിയതെന്ന് പറയപ്പെടുന്ന മണിമാളിക എന്ന കൃതിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

ആരാണ് മായാവി? - പരമേശ്വരൻ
എന്തിനെയാണ് ഇന്ദ്രജാലവുമായി താരതമ്യം ചെയ്യാൻ പറ്റുന്നത്? - ഈ ലോകം
എന്തിനെയാണ് സ്വപ്നങ്ങളുമായി താരതമ്യം ചെയ്യാൻ പറ്റുന്നത്? - ലോകവ്യാപാരങ്ങൾ
എന്താണ് സത്യമായിട്ടുള്ളത് - ബ്രഹ്മം

(കോമോയീ പരമേശാ/കാ ഇന്ദ്രജാലയതേ പഞ്ചോ യാം//കാ സ്വപ്നാനിഭോ ജാഗ്രത് വ്യവഹാരാത്/സത്യമാപിച കിം ബ്രഹ്മഃ)

ബ്രഹ്മം സത്യമാണെന്നും നാം കാണുന്ന ഈ ലോകം വെറുമൊരു കെട്ടുകഥയാണെന്നും പറഞ്ഞതൊഴിച്ചാൽ ഈ സാധനം എന്താണെന്ന് പറയാൻ ശങ്കരന് സാധിച്ചിട്ടില്ല എന്നതാണ് പച്ച പരമാർത്ഥം. എന്നാൽ നവശങ്കരവാദികളാകട്ടെ ബ്രഹ്മം ദ്രവ്യമാണെ

ന്ന് ഇപ്പോൾ പ്രചരിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

കുറച്ച് സ്തോത്രങ്ങളും സ്തവങ്ങളുമല്ലാതെ ഒരു സിദ്ധാന്തവും ശങ്കരൻ മുന്നോട്ട് വച്ചിട്ടില്ല. പഴഞ്ചൻ വാക്കുകൾക്ക് പുതിയ അർത്ഥങ്ങൾ കണ്ടുപിടിച്ച ആദ്യത്തെ വ്യക്തി ഒരു പക്ഷെ ഇദ്ദേഹമായിരിക്കണം. ഇതിനായി പൂർവ്വമീമാംസകരുമായി അദ്ദേഹം കലഹിക്കുകയും ചെയ്തു. ഇന്നത്തെ ശങ്കരവാദികളും ഇതു തന്നെയാണ് ചെയ്യുന്നത്.

സാംഖ്യ, വൈശേഷിക ദർശനങ്ങളിൽ ഭൗതികവാദവുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ ചില കാര്യങ്ങളുണ്ട്. അവയെയാണ് തന്റെ ബ്രഹ്മസൂത്രഭാഷ്യത്തിൽ ശങ്കരൻ അപലപിച്ചത്. ആകെയുള്ള അഞ്ഞൂറ്റി അമ്പത്തഞ്ച് ശ്ളോകങ്ങളിൽ അറുപത്തിയെട്ട് എണ്ണത്തിലും അദ്ദേഹമിത് ചെയ്തു. അതുപോലെത്തന്നെയാണ് ചാർവാകൻമാരായ ലോകായതൻമാരേയും ശങ്കരൻ അതിരൂക്ഷമായി വിമർശിച്ചത്. ബ്രഹ്മം വന്ധ്യമായതാണ് എന്നൊരു സിദ്ധാന്തം ഉണ്ടാക്കുന്നതുതന്നെ ഷണ്ഡമായ ഒരു കാര്യമായതു കൊണ്ട് യഥാർത്ഥത്തിൽ ഒരു ഭൗതിക രൂപത്തിലായിരിക്കണം ശങ്കരൻ ബ്രഹ്മത്തെ ഉപയോഗിച്ചത്.

അതുകൊണ്ട് വന്ധ്യമായതെല്ലാം ബ്രഹ്മമാണെന്ന് നമുക്കെടുക്കാമോ?

ബ്രഹ്മമെന്നത് ദ്രവ്യമാണെന്ന് ഒരു സമയത്തും അല്ല ദ്രവ്യത്തിന് നിലനിൽപ്പേയില്ല എന്ന് വേറൊരവസരത്തിലും ശങ്കരൻ പറഞ്ഞു എന്നു പറയുന്നത് മാനസികവിഭ്രാന്തിയുടെ ലക്ഷണം തന്നെയാണ്.

**ഒരു സന്യാസിയുടെ മുഖപടം**

ശങ്കരന്റെ ചെയ്തികളെ സസൂഷ്മം പരിശോധിച്ച ശേഷമുള്ള എന്റെ അഭിപ്രായം ഇതാണ്.

രാജാവിന്റെ നൂറ് വിധവകളിൽ ലൈംഗികബന്ധം നടത്തി ശങ്കരൻ കാമസംതൃപ്തി നേടിയെന്ന് പറയുമ്പോഴും തല മുണ്ഡനം ചെയ്യാൻ വിസമ്മതിക്കുന്ന (പുനർവിവാഹം ആഗ്രഹിക്കുന്ന) വിധവകളെ അദ്ദേഹം തന്നെ സ്ഥാപിച്ച ശങ്കരപീഠങ്ങളിൽ നിന്ന് (ജാതീയമായ രീതിയിൽ തന്നെ) പുറത്താക്കുന്നു. വിധവകളുടെ മൊട്ടത്തല കണ്ടാലേ ശങ്കരവാദികൾക്ക് തൃപ്തി വരൂ എന്നല്ലേ ഇത് കാണിക്കുന്നത്? ഇത്തരത്തിൽ ശഠിക്കുന്ന അദ്വൈതവാദികൾ സ്വയം തല മുണ്ഡനം ചെയ്ത് എന്തിനാണ് പ്രത്യക്ഷപ്പെടുന്നത് എന്നതും പ്രസക്തമായ ചോദ്യമാണ്.

ശങ്കരന്റെ വസ്ത്രധാരണ രീതിയെപ്പറ്റി യുക്തിവാദികൾ വിമർശിക്കുന്നത് നവശങ്കരവാദികളെ അലോസരപ്പെടുത്തുണ്ട്. തികച്ചും അജ്ഞതകൊണ്ടാണ് അവർക്കങ്ങനെ തോന്നുന്നത്. അത് ഗൗതമബുദ്ധന്റെ വസ്ത്രധാരണ ശൈലിയാണെന്ന് അവർ പറയുന്നു. ബുദ്ധന്റേയും ശങ്കരന്റേയും വസ്ത്രധാരണരീതികൾ വ്യത്യസ്തമാണെന്ന് ഈ മന്ദബുദ്ധികൾക്കറിയില്ല. ബുദ്ധൻ സ്വീകരിച്ചതുതന്നെ തങ്ങളുടെ ഗുരുവും സ്വീകരിച്ചു എന്നതാണവരുടെ വാദം. വസ്ത്രങ്ങളിൽ ആകർഷണമുള്ള ആളായിരുന്നില്ല ആദി ശങ്കരൻ എന്ന് വാദിക്കുന്നതിന് മുമ്പ് എന്തുകൊണ്ടാണ് ഗൗതമന്റെ വേഷം തന്നെ ശങ്കരനും എടുത്തത് എന്നതിന് ഇവർ ഉത്തരം പറയണം. എന്തിനായിരുന്നു ഉടുപ്പ് ഉപയോഗിച്ചുള്ള ആ ആൾ മാറാട്ടം?

വേദങ്ങളുടെ പ്രമാണീകത ബുദ്ധൻ അംഗീകരിച്ചിട്ടില്ല. നേരെ മറിച്ച്, വേദങ്ങളെ ആർക്കും മറികടക്കാനാകില്ലെന്നാണ് ശങ്കരൻ പ്രഖ്യാപിച്ചത്. അന്ന് നിലവിലുണ്ടായിരുന്ന ജാതിവ്യവസ്ഥയെ ഗൗതമൻ ശക്തിയുക്തം എതിർത്തപ്പോൾ അതിനെ ഏതുവിധവും സംരക്ഷിക്കാണ് ശങ്കരൻ പ്രയത്നിച്ചത്. ബുദ്ധൻ ബ്രഹ്മസിദ്ധാന്തത്തെ നിരാകരിച്ചപ്പോൾ, ശങ്കരൻ അതിനെ പിൻതാങ്ങുകയും അതു വഴി ആളുകളെ കൂടുതൽ ചിന്താക്കുഴപ്പത്തിൽ ആക്കുകയും ചെയ്തു. ഒന്നും ജനിക്കുന്നില്ല, എല്ലാം ശാശ്വതമാണെന്ന ബുദ്ധന്റെ അജാതിസിദ്ധാന്തത്തിനു പകരം ബ്രഹ്മം മാത്രമാണ് പിറവിയില്ലാത്തതും അനശ്വരവുമെന്ന് ശങ്കരൻ സിദ്ധാന്തിച്ചു. അഹിംസാ വാദത്തെ ബുദ്ധൻ മുറുകെ പിടിച്ചപ്പോൾ ഹിംസയിൽ കൂടി സ്വന്തം മതത്തെ വളർത്താണ് ഈ സന്യാസി ശ്രമിച്ചത്. സാമൂഹ്യവ്യവസ്ഥയിൽ ഗൗതമൻ എല്ലാവരേയും ഒരുപോലെ കണ്ടപ്പോൾ, ബ്രാഹ്മണനെ എല്ലാവരിലും ഉയർന്നവനാക്കി വച്ച് വലിയൊരു ജനതതിയെ നികൃഷ്ടരാക്കുകയാണ് ശങ്കരൻ ചെയ്തത്. ബുദ്ധന്റെ സംഘാരാമങ്ങളിൽ തൊട്ടുകൂടാത്തവർക്കും സ്ത്രീകൾക്കും പ്രവേശനമുണ്ടായിരുന്നപ്പോൾ ശങ്കരമഠങ്ങളിൽ ബ്രാഹ്മണൻമാർക്ക് മാത്രമായിരുന്നു പ്രവേശിക്കാൻ കഴിഞ്ഞിരുന്നത്.

ബുദ്ധന്റെ വേഷം ശങ്കരൻ സ്വീകരിച്ചു എന്ന് സമ്മതിച്ചാൽ തന്നെ, നവശങ്കരവാദികൾ വാദിക്കുന്നതുപോലെ ഈ ആചാര്യൻ ശ്രീബുദ്ധനെപ്പോലെ ആയിത്തീർന്നോ? ദുഷിച്ച സിദ്ധാന്തങ്ങളായ വിജ്ഞാനവാദവും ശൂന്യതാവാദവും പ്രചരിപ്പിച്ചതുകൊണ്ട് ഗൗതമബുദ്ധനെപ്പോലെയാകാൻ ശങ്കരന് കഴിഞ്ഞോ? ഒരിക്കലുമില്ല. സ്വേച്ഛാധിപതികൾ അവരുടെ രീതികളെ സോഷ്യലിസമെന്ന് പേരിട്ടാൽ അത് പറഞ്ഞവർ സോഷ്യലിസ്റ്റുകളാകുമോ? സത്യത്തിൽ, ബൗദ്ധധർമ്മത്തെ ശങ്കരൻ സ്വന്തം പതിപ്പാക്കുക

യാണ് ചെയ്തത്; ഒരു മാറ്റവും ചെയ്യാതെത്തന്നെ. ഇതൊന്നും പരിശോധിക്കേണ്ട സന്ദർഭമല്ലിത്. എന്നിരുന്നാലും പുരാതനവൈദിക വാദികൾ രഹസ്യമായിട്ടാണെങ്കിലും ശങ്കരനെ ബുദ്ധനായാണ് കണക്കാക്കിയിരുന്നത്. ശങ്കരനുൾപ്പെടെ ഇവരെല്ലാവരും ഒരേ ഗോത്രക്കാർ തന്നെയാണ്. ബ്രഹ്മസൂത്രത്തിന്റെ ഭാഷ്യത്തിൽ (1-4-25) മഹായാനിക ബൗദ്ധഗതികം മായാവാദം എന്നാണ് പറഞ്ഞിരിക്കുന്നത്. പത്മപുരാണ കർത്താവ് പറയുന്നത് മായാവാദം-മസ്ച്ചസ്ത്രം പ്രച്ഛന്നം ബൗദ്ധമേവച എന്നാണ്. എന്നാൽ ശങ്കരനാണ് ബൗദ്ധസിദ്ധാന്തത്തെ കൊന്നു കളഞ്ഞത് എന്ന സത്യം നാം ഓർക്കണം. ഭാഷ്യങ്ങളിൽ എന്തൊക്കെ എഴുതി വച്ചാലും, ഹിന്ദുധർമ്മത്തെ മാത്രമേ ഈ ആചാര്യൻ രക്ഷപ്പെടുത്തിയുള്ളൂ. 1983 ൽ പ്രസിദ്ധീകരിച്ച എന്റെ ലേഖനത്തിൽ ശങ്കരന്റെ സദാചാരത്തെപ്പറ്റി പരാമർശിച്ചപ്പോൾ അദ്ദേഹത്തിന്റെ മുഖംമൂടിയെ ഞാൻ വലിച്ചു കീറിയില്ല. വിധവകൾ തല മുണ്ഡനം ചെയ്യണമെന്ന് നിർബന്ധിക്കുന്ന ശങ്കരപീഠങ്ങളെയാണ് ഞാനന്ന് വിമർശിച്ചത്. ശങ്കരൻ തല മൊട്ടയടിച്ചിരുന്നോ, അഥവാ, സ്വന്തം ത്വക്ക് തന്നെ ഉരിച്ച് കളഞ്ഞിരുന്നോ എന്നതൊന്നും എന്റെ വിമർശന വിഷയങ്ങളല്ല.

ജടിലോമുണ്ഡി ലുഞ്ജിത കേശാ, കാഷായാംബരാ ബഹുകൃത വേഷാ എന്ന ശ്ളോകം ശങ്കരന്റെ സ്വന്തമല്ല. യഥാർത്ഥത്തിൽ അത് ബുദ്ധന്റേതാണ്. ബുദ്ധന്റെ കാലത്ത് മോക്ഷം കിട്ടാനോ, അല്ലെങ്കിൽ സ്വർഗ്ഗത്തിൽ പോകാനോ ഹിന്ദുക്കൾ രണ്ട് മാർഗ്ഗങ്ങളാണ് അവലംബിച്ചിരുന്നത്. യജ്ഞം നടത്തി അതിനുപയോഗിച്ച മാംസവും മദ്യവും കഴിക്കലാണ് ഒരു രീതി. നിരാഹാരനായി കിടന്ന് അവസാനം ജീവത്യാഗം ചെയ്യലാണ് രണ്ടാമത്തെ രീതി.

ആറു വർഷമാണ് ഭക്ഷണം കഴിക്കാതെ ജീവൻ വെടിയാൻ വേണ്ടി ബുദ്ധൻ ശ്രമിച്ചത്. അതിൽ നിന്നു കിട്ടിയ ഉൽബോധനമനുസരിച്ചാണ് ഹിന്ദുക്കൾ ആചരിച്ചിരുന്ന രണ്ടു രീതികൾക്കും ഇടയിലുള്ള ഒരു മദ്ധ്യമാർഗ്ഗം അദ്ദേഹം നിർദ്ദേശിച്ചത്. രണ്ടായിരത്തി അഞ്ഞൂറ് വർഷങ്ങൾക്കു മുമ്പ് ഹരിണവനത്തിൽ ഭിക്ഷാംദേഹികളായി താമസിച്ചിരുന്ന അഞ്ച് ബ്രഹ്മചാരികളെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു. മാംസാഹാരം വർജ്ജിച്ചിട്ടോ, നഗ്നനായി നടന്നതു കൊണ്ടോ, തലമുണ്ഡനം ചെയ്തിട്ടോ, അല്ലെങ്കിൽ തലമുടി നീട്ടി വളർത്തിയിട്ടോ, ശരീരമാസകലം മണ്ണ് വാരി പൂശിയിട്ടോ അതുമല്ലെങ്കിൽ അഗ്നിയിൽ ചാടിയിട്ടോ ഒരാളും ദിവ്യനായി തീരുന്നില്ല.

ഈ വാക്കുകളെ ശങ്കരൻ അപ്പടി കോപ്പിയടിച്ചു എന്നുവേണം പറയാൻ. ബുദ്ധൻ ഉപേക്ഷിച്ച വസ്ത്രധാരണ രീതി ശങ്കരൻ സ്വീകരിച്ചു. ബുദ്ധഭിക്ഷുക്കളുടെ ഉടുപ്പിന്റെ നിറം മഞ്ഞയാണ്, ചുവപ്പല്ല. പക്ഷെ, ശങ്കരവാദികളുടേത് ചുവപ്പാണ്. അവർ ഏത് വസ്ത്രവും ധരിച്ചോട്ടേ, ഏത് സൂക്തവും ചൊല്ലിക്കോട്ടേ, അവരുടെ ലക്ഷ്യം ബൗദ്ധമാണെങ്കിൽ അവരെ ബുദ്ധാനുയായികൾ എന്നാണ് വിളിക്കേണ്ടത്. അവർ ഭിക്ഷുക്കളുടെ വസ്ത്രം ധരിക്കുകയും ബുദ്ധതത്വങ്ങൾ ചൊല്ലി നടക്കുകയും എന്നാൽ ബുദ്ധമതത്തെ വേരോടെ പിഴുതെറിയാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ ഇക്കൂട്ടരെ ഗോപ്യരായ ബുദ്ധമതാനുയായികൾ എന്നുപോലും വിളിച്ചുകൂടാ.

യഥാർത്ഥ ബുദ്ധിസം നാസ്തികവാദമല്ല ആസ്തികവാദവുമല്ല. അത് ഒരു അജ്ഞേയതാവാദമാണ്. ബുദ്ധന് പിന്നീട് വന്നവരാണ് അതിനെ ഭൗതികവാദമാക്കിയതും ഒടുവിൽ ആദർശവാദമാക്കിയതും. ഇങ്ങനെയൊക്കെ ആണെങ്കിലും യുക്തിവാദികൾക്ക് അതിനെ നവഭൗതികവാദമായി എടുക്കാനോ നിരീശ്വരവാദമായി എടുക്കാനോ ഒരു വിസമ്മതവുമില്ല.

ബൗദ്ധധർമ്മത്തിൽ ഒരു സാമൂഹ്യബോധമുണ്ട്, സമത്വവാദമുണ്ട്, സദാചാരവ്യവസ്ഥയുണ്ട് അതുകൂടാതെ മാനവീയതയുമുണ്ട്. ചരിത്രപരമായിത്തന്നെ സാമൂഹ്യവും സദാചാരപരവുമായ ഒരു വിപ്ളവം തന്നെ അത് ഉണ്ടാക്കി എന്നതിനാലാണ് ബുദ്ധമതത്തെ യുക്തിവാദികൾ അംഗീകരിക്കുന്നതും പ്രശംസിക്കുന്നതും. അതിൽ നിന്ന് യുക്തിവാദികൾ എല്ലാവരും ബുദ്ധമതക്കാരാണെന്ന് അർത്ഥമാക്കേണ്ടതില്ല.

ശങ്കരന്റെ അദ്വൈതവാദത്തിൽ സമത്വവാദമില്ല സാമൂഹിക ബോധവുമില്ല. അത് തീർത്തും സദാചാര നിഷേധ വാദമാണ്. കാരണം നൂറ് കൊലപാതകങ്ങൾ നടത്തിയാലും പാപം നിങ്ങളെ സ്പർശിക്കുകയേ ഇല്ല എന്നാണത് പറയുന്നത്. ലൗകികജീവിതം ജുഗുപ്സാവഹമാണെന്നാണ് ശങ്കരൻ പറഞ്ഞതും ശങ്കരവാദികൾ പറയുന്നതും. എന്നിട്ടും ആ ജീവിതത്തോടും സ്വന്തം ശരീരത്തോടുമുള്ള അത്യധികമായ സ്നേഹം എന്തുകൊണ്ട് അവർ ഉപേക്ഷിക്കുന്നില്ല എന്ന് നമുക്ക് മനസ്സിലാകുന്നില്ല. അത് ഏറ്റവും പ്രകടമായി കണ്ടത് ശങ്കരനിൽ തന്നെയാണ്. സ്വന്തം ശരീരമുപയോഗിച്ച് രാജാവിന്റെ നൂറ് പത്നിമാരിൽ ലൈംഗിക നിർവൃതി നേടിയിരുന്നെങ്കിൽ ആ ശരീരം പാപപങ്കിലമായേനെ. അതുകൊണ്ടല്ലേ അദ്ദേഹം രാജാവിന്റെ ശരീരം ഉപയോഗിച്ച് അക്കാര്യം സാധിച്ചത്. ഇത് ശങ്കരൻ തന്നെയാണ് പറഞ്ഞിട്ടുള്ളത്. വേദാന്തികളുടെ സന്യാസ

ത്തിന്റെ കള്ളത്തരം ഇതിൽ നിന്നും വളരെ വ്യക്തമാണ്. ഇതുകൂടാതെ സ്ത്രീകളോടും ശൂദ്രജനങ്ങളോടും തികച്ചും മോശമായാണ് ശങ്കരന്റെ അനുയായികൾ പെരുമാറിയിരുന്നത്. അവരുടെ കുഴഞ്ഞുമറിഞ്ഞ സ്വഭാവം കൊണ്ടാണ് ഇത്തരം ഇരട്ടത്താപ്പുകൾ കാണിക്കുന്നത്. സമത്വവാദത്തോട് എത്രമാത്രം വിരോധം ശങ്കരൻ കാണിച്ചിരുന്നു എന്നത് ഇതുകൊണ്ടെല്ലാം വ്യക്തമാണ്. ആ മനോഭാവം സാമൂഹ്യപരമായി അങ്ങേയറ്റം പ്രതിലോമകരമാണ്. യുക്തിവാദികൾക്ക് ഇതിനെ ഒരിക്കലും അംഗീകരിക്കാൻ സാധിക്കില്ല.

ബുദ്ധമതത്തിന്റെ ആദർശവാദവും, സന്യാസരീതിയും യുക്തിചിന്തകർക്ക് സ്വീകാര്യമല്ല. അവരുടെ നിലപാടുകൾ ഈ കാലഘട്ടത്തിന് യോജിച്ചതല്ല എന്നു തന്നെയാണ് ഞങ്ങൾ കരുതുന്നത്. പക്ഷെ അതിന്റെ ചരിത്രപരമായ പാത്രധർമ്മം പുരോഗമനപരമായിരുന്നു എന്ന സത്യം യുക്തിവാദികൾ തിരിച്ചറിയുന്നു. അതുകൊണ്ടുതന്നെ എന്തുകൊണ്ടാണ് അവർക്ക് ബുദ്ധിസം സ്വീകാര്യവും അദ്വൈതം അസ്വീകാര്യവുമായത് എന്നത് അർത്ഥമില്ലാത്ത ചോദ്യമായിത്തീരുന്നു. അംഗീകാരത്തിന്റെ അടിസ്ഥാനം വേഷവിധാനത്തിലല്ല കിടക്കുന്നത്.

സംസ്കൃതത്തിൽ (ഭജഗോവിന്ദത്തിൽ) ശങ്കരൻ എഴുതിയ ഒരു ശ്ളോകത്തിന്റെ അർത്ഥം താഴെ പറയും വിധമാണ്.

ഒരുത്തൻ ജട വളർത്തിയാലും, തല മുണ്ഡനം ചെയ്താലും, കാഷായ വസ്ത്രം ധരിച്ചാലും ആ ആൾമാറാട്ടങ്ങളൊക്കെ അവന്റെ ഉദരം നിറക്കാൻ വേണ്ടി മാത്രമാണ്. (ജടിലോമുണ്ഡി ലുഞ്ജിത കേശാ, കാഷായാംബരാ ബഹുകൃത വേഷാ/ പശ്യന്നപി ചന പശ്യതി മൂഢാ ഉദരനിമിത്തം ബഹുകൃത വേഷം). ഇത് എഴുതിയതുകൊണ്ട് ശങ്കരൻ മുഖംമൂടിയില്ലാത്തവനാണെന്ന് നമുക്ക് പറയാൻ വയ്യ.

**ഭജഗോവിന്ദത്തിന്റെ സാരാംശം**

ഉദരം നിറക്കാനായിട്ടല്ലെങ്കിലും ശങ്കരനും ഒരു സന്യാസിയുടെ വേഷം തന്നെയാണ് ധരിച്ചിരുന്നത്. വേറൊരു സമയത്ത് രാജാവായി ആൾമാറാട്ടം നടത്തിയാണ് അദ്ദേഹം അമരുകം എഴുതിയത്. ഏതൊക്കെ രീതിയിൽ ആൾമാറാട്ടം നടത്തി എന്നത് നമ്മുടെ ചർച്ചാ വിഷയമല്ല. ഭജഗോവിന്ദത്തിന്റെ പതിനെട്ട് ശ്ളോകങ്ങളിൽ ഒരെണ്ണം മാത്രമാണ് ജടിലോമുണ്ഡി. ശങ്കരന്റെ തത്വശാസ്ത്രത്തെപ്പറ്റി അറിയാൻ നമുക്കതിലെ മറ്റ് കുറച്ചു ശ്ളോകങ്ങൾ കൂടി വായിക്കാം. ഈ ഭ്രാന്തൻ ജൽപ്പനങ്ങൾക്ക് ഭജഗോവിന്ദന്റെഉത്ത

രമെന്താണ്?

ഭഗവദ്ഗീതാ കിഞ്ചിദധീതാ
ഗംഗാജല ലവ കണികാ പീതാ
സകൃദപി യേന മുരാരി സമർചാ
ക്രിയതേ തസ്യ യമേന ന ചർച
പുനരപി ജനനം പുനരപി മരണം
പുനരപി ജനനീ ജഠരേ ശയനം
ഇഹ സംസാരേ ഖലു ദുസ്താരേ
കൃപയാ പാരേ പാഹി മുരാരേ
നാരീ സ്തനഭര നാഭീദേശം
ദൃഷ്ട്വാ മാ ഗാ മോഹാവേശം
ഏതന്മാംസ വസാദി വികാരം
മനസി വിചിന്തയാ വാരം വാരം
കസ്ത്വം കോഹം കുത ആയാതഃ
കാ മേ ജനനി കോ മേ താതഃ
ഇതി പരിഭാവയ സർവ്വമസാരം
വിശ്വം ത്യക്ത്വാ സ്വപ്ന വിചാരം
ഗേയം ഗീതാ നാമസഹസ്രം
ദ്യേയം ശ്രീപതി രൂപമജസ്രം
നേയം സജ്ജന സംഗേ ചിത്തം
ദേയം ദീനജനായ ച വിത്തം

ഭഗവത് ഗീതയിലെ കുറച്ച് ശ്ളോകങ്ങൾ ചൊല്ലിയാൽ, നാല് തുള്ളിയെങ്കിലും ഗംഗാജലം കുടിച്ചാൽ, വിഷ്ണുവിന്റെ പാദത്തിൽ പൂജിച്ചാൽ യമരാജാവിന് നിങ്ങളെ ഒന്നും ചെയ്യാൻ പറ്റില്ല എന്നു പറയാൻ ശങ്കരനെന്താ ഭൗതികവാദിയാണോ? മനുഷ്യൻ വീണ്ടും വീണ്ടും അവന്റെ അമ്മയുടെ ഉദരത്തിൽ വേദനയോടെ പ്രവേശിക്കാതിരിക്കാൻ വിഷ്ണുവിനോട് ഈ ജനന-മരണ പരിവൃത്തിയിൽ നിന്ന് മാറ്റാൻ പറയാൻ ശങ്കരൻ എന്താ ഒരു നിരീശ്വരവാദിയാണോ? സ്ത്രീ സ്തനങ്ങൾ മുഴുവൻ മാംസനിർമ്മിതമായതുകൊണ്ട് അവയിൽ വിമുഖത കാണിക്കാൻ അദ്ദേഹമെന്താ ഭൗതികവാദിയാണോ? അഥവാ അദ്ദേഹം സമത്വവാദിയാണോ? മാംസമില്ലാതെ മനുഷ്യശരീരമില്ലല്ലോ. സ്ത്രീ മാർവിടത്തിൽ മാംസമല്ലാതെ എന്തുകൊണ്ട് ശങ്കരൻ മുലപ്പാൽ കണ്ടില്ല?

ജീവിതത്തിന്റെ ലക്ഷ്യം ഭഗവദ് ഗീത വായിക്കലും വിഷ്ണുവിന്റെ ആയിരം നാമങ്ങൾ ഉരുവിടലും, ആ ദൈവത്തിന്റെ പാദങ്ങളിൽ പൂജ ചെയ്യലുമാണെന്ന് ഉപദേശിക്കാതിരിക്കാൻ അദ്ദേഹമെന്താ യുക്തിവാദിയായിരുന്നോ? ബ്രഹ്മം തന്നെയാണ് ദ്രവ്യം എ

ന്നിപ്പോൾ പറയുന്ന ആധുനിക ശങ്കരവാദികൾ ഭജഗോവിന്ദത്തിൽ ഭൗതികവാദവും, നിരീശ്വരവാദവും, യുക്തിവാദവും, മാനവീയതയും കാണുന്നു എന്നാണോ നാം കരുതേണ്ടത്!

ഭജഗോവിന്ദം പാടി നടന്ന ശങ്കരൻ വേഷത്തിലാണോ അതോ പ്രവൃത്തിയിലാണോ സന്യാസിയായിരുന്നത്? സന്യാസിമാർക്ക് കാഷായ വസ്ത്രവും, മുണ്ഡനം ചെയ്ത ശിരസ്സും വേണമെന്ന് ബുദ്ധമതാനുയായികളാണ് ആദ്യം പറഞ്ഞതെന്ന് നവശങ്കരവാദികൾ പറയുന്നത് അറിവില്ലായ്മകൊണ്ടാണോ അതോ തെറ്റുകൊണ്ടാണോ?

ബുദ്ധൻ കാഷായവേഷമല്ല ധരിച്ചിരുന്നത്. അതിന്റെ നിറം മഞ്ഞയായിരുന്നു. വർണ്ണാന്ധത കൊണ്ടാണോ എന്നറിയില്ല മഞ്ഞ നിറം ശങ്കരന് ചുവന്നതായി തോന്നിയിരിക്കാം. അന്നത്തെ കാലത്തെ സന്യാസിമാരൊക്കെ ഒന്നുകിൽ ചുവന്ന നിറത്തിലുള്ള തുണിയോ അല്ലെങ്കിൽ മരവുരിയോ ധരിച്ചിരിക്കണം. മുണ്ഡനം ചെയ്ത തന്റെ തല ചുവന്ന തുണിക്കുള്ളിലാണ് ശങ്കരൻ ഒളിപ്പിച്ച് വച്ചിരുന്നതെന്ന് നവശങ്കരവാദികൾ പറയാൻ മറക്കുകയാണ്. ശങ്കരന്റെ നെറ്റിയിൽ (ഇന്നു കാണുന്ന) കുറി മാധവാചാര്യന്റെ അനുയായികളാണ് തൊടുവിച്ചതെന്നു കൂടി അവർ പറഞ്ഞു നടക്കുന്നു. ഇത്തരം അപശ്രുതികൾ പറഞ്ഞു പരത്തുന്നത് സത്യസന്ധതയുടെ കുറവുകൊണ്ടാണ്.

ബുദ്ധന്റെ ആദർശവാദം തത്വശാസ്ത്രപരമായിരുന്നു. എന്നാൽ ശങ്കരന്റെ അദ്വൈതം നിഷേധസ്വഭാവമുള്ള മായാവാദമാണ്. യഥാർത്ഥത്തിൽ അത് വഞ്ചനാപരമായ വേദാന്തമാണെന്ന് പറയേണ്ടി വരും. ഇതുപയോഗിച്ചാണ് ഹിന്ദുധർമ്മത്തെ ശങ്കരൻ സംരക്ഷിച്ചു നിർത്തിയത്.

യുക്തിവാദികൾ ശങ്കരന്റെ മൊട്ടത്തലയേയോ അല്ലെങ്കിൽ കാഷായ വസ്ത്രത്തേയോ അല്ല ചോദ്യം ചെയ്യുന്നത്; അദ്ദേഹം ആ ആൾമാറാട്ടത്തിലൂടെ ചെയ്ത കാര്യങ്ങളെ കുറിച്ചാണ്. രാജാവിന്റെ ശരീരത്തിൽ പ്രവേശിച്ചു എന്ന വ്യാജേന അദ്ദേഹത്തിന്റെ നൂറു ഭാര്യമാരെ ബലാൽസംഗം ചെയ്തതിനാണ് നാം അദ്ദേഹത്തെ പുച്ഛിക്കുന്നത്. എന്നാൽ ബലാൽസംഗം എന്ന വാക്ക് കേൾക്കുമ്പോഴേക്കും നവശങ്കരവാദികളുടെ പുരികം പൊങ്ങുന്നു.

**സ്തുതിഗീതം**

തന്റെ കവിതാരചനാപാടവവും തർക്കശാസ്ത്രത്തിലുള്ള കഴിവും, സർവ്വോപരി പാണ്ഡ്യിത്വവും ഏറ്റവും മോശമായി ഉപയോഗിച്ച വ്യക്തികളിൽ അഗ്രഗണ്യൻ ശങ്കരനാണ്. വിപ്ളവനായകനും

കമ്മ്യൂണിസ്റ്റുമായ ശ്രീ ശ്രീയെ ഭജഗോവിന്ദം ആകർഷിച്ചിരിക്കണം. അതേ രീതിയിലാണ് അദ്ദേഹം തന്റെ സ്വന്തം കവിതയായ മറ്റൊരു ലോകം എഴുതിയത്. അദ്ദേഹത്തിന്റെ പുസ്തകമായ അനന്തത്തിൽ (പുറം 184) ശ്രീ ശ്രീ ഇത് സൂചിപ്പിച്ചിട്ടുണ്ട്. ഒരു കവിത എന്ന രീതിയിൽ ജയദേവന്റെ ഗീതാഗോവിന്ദം പോലെ ഭജഗോവിന്ദവും നല്ല ആലാപനാനുഭവം തരുന്നുണ്ടായിരിക്കും. പക്ഷെ ഒരദ്വൈതി ഇപ്രകാരത്തിലുള്ള ആശയങ്ങൾ പ്രകടിപ്പിക്കുമോ എന്ന സംശയം സാമാന്യബോധമുള്ള ഏവർക്കും ഉണ്ടാകും. ഗീതാഗോവിന്ദത്തിൽ സഹൃദയത്വമുള്ള ഒരു പണ്ഡിതനെയാണ് നാം കാണുന്നതെങ്കിൽ ഭജഗോവിന്ദത്തിൽ വെറുപ്പും, നിരാശയുമുള്ള, അറിവു കുറഞ്ഞ ഒരു മന്ദബുദ്ധിയെയാണ് കാണുന്നത്. മറ്റുള്ളവരെ മൂഢരെന്നു വിളിച്ച ശങ്കരനാണ് യഥാർത്ഥത്തിൽ മൂഢൻ. അദ്ദേഹത്തിന്റെ ഓരോ ചെയ്തിയിലും ഈ ഇരട്ട മുഖം കാണാം. വിവേചനബുദ്ധിയില്ലാത്ത നവശങ്കരവാദികൾക്ക് ഒരു പക്ഷെ ഇത് തിരിച്ചറിയാനാകില്ല.

ശങ്കരന്റെ കാവ്യങ്ങളും മറ്റ് രചനകളും വായിക്കക്കുമ്പോൾ ആദ്യം അദ്ദേഹം ഒരു ശിവഭക്തനാണെന്നു തോന്നും. പിന്നെയാണ് മനസ്സിലാകുക അദ്ദേഹം ഏതോ ദേവിയുടേയോ ഈശ്വരിയുടേയോ ഭക്തനാണെന്ന്. കുറച്ചുകൂടി കഴിയുമ്പോൾ ഒരു വിഷ്ണുഭക്തനാണെന്നു തോന്നിപ്പോകും. എല്ലാം കഴിയുമ്പോഴാണ് മനസ്സിലാകുക ഇതൊന്നുമല്ല; അറിയാത്ത ഏതോ ദൈവത്തേയോ അതല്ലെങ്കിൽ ഏതോ നദികളേയോ ആണ് അദ്ദേഹം ആരാധിക്കുന്നതെന്ന്. വിഗ്രഹമുള്ള മിക്ക ദേവാലയങ്ങളിലും അദ്ദേഹം പോയിട്ടുണ്ട്, ധാരാളം സ്തോത്രങ്ങൾ എഴുതിയിട്ടുമുണ്ട്. അദ്ദേഹത്തിന്റെ ഗീതങ്ങളെല്ലാം വിവാഹസമയങ്ങളിൽ ആലാപിക്കാനുള്ളതോ അല്ലെങ്കിൽ മരണാനന്തരക്രിയകളിൽ ചൊല്ലാനുള്ളതോ ആണെന്നു തോന്നും. സന്യാസത്തെക്കുറിച്ചും അദ്ദേഹത്തിന്റെ രചനകളുണ്ട്. എല്ലാം കൂടി 1128 എണ്ണം വരും. വീരസാലിംഗത്തിന്റെ വിവരണമനുസരിച്ച് ഇവയിൽ മിക്കതും ശിവസ്തുതികളും മറ്റുള്ളവ തിരിച്ചറിയാനാകാത്ത ഏതോ ശക്തിയെ സ്തുതിച്ചുകൊണ്ടുള്ളവയുമാണ്.

മുകളിൽ പറഞ്ഞ രചനകൾ ശങ്കരന്റേതല്ല എന്നു പറയുന്നവരോട് നമുക്ക് വിസമ്മതമൊന്നുമില്ല. അങ്ങനെ പറയുന്നവർ ജടിലോമുണ്ഡിയെ ഉദ്ധരിച്ച് അവരുടെ വാദഗതിയെ സമർത്ഥിക്കാറുണ്ട്. ഇതിൽ ഏതൊക്കെയാണ് ശങ്കരന്റേത് ഏതൊക്കെ അദ്ദേഹത്തിന്റേതല്ല എന്നു നിശ്ചയിക്കേണ്ടത് യുക്തിവാദികളുടെ ജോലിയുമല്ല. എന്നാൽ അതിനായി പടവെട്ടുന്നവരും ധാരാളമുണ്ട്. അവസാനം

ഈ കൃതികളൊന്നും ശങ്കരന്റേതല്ല എന്നും വരാം. പ്രസ്ഥാനത്ര യത്തിന്റേയും (വേദങ്ങൾ, ഉപനിഷത്തുക്കൾ, ഭഗവദ് ഗീത) ബ്രഹ്മ സൂത്രത്തിന്റേയും ഭാഷ്യങ്ങൾ മാത്രമേ ശങ്കരന്റേയായിട്ടുള്ളു എന്നും മറ്റുള്ളവയൊന്നും അദ്ദേഹത്തിന്റേതല്ല എന്നുമൊരു വാദഗതിയുണ്ട്. അതല്ല ബ്രഹ്മസൂത്രഭാഷ്യം മാത്രമേ അദ്ദേഹത്തിന്റേതായിട്ടുള്ളൂ എന്നാണ് മറ്റൊരഭിപ്രായം. ഒരുപക്ഷെ ഇതുകൂടി ശങ്കരന്റേതാവണമെന്നില്ല. പക്ഷെ നാമെങ്ങനെയാണ് ഇതൊക്കെ സ്ഥിരീകരിക്കുക? നവശങ്കരവാദികൾ പറയുന്ന ഭൗതികവാദത്തിനെതിരാണ് ബ്രഹ്മസൂത്രഭാഷ്യത്തിൽ അദ്ദേഹം എഴുതിയിരിക്കുന്ന പരകായപ്രവേശം. അദ്ദേഹം തന്നെ പ്രചരിപ്പിച്ച അദ്വൈതസിദ്ധാന്തത്തിനെതിരായിട്ടുള്ള ജാതിവ്യവസ്ഥയെ ശങ്കരൻ പിന്തുണച്ചിരുന്നു. സ്വയം ഉണ്ടാക്കിയ ബ്രഹ്മസിദ്ധാന്തത്തിനെതിരായി ശങ്കരൻ ബിംബാരാധന നടത്തി. ഇത്തരം വൈരുദ്ധ്യങ്ങൾ വച്ചുപുലർത്തിയതുകൊണ്ടായിരിക്കണം വിവിധ ഗ്രൂപ്പുകളിലുള്ള നവശങ്കരാനുയായികൾ ഈ കൃതികൾ എല്ലാം ശങ്കരന്റേതാണെന്ന് സമർത്ഥിച്ചത്. അഥവാ അദ്ദേഹം ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ കൂടി കടന്നുപോയപ്പോൾ എഴുതിയതായിരിക്കുമോ ഇവയൊക്കെ? അതുമല്ലെങ്കിൽ അദ്ദേഹത്തിനു ശേഷം ശങ്കരപീഠങ്ങൾ നടത്തിയവര് എഴുതിയതായിരിക്കുമോ ഈ കൃതികൾ? ഈ സാദ്ധ്യതകളൊക്കെയുള്ളപ്പോൾ ഇതിൽ ഏതൊക്കെ ശങ്കരന്റേതാണെന്ന് എങ്ങനെ വ്യക്തമായി പറയാൻ പറ്റും?

രാമാനുജാനുയായികളും മാധവാനുയായികളും ചേർന്നാണ് ശങ്കരന്റെ നില ഇത്രയും പരിതാപകരമാക്കിയതെന്നാണ് നവശങ്കരവാദികൾ പറയുന്നത്. അദ്ദേഹത്തെ കുറിച്ചുള്ള എല്ലാ ചരിത്രപുസ്തകങ്ങളിലും അമാനുഷിക കഥകൾ ഇവർ ഒരുപോലെ എഴുതിവച്ചു. ശങ്കരന്റെ ചരിത്രമെഴുതിയവരെല്ലാം അദ്വൈതികളായിരുന്നു എന്ന കാര്യം ഇക്കൂട്ടർ മറക്കുകയാണ്. ബൃഹത്ശങ്കരവിജയം എഴുതിയ ചിചുഘ, ശങ്കരവിജയം എഴുതിയ ആനന്ദഗിരി, വ്യാസചലീയം എഴുതിയ വിദ്യാശങ്കര, കേരളീയ ശങ്കരവിജയം രചിച്ച ഗോവിന്ദനാഥ, ശങ്കരഭ്യുദയം വിരചിച്ച രാജചൂഢാമണി, വേറൊരു ശങ്കരവിജയമെഴുതിയ ആനന്ദനന്ദഗിരി, ശങ്കരദ്വിഗ്വിജയസാരം ചമച്ച സദാനന്ദ, ശങ്കരവിജയവിലാസം രൂപപ്പെടുത്തിയ ചിദ്വിലാസം, ശങ്കരദിഗ്വിജയം എഴുതിയ പ്രഗൽഭനായ മാധാവാചാര്യർ കൂടാതെ ആചാര്യ ദിഗ്വിജയം ചമച്ച വല്ലിസഹായം എന്നിവരൊക്കെ പൂർണ്ണമായും അദ്വൈതികളായിരുന്നു.

ശങ്കരനെ മുക്തകണ്ഠം പ്രശംസിച്ചു കൊണ്ടുള്ള ഈ രചനകൾ എഴുതിയവരിൽ പലരും ശങ്കരപീഠങ്ങൾ നടത്തിയവരായിരു

ന്നു. ശങ്കരന്റെ അനുയായികളാണ് ഇവരെല്ലാം എന്നതുകൊണ്ട് അദ്ദേഹത്തിന്റെ മോശം പ്രവൃത്തികളെ പറ്റി എഴുതില്ല എന്നത് സുവ്യക്തമാണല്ലോ. ദൈവീകമായ അത്ഭുതം എന്നൊന്ന് ഇല്ലാത്തതുകൊണ്ട് അതൊക്കെ ശങ്കരൻ ചെയ്തു എന്നെഴുതി വച്ചിരിക്കുന്നത് ശുദ്ധ അസംബന്ധം തന്നെ. അദ്ദേഹത്തിന്റെ കുൽസിത ചെയ്തികൾ മറച്ചു വയ്ക്കാനായിരിക്കണം ഈ മാന്ത്രിക കാര്യങ്ങൾ കുത്തി നിരച്ചുവച്ചത്.

ശങ്കരന്റെ ജീവിതത്തെ കുറിച്ചുള്ള ചരിത്രം നമുക്ക് തേടിപ്പോകേണ്ട ഒരാവശ്യവുമില്ല. അഥവാ പ്രത്യയശാസ്ത്രങ്ങളുടെ പുരോഗതിയെ പറ്റി അന്വേഷിച്ചു പോകുകയാണെങ്കിൽ സാമൂഹിക മാറ്റങ്ങൾക്ക് തടസ്സം നിന്ന ഒരു ശത്രുവിനെയാകും ശങ്കരനിൽ നാം കാണുക. ശങ്കരനും ഒരായിരം കൊല്ലങ്ങൾക്കു മുമ്പെ ഉപനിഷത്തുക്കൾക്ക് പലരും ഭാഷ്യങ്ങൾ എഴുതിയിട്ടുണ്ട്. ഇനിയും നമുക്കതിന് ഭാഷ്യങ്ങൾ ചമക്കേണ്ട ഒരാവശ്യവുമില്ല. ശങ്കരൻ ഏതുതരം ദുഷിച്ചതും അധാർമ്മികവുമായ പ്രവൃത്തികളാണ് ചെയ്തിരിക്കുന്നതെന്ന് കണ്ടുപിടിച്ച് അവയെ പുറത്തു കൊണ്ടുവരലാണ് ഇപ്പോഴത്തെ നമ്മുടെ ധർമ്മം.

*

# 3

## സർവ്വം ഖൽവിദം ബ്രഹ്മം

എല്ലാം ബ്രഹ്മം കൊണ്ട് ഉണ്ടാക്കപ്പെട്ടിരിക്കുന്നു എന്നാണ് സർവ്വം ഖൽവിദം ബ്രഹ്മം എന്ന വാക്യത്തിനർത്ഥം. ഇത് സാമവേദത്തിലെ ഛാന്ദോക്യോപനിഷത്തിൽ നിന്നുള്ളതാണ് (3-4-10).

ശങ്കരൻ അതിസമർത്ഥമായി പ്രചരിപ്പിച്ച കുറച്ച് വചനങ്ങളുണ്ട്. അതിൽ തന്നെ അതിപ്രശസ്തമായ ചില മഹാവാക്യങ്ങൾ താഴെ കൊടുക്കുന്നു.

പ്രജ്ഞാനം ബ്രഹ്മഃ (പരിശുദ്ധമായ ബോധമാണ് ബ്രഹ്മം) - ഋഗ്വേദത്തിലെ ഐതരേയ ഉപനിഷത്, 3-3.

അഹം ബ്രഹ്മാസ്മി (ഞാൻ ബ്രഹ്മമാകുന്നു) - യജുർവ്വേദത്തിലെ ബൃഹദാരണ്യക ഉപനിഷത്, 1-4-10.

തത്വമസി (അത് നീയാകുന്നു) - സാമവേദത്തിലെ ഛാന്ദോക്യ ഉപനിഷത്, 6-8-7.

അയമാത്മ ബ്രഹ്മഃ (ഈ ആത്മാവ് ബ്രഹ്മമാകുന്നു) - അഥർവ്വ വേദത്തിലെ മാണ്ഡൂക്യ ഉപനിഷത്, 1.2.

വേദാന്ത രീതിയിൽ സംസാരിക്കുന്നവർ ഈ വചനങ്ങൾ ഇടക്കിടെ ഉരുവിടുന്നതു കാണാം. സന്യാസികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട വാക്കുകൾ കൂടിയാണിവ.

ജാതിവ്യവസ്ഥയെ എപ്പോഴും പിൻതാങ്ങിയ ശങ്കരൻ ഈ മഹാവാക്യങ്ങൾക്കു പിന്നിലാണ് എപ്പോഴും ഒളിഞ്ഞിരുന്നത്. ബ്രഹ്മത്തെപ്പറ്റിയുള്ള കപടസിദ്ധാന്തങ്ങൾ കൊണ്ടുനടക്കലായിരുന്നില്ല ശങ്കരന്റെ ഉദ്ദ്യേശം, മറിച്ച് ജാതിവ്യവസ്ഥയെ പുനരുദ്ധരിപ്പിക്കലായിരുന്നു. വളരെയേറെ കൊട്ടിഘോഷിക്കപ്പെട്ട അദ്വൈതവുമായിരുന്നില്ല അത്. തന്റെ ദൗത്യം നിർവഹിക്കാനായി നാല് ഭാഗങ്ങളിൽ നാല് മഠങ്ങൾ സ്ഥാപിച്ച് അദ്ദേഹം രാജ്യത്തെ വെട്ടി മുറിച്ചു. ഓരോ

ഭാഗത്തിന്റേയും പ്രവർത്തന ചുമതല ഓരോരോ മഠാധിപതിക്ക് നൽകുകയും ചെയ്തു. ഇതിലൂടെ ജാതിസമ്പ്രദായത്തെ ശരിക്കും നിലനിർത്തി പോരാൻ ഈ മഠയജമാനൻമാരെ പ്രാപ്തരാക്കുക യാണ് അദ്ദേഹം ചെയ്തത്. ഇവരെ സഹായിക്കാനായി സുധൻവാ രാജാവിനെ ഇവയുടെയൊക്കെ ധർമ്മാധികാരിയായി നിയമിക്കു കയും ചെയ്തു. ഇതിനെയാണ് മഹാനുശാസനം എന്നു പറയു ന്നത്. ഇരുപത്തിയാറ് ശ്ളോകങ്ങളിലായാണ് ഈ ശാസനം എഴു തപ്പെട്ടിരിക്കുന്നത്. അവയിൽ താഴെപ്പറയുന്നവയെ നമുക്കൊന്ന് വിശകലനം ചെയ്യാം.

വർണ്ണാശ്രമ സദാചാര അസ്മാഭിര്യെ പ്രസാദിത
രക്ഷാനി അസ്തു ഏവൈതാ ശ്വേശ്വഭാഗെ യഥാവിധി 5
സുധൻവാ ഹി മഹാരാജസ്ത ദൻവീച നരേശ്വരാ
ധർമ്മപരമ്പരിമേതം പാലയന്തു നിരന്തരം 17
ചാതുർവർണ്ണം യഥായോഗ്യം വാഗ്മനാ കയ കർമ്മഭി
ഗുരോപീതാംസ മർചേതാ വിഭാഗാനുക്രമേണവൈ 18
അചരക്ഷിപ്ത ദന്താസ്തു സന്തതാ സുകൃതിനോ ഗധ
നിർമല സ്വർഗ്ഗമായന്തി കൃത്വാപാപനി മാനവ 21
ധർമ്മസ്യ പദ്ധതിർഹ്യ യേഷാ ജഗത് സ്ഥിതിഹേതവൈ
സർവ്വവർണ്ണാശ്രമാംഹി യഥശാസ്ത്രം വിധേയതി. 25

ഇതിന്റെ അർത്ഥമിതാണ്. അതാത് ഭാഗത്തെ മഠാധിപതികൾ ഓരോ ജാതിയുടേയും കുലത്തൊഴിലിനെ ചട്ടപ്പടി നടത്തിപ്പിക്കേ ണ്ടതാണ്. സുധൻവാ രാജാവും മറ്റ് രാജാക്കന്മാരും ഇതിന്റെ സംര ക്ഷണം ഉറപ്പു വരുത്തണം. നാല് വർണ്ണങ്ങളും ശങ്കരപീഠങ്ങൾക്ക് അധീനപ്പെട്ടിരിക്കണം. തെറ്റ് ചെയ്തവൻ മഠാധിപതികളുടെ ശിക്ഷ ഏറ്റു വാങ്ങുമ്പോൾ ശാപമുക്തരാകും. ധർമ്മം നിലനിർത്തുന്ന തിൽ മഠാധിപതികൾക്കുള്ള അധികാരം ആരും ചോദ്യം ചെയ്യരു ത്. പരമ്പരാഗതമായ ഈ ധർമ്മം നിലനിർത്തേണ്ടത് രാജാക്കന്മാ രുടേയും ആചാര്യന്മാരുടേയും കടമയാണ്. ഇതാണ് ശങ്കരന്റെ അദ്വൈത മഹാനുശാസനം. വർണ്ണാശ്രമധർമ്മത്തെ അരക്കിട്ടുറപ്പി ക്കലാണ് ഈ ശാസനത്തിന്റെ ലക്ഷ്യമെന്നത് സുവ്യക്തമാണല്ലോ. ശങ്കരന്റെ ഉദ്ദേശ്യവും മറ്റൊന്നായിരുന്നില്ല.

ഓരോ ജാതിക്കും നിശ്ചയിച്ചിരുന്ന ജോലി കൃത്യമായി ഏതൊ ക്കെയാണെന്ന് അറിയണമെങ്കിൽ നമ്മൾ മനുസ്മൃതിയിലേക്ക് പോകണം. താഴെ തട്ടിലുള്ള ഹിന്ദുക്കളുടെ ജീവിതം എത്രമാത്രം നിന്ദ്യമായും ക്രൂരതയോടും കൂടിയാണ് നിയന്ത്രിച്ചിരുന്നത് എന്നത് ശൂദ്രന്മാരുടെ ജീവിതസാഹചര്യങ്ങളിലേക്ക് ഒന്നെത്തി നോക്കിയാൽ

കാണാനാകും. നാല് വർണ്ണങ്ങളിൽ ശൂദ്രന്മാരെ ഏറ്റവും താഴെത്തട്ടിലാക്കി. തൊട്ടുകൂടാൻ പാടില്ലാത്തവരെന്ന് മുദ്രകുത്തി ദളിതരെ താഴെത്തട്ടിലുള്ളവരിൽ തന്നെ ഏറ്റവും താഴെയാക്കി അകറ്റി നിർത്തി.

**എങ്ങനെയാണ് എല്ലാം ബ്രഹ്മമായത്?**

ശങ്കരൻ ബ്രഹ്മസിദ്ധാന്തത്തിൽ അടിമുടി അലിഞ്ഞു ചേർന്നിരുന്നതായാണ് ബ്രഹ്മവാദികളുടെ പ്രചരണം. സത്യത്തിൽ, ശങ്കരന് അതിനോട് ഒരു പ്രതിബദ്ധതയുമില്ലായിരുന്നു. ഇത് വാസ്തവമായിരിക്കെ, മനീഷപഞ്ചകത്തിന്റെ കഥ തെറ്റാവാനാണ് സാദ്ധ്യത. അഥവാ അതിൽ പറഞ്ഞ കഥ ശരിയാണെങ്കിൽ അതിലെത്ര സത്യമുണ്ടെന്ന് നമുക്ക് അന്വേഷിക്കേണ്ടിയിരിക്കുന്നു. മനീഷപഞ്ചകത്തിലെ കഥയനുസരിച്ച് ചണ്ഡാളൻ വന്ന് വഴി തടഞ്ഞ് ശങ്കരനെ ചോദ്യം ചെയ്യുന്നതുവരെ അദ്വൈതം എന്താണെന്ന് അദ്ദേഹത്തിന് അറിയില്ലായിരുന്നു. അതുവരെ അറിയാതിരുന്ന ഒരു സിദ്ധാന്തം എങ്ങനെയാണ് ഒരുവന് അതിനുമുൻപ് അറിയാമായിരുന്നു എന്ന് പറയുന്നത്? ഞാനാണോ, അഥവാ, എന്റെ അന്തരാത്മാവാണോ വഴി മാറേണ്ടത് എന്ന ചണ്ഡാളന്റെ ചോദ്യം കേട്ടപ്പോഴാണത്രേ ശങ്കരന് പുതിയൊരു ചിന്ത വന്നത്. ഈ സത്യാവസ്ഥ അറിയാമായിരുന്നതു കൊണ്ടാകണം ശിഷ്യന്മാർ അദ്ദേഹത്തെ കൊന്നു കളഞ്ഞത്. എന്നാൽ മരണം വരെയും ജാതിവ്യവസ്ഥയെ വളർത്തിയ ആളായിരുന്നു ശങ്കരൻ. തൊട്ടു കൂടാത്തവരെ അദ്ദേഹവും അകറ്റി നിർത്തി. അതായിരുന്നു ശങ്കരന്റെ അദ്വൈതം. ചണ്ഡാളക്കഥയുടെ പൊരുളും അതു തന്നെയാണ്. ഓരോരോ ജാതിയും വ്യത്യസ്തമാണെങ്കിൽ അവയോരോന്നിനും അതാതിന്റെ ബ്രഹ്മമുണ്ടാകണം. മനീഷപഞ്ചകമാണ് അദ്ദേഹത്തിന്റെ കൊലക്ക് കാരണമായതെന്ന് ഒരു കിംവദന്തി ഉണ്ടെങ്കിലും, വേറെയും പല കാരണങ്ങളും തീർച്ചയായും ഉണ്ടായിരുന്നിരിക്കണം. പരകായപ്രവേശമെന്ന തന്ത്രമുപയോഗിച്ചാണ് എല്ലാ പരസ്ത്രീഗമനങ്ങളും ശങ്കരൻ നടത്തിയതെന്ന കാര്യം നാം മറന്നുകൂടാ. ഇതൊക്കെയായാലും അബ്രാഹ്മണരായ അദ്വൈതികൾ മാത്രമാണ് ശങ്കരൻ കൊലചെയ്യപ്പെട്ടതു തന്നെയാണ് എന്ന് പറയുന്നത്.

താൻ ആരാലെങ്കിലും കൊല്ലപ്പെടുമെന്ന ചിന്ത ശങ്കരനെ ഒരിക്കലും അലട്ടിയിട്ടില്ല എന്നും അതുകൊണ്ടുതന്നെ അദ്ദേഹം ഒരു സാമൂഹ്യവിപ്ളവകാരിയാണെന്നും അതുകൂടാതെ മനീഷപഞ്ചകം ചൊല്ലിയതുകൊണ്ട് അദ്ദേഹമൊരു സമത്വവാദിയാണെന്നും നവശങ്കരവാദികൾ വാദിക്കുന്നു. അങ്ങനെയാണെങ്കിൽ വേറൊരു (താ

ഴ്ന്ന) ജാതിയിലെ പണ്ഡിതനെ കണ്ടിട്ട് ശങ്കരൻ അഭിവാദനം ചെയ്തിട്ടുണ്ടോ? അതുപോലെത്തന്നെ ഒരു ചണ്ഡാളനെ അദ്ദേഹം തന്റെ അടുത്തേക്ക് സ്വാഗതം ചെയ്തിട്ടുണ്ടോ? സമത്വ വാദിയായ ഒരാൾ എങ്ങനെയാണ് പല തട്ടുകളായുള്ള ജാതി വ്യവസ്ഥയെ പിൻതാങ്ങുന്നത്? ഒരദ്വൈതി അതിനെ എതിർക്കേണ്ടതല്ലേ? ഓം വർണ്ണാശ്രമ പ്രതിഷ്ഠാത്രേ നമഃ എന്ന് അഷ്ടോത്തര നാമാവലിയിൽ ശങ്കരവാദികൾ അദ്ദേഹത്തെ പുകഴ്ത്തുന്നുണ്ട്. ശങ്കരൻ ഒരു സമത്വവാദിയും സാമൂഹ്യപരിഷ്ക്കർത്താവുമായിരുന്നു എന്നു കേട്ടാൽ ആരും ചിരിച്ചു പോകും. ശൂദ്രജാതിയിൽ പെട്ട ഒരുവനും ഒരു പണ്ഡിതനാകാൻ പറ്റില്ലെന്ന് വാദിച്ചത് ശങ്കരനാണ്. അപ്പോൾ എങ്ങനെയാണ് ചണ്ഡാളോസ്തു സാ തു ദ്വിജോസ്തു ഗുരുരിത്യേഷ മണീഷാ മമ (അതുപോലെയുള്ള അയാൾ ചണ്ഡാളനോ, ബ്രാഹ്മണനോ ആയാലും ഒരു ഗുരുവാകാൻ യോഗ്യനാണ് എന്നാണ് എന്റെ പക്ഷം) എന്നദ്ദേഹം പറഞ്ഞത്?

**ജാതിസമ്പ്രദായത്തോടുള്ള ശങ്കരന്റെ മനോഭാവം**

ശ്രവണാദ്ധ്യായനർത്ഥ പ്രതിഷേധാ സ്മൃതേഷ്ച്ഛ (ഗൗതമ ധർമ്മസൂത്രം, 1-3-38) എന്ന വരികൾക്ക് വ്യാഖ്യാനമെഴുതിയപ്പോൾ എന്താണ് ശങ്കരൻ പറഞ്ഞത്? ശൂദ്രൻ വേദങ്ങൾ പഠിക്കരുതെന്നും യജ്ഞം ചെയ്യരുതെന്നും സ്മൃതികളിൽ പറഞ്ഞിരിക്കുന്നു എന്നതുകൊണ്ട് അവന് വിദ്യ നേടാനുള്ള അവകാശമില്ലെന്ന്. വേദം കേൾക്കുന്നവന്റെ ചെവിയിൽ ഈയമോ, മെഴുകോ ഉരുക്കി ഒഴിക്കണമെന്ന് ഗൗതമ ധർമ്മസൂത്രം പറയുന്നുണ്ട് (2-12-4). സഞ്ചരിക്കുന്ന ഒരു ശ്മശാന മാണ് ശൂദ്രൻ എന്നതുകൊണ്ട് അവന്റെ മുന്നിൽ ആരും വേദം വായിക്കരുതെന്ന് വസിഷ്ഠസ്മൃതി (18) പറയുന്നു. ശൂദ്രന് പഠിക്കാൻ അവകാശമില്ലെങ്കിൽ മറ്റുള്ളവർക്ക് എങ്ങനെയാണ് ആ അവകാശം കിട്ടുന്നത്? ഇതും പോരാതെ വേദം ഉരുവിടുന്ന ശൂദ്രന്റെ നാക്ക് അരിഞ്ഞുകളയണമെന്നും പറഞ്ഞിട്ടുണ്ട്. അതവൻ ശബ്ദത്തോടെ പാരായണം ചെയ്യുകയാണെങ്കിൽ അവന്റെ ശരീരം തന്നെ തുണ്ടു തുണ്ടായി മുറിക്കണമെന്നുമാണ് മനുവിന്റെ തീട്ടൂരം. അഥഹസ്യ വേദമുപശ്രിൻ വദസ്ത്ര പുജുതുഭ്യം സ്തോത്ര പ്രതിപുരാണ മുദഹരണേ ശരീരഭേദാ (ഗൗതമ ധാര 2-12-4) എന്നാണ് ഗൗതമ ധർമ്മ സൂത്രത്തിൽ പറഞ്ഞിരിക്കുന്നത്. മനുസ്മൃതിയിലെ ആപ്തവാക്യമനുസരിച്ച് (4-80) ശൂദ്രന് ഒന്നിനും അവകാശമില്ല. ഗൗതമ ധർമ്മസൂത്ര (9-11) മനുസരിച്ച് വേദങ്ങൾ പഠിക്കാനും യജ്ഞം ചെയ്യാനുമുള്ള അവകാശം ബ്രാഹ്മ

ണനു മാത്രമേയുള്ളൂ. ബ്രാഹ്മണന്മാരുടെ മുന്നിൽ വച്ച് മറ്റ് മൂന്ന് വർണ്ണക്കാരോട് തെറ്റായ രീതിയിലേ പുരാണങ്ങൾ പറയാവൂ എന്ന് മഹാഭാരതത്തിലെ ശാന്തിപർവ്വത്തിൽ (12-88-49) പറയുന്നു. ഇതിൽനിന്ന് ശൂദ്രന്മാർക്ക് വേദങ്ങൾ പഠിക്കാനോ മറ്റ് വിദ്യകൾ നേടാനോ അവകാശമില്ലെന്നു വരുത്തുകയാണ്.

മേൽപ്പറഞ്ഞ വാക്കുകളൊന്നും നമ്മുടേതല്ല. ബ്രഹ്മസൂത്രത്തിന്റെ ഭാഷ്യം ചമച്ചപ്പോൾ ശങ്കരൻ എഴുതി വച്ചതാണവ. ശ്രുതികളേയും സ്മൃതികളേയും ഉയർത്തിക്കാട്ടിയാണ് ശൂദ്രന് വിദ്യ നേടാനുള്ള അവകാശമില്ലെന്ന് ശങ്കരൻ സമർത്ഥിച്ചത്. ശൂദ്രനെ ശിക്ഷിക്കുവാനുള്ള എല്ലാ കാര്യങ്ങളേയും ന്യായീകരിച്ച ശങ്കരന്റെ ശരീരത്തിൽ എങ്ങനെയാണ് ബ്രഹ്മം നിറഞ്ഞു നിന്നത്? ബ്രഹ്മസിദ്ധാന്തമെന്ന കപടസിദ്ധാന്തത്തെ കൊണ്ടുനടന്ന ഇദ്ദേഹത്തെ ഇന്നും ആരാധിക്കാൻ ആളുകളുണ്ട് എന്നത് ലജ്ജിപ്പിക്കുന്ന കാര്യമാണ്. ഇത്തരം വൃത്തികെട്ട ചിന്താരീതികൾ കൊണ്ടുനടന്നിരുന്ന ആന്ധ്ര വാൽമീകി (1863-1936) യെപ്പോലുള്ള ആധുനികരും ഇവിടെയുണ്ടായിരുന്നു എന്നത് സങ്കടകരമായ കാര്യമാണ്. തത്വശാസ്ത്രപരമായ കാര്യങ്ങൾ ചർച്ച ചെയ്യാൻ ശൂദ്രന്മാർക്ക് അർഹതയില്ല എന്നാണ് വാൽമീകി പറഞ്ഞു നടന്നിരുന്നത്. ഇതേ ആശയം തന്നെയാണ് ആയിരത്തി ഇരുനൂറ് കൊല്ലങ്ങൾക്കു മുൻപ് ശങ്കരനും പറഞ്ഞുകൊണ്ടുനടന്നിരുന്നത് എന്ന കാര്യം നവശങ്കരവാദികൾ ഓർക്കുന്നത് നല്ലതാണ്.

ബ്രഹ്മസൂത്രം എഴുതിയ ബാദരായണൻ (ബി.സി.ഇ 500 നും 200 നും ഇടയിൽ) ജാതിവ്യവസ്ഥക്കുവേണ്ടി ശക്തിയുക്തം വാദിച്ച വ്യക്തിയായിരുന്നു. അതിന് ഭാഷ്യം ചമച്ച ശങ്കരനും ഇക്കാര്യത്തിൽ ഒട്ടും പിന്നിലായിരുന്നില്ല. ശരിയായ തത്വചിന്തയുടെ (സമത്വവാദത്തിന്റെ) ശത്രുക്കളായ അവരെ അദ്വൈതികൾ എന്നു വിളിക്കുന്നതു തന്നെ വഞ്ചനാപരമാണ്.

### ഒരു മുൻഇന്ത്യൻ രാഷ്ട്രപതിയുടെ ജാതിപ്രിയത

തൊട്ടുകൂടായ്മയുടെ തത്വജ്ഞാനി എന്ന ഒരു പ്രത്യേക പദവി നമ്മുടെ മുൻരാഷ്ട്രപതിയായ ഡോ.എസ്.രാധാകൃഷ്ണനുണ്ട്. ഇന്ത്യൻ ഫിലോസഫി എന്ന തന്റെ പുസ്തകം എഴുതിയപ്പോൾ ശങ്കരനെ പിൻതുണക്കാനായി അദ്ദേഹത്തിന്റെ രചനകളെ ഡോ.രാധാകൃഷ്ണൻ സമർത്ഥിച്ചതിങ്ങനെയായിരുന്നു.

ജാതിവ്യവസ്ഥയുടെ പ്രാധാന്യം കുറഞ്ഞുകൊണ്ടിരുന്ന അക്കാലത്ത് (ശങ്കരന്റെ ജീവിത കാലത്ത്) അതിൽ ജനങ്ങളെ കൂടുതൽ

കൂടുതൽ വിശ്വസിപ്പിക്കാൻ അദ്ദേഹം വഴി കണ്ടെത്തി. ഒരു പ്രത്യേക ജാതിയിൽ ഒരാൾ ജനിച്ചുപോകുന്നത് ആകസ്മികമല്ലെന്നും അത് മുജ്ജന്മ പ്രവൃത്തികളുടെ അനന്തരഫലം കൊണ്ടാണെന്നുമുള്ള പരമ്പരാഗതമായ വിശ്വാസം വേദം പഠിക്കാനുള്ള ബ്രാഹ്മണരുടെ അവകാശത്തെ അംഗീകരിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഏതു ജാതിയിൽ പെട്ടവനും ഏത് വിദ്യയും സ്വായത്തമാക്കാം എന്ന് പറഞ്ഞ ശങ്കരൻ അത്, പക്ഷെ, ബ്രാഹ്മണീയ വിധിപ്രകാരമുള്ള വർണ്ണാശ്രമധർമ്മത്തിന് അനുസൃതമാകണമെന്ന് വിധിച്ചു. (ഇന്ത്യൻ ഫിലോസഫി, വോള്യം 2, പേജ്-516). ഡോ.രാധാകൃഷ്ണൻ തുടരുന്നു. വർണ്ണാശ്രമ നിയമം പാലിക്കാൻ ഹിന്ദുക്കൾ ബാദ്ധ്യസ്ഥരാണ്. കാരണം സമൂഹമനസ്സിന്റെ ഉയർന്ന തലത്തെയാണ് അത് കാണിക്കുന്നത്.

ഇത് വളരെ വിചിത്രമായൊരു പ്രസ്താവനയാണ്. മുജ്ജന്മചെയ്തികളുടെ ഫലം കൊണ്ടാണോ ആളുകൾ പലജാതിയിൽ ജനിക്കുന്നത്? അതുകൊണ്ടാണോ ശങ്കരൻ അതിനെ അനുകൂലിച്ചത്? ഏതു ജാതിയിൽ പെട്ടവനും വിദ്യ നേടാൻ അവകാശമുണ്ടെന്നു പറഞ്ഞത് ശങ്കരന്റെ അഭിപ്രായമാണോ? ഹിന്ദുമതത്തിന് ഉയർന്ന പദവിയുണ്ടോ? ഉണ്ടെങ്കിൽ ഇതാണോ കാരണം?

ബ്രാഹ്മണർ മാത്രമേ വിദ്യ അഭ്യസിക്കാവൂ എന്ന് ശങ്കരൻ ശക്തിയുക്തം വാദിച്ചതിന് തെളിവുണ്ട് (ബ്രഹ്മസൂത്ര ഭാഷ്യം, 3-4-38 മുതലായവ). അബ്രാഹ്മണർക്കും വിദ്യ നേടാനുള്ള അവകാശമുണ്ടെന്ന് ശങ്കരൻ സമർത്ഥിക്കുന്നത് എങ്ങനെയെന്നു നോക്കുക. മുൻജന്മത്തിൽ ബ്രാഹ്മണരായിരുന്നതു കൊണ്ടാണ് ഈ ജന്മത്തിൽ ബ്രാഹ്മണനല്ലെങ്കിലും അത് സാദ്ധ്യമാകുന്നതെന്ന് (ബ്രഹ്മസൂത്ര ഭാഷ്യം, 3-4-34). കൗശലക്കാരനും കുതന്ത്ര ബുദ്ധിയുമുള്ള ഒരാൾക്കേ ഇങ്ങനെ പറയാനൊക്കൂ.

സ്വന്തം ജന്മത്തെപ്പറ്റി സത്യകാമ ജാബാലിക്ക് അറിവുണ്ടായിരുന്നില്ല (ശൂദ്ര സ്ത്രീയായ ജാബാലയുടെ മകനായിരുന്നു ജാബാലി. വാൽമീകി രാമായണത്തിൽ സത്യകാമ ജാബാലിയെ പറ്റി പരാമർശിക്കുന്നുണ്ട്). അച്ഛനാരെന്ന ഗുരുവിന്റെ ചോദ്യത്തിന് അതറിയില്ലെന്ന ശരിയായ ഉത്തരമാണ് അവൻ കൊടുത്തത്. ബ്രാഹ്മണൻ മാത്രമേ സത്യം പറയൂ എന്ന ഉറച്ച വിശ്വാസത്തിൽ ശൂദ്രബാലനായിട്ടുകൂടി ആ കുട്ടിയെ ബ്രാഹ്മണനായെടുക്കുകയാണ് ഗുരു ചെയ്തത്! ഇത് ഉപനിഷത്തുക്കളുടെ പിൻബലത്തോടെ ശങ്കരൻ ന്യായീകരിക്കുകയും ചെയ്തു (ബ്രഹ്മസൂത്ര ഭാഷ്യം, 3-4-37).

ശൂദ്രന്മാരെ ശിക്ഷിക്കുന്നതിനെ ശങ്കരൻ എങ്ങനെയൊക്കെയാണ് അനുകൂലിച്ചതെന്ന് നമ്മൾ കണ്ടുകഴിഞ്ഞു. എല്ലാം ബ്രഹ്മമയമാണെന്ന് ശങ്കരൻ പറഞ്ഞത് വെറും പൊറംപൂച്ച് മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ചെയ്തികളുടെ അടിസ്ഥാനത്തിൽ ബ്രാഹ്മണന്റേയും ശൂദ്രന്റേയും ബ്രഹ്മങ്ങൾ വെവ്വേറെത്തന്നെയായിരുന്നു. ഈ സത്യത്തെ മറച്ചു വച്ചാണ് ഡോ. രാധാകൃഷ്ണൻ വർണ്ണാശ്രമ ധർമ്മത്തെ അനുകൂലിച്ചു കൊണ്ട് എല്ലാം തലകീഴാക്കി എഴുതി വച്ചത്.

മനീഷ പഞ്ചകമൊഴിച്ചാൽ ശൂദ്രർക്ക് വേറൊരു ബ്രഹ്മമുണ്ടെന്ന രീതിൽ ശങ്കരൻ എഴുതിയെന്നതിന് തെളിവൊന്നുമില്ല. മനീഷ പഞ്ചകത്തെ മനീഷ വഞ്ചക മാക്കുന്നതിൽ ഒരു കാര്യവുമില്ല. ജാതി വ്യവസ്ഥയെ അരക്കിട്ട് ഉറപ്പിക്കാൻ വേണ്ടിത്തന്നെയാണ് ശങ്കരൻ നാല് മഠങ്ങൾ സ്ഥാപിച്ചത്. ശൈവരുടെ ലിംഗാരാധനയേയും, വൈഷ്ണവരുടെ സുദർശന ചക്രത്തേയും, ശക്തരുടെ മദ്യസേവയേയും, കാപാലികരുടെ തലയോട്ടി മാലയേയും ശക്തിയുക്തം എതിർത്ത ശങ്കരൻ ആറ് മതവിഭാഗങ്ങളുടെ തലവനെന്ന രീതിയിൽ അറിയപ്പെട്ടു. അതിന്റെയൊക്കെ ആചാര്യനായും അദ്ദേഹം അവരോധിക്കപ്പെട്ടു. പക്ഷെ ഇതൊന്നും ശങ്കരന്റെ സ്വന്തം കഴിവുകൾ കൊണ്ടായിരുന്നില്ല എന്നതാണ് പരമാർത്ഥം. ശങ്കരന്റെ ശരിയായ വ്യക്തിത്വം നിശ്ചയിക്കുന്നതിന് മുൻപ് അദ്വൈതത്തിന്റെ വാക്താക്കൾ എഴുതിയ അദ്ദേഹത്തിന്റെ ജീവചരിത്രം നമുക്ക് നോക്കേണ്ടി വരും. അതിൽ കുറച്ചൊക്കെ ശരിയാണെന്നു വരാം. ശങ്കരൻ പറഞ്ഞത് എന്താണെന്നറിയാൻ അദ്ദേഹമെഴുതിയ കൃതികളും ഭാഷ്യങ്ങളും വായിക്കേണ്ടിയിരിക്കുന്നു. അത് ചെയ്തുപോയാൽ അവയെ അപലപിക്കാനേ നമുക്ക് കഴിയൂ. അതെല്ലാം തെറ്റാണെന്നു വരുമ്പോൾ അദ്ദേഹത്തിന്റെ തത്വശാസ്ത്രം എന്തായിരുന്നു എന്നറിയാൻ നമുക്ക് വേറെ തെളിവുകൾ ഒന്നുമില്ല.

മനീഷ പഞ്ചകം ഉരുവിട്ടത് ശങ്കരനാണോ അതോ വേറെ ആരെങ്കിലുമാണോ എന്നന്വേഷിക്കുന്നത് നമ്മുടെ ചർച്ചയുടെ ഭാഗമല്ല. പക്ഷെ ചെറുപ്പത്തിലേ അദ്ദേഹമിതൊക്കെ ചെയ്തെന്നാണ് അദ്ദേഹത്തെപ്പറ്റിയുള്ള ചരിത്രങ്ങൾ പറയുന്നത്. എട്ടു വയസ്സുള്ളപ്പോൾ സ്വന്തം കാലിൽ കടിച്ച മുതലയുടെ പിടി വിടുവിച്ചത് സന്യാസിയാകാൻ വേണ്ടി അമ്മയുടെ സമ്മതം ലഭിക്കാനായിരുന്നു. ഗോവിന്ദപാദരുടെ ശിഷ്യത്വം സ്വീകരിക്കാൻവേണ്ടി അദ്ദേഹത്തിന്റെ അടുത്തെത്തിയപ്പോൾ നീ ആരാണ് എന്ന് ഗുരു ചോദിച്ചത്രേ. സന്യാസി ആയിട്ടില്ലെങ്കിലും ഒരു പൂർണ്ണ സന്യാസിയെപ്പോലെ ആയിരു

ന്നത്രേ ശങ്കരൻ അതിനു കൊടുത്ത മറുപടി. അതിൽ അദ്വൈതവും ശൂന്യതാവാദവും ഉൾപ്പെട്ടിരുന്നതായി പറയപ്പെടുന്നു. അതായത് ചെറുപ്പം മുതൽ മരണം വരെ ഈ പാണ്ഡിത്യസ്വഭാവം അദ്ദേഹം കാണിച്ചു എന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. യുക്തിചിന്തയുടെ ഭാഷയിൽ പറഞ്ഞാൽ കുട്ടിക്കാലം തൊട്ട് അന്ത്യം വരെ അദ്വൈതം എന്ന അസുഖം ശങ്കരനെ ബാധിച്ചിരുന്നു എന്നു സാരം.

**ശങ്കരന്റെ സ്ത്രീവിരോധം**

പ്രശ്നോത്തര മണി (രത്ന) മാല രചിച്ചപ്പോൾ സ്ത്രീ നരകത്തിലേക്കുള്ള തുറന്ന വാതിലാണെന്നാണ് ശങ്കരന്റെ സന്യാസം അദ്ദേഹത്തെക്കൊണ്ട് എഴുതിച്ചത് (ദ്വാരം കിം ഏകം നരകസ്യ നാരി - നരകത്തിലേക്കുള്ള ഏകമാർഗ്ഗം സ്ത്രീയാണ്). ആ സ്ത്രീ വിരോധം വീണ്ടും വീണ്ടും അദ്ദേഹം പ്രകടിപ്പിക്കുന്നത് നോക്കുക.

സമ്മോഹ യദ്ദ്യേവ സുരേവ ക സ്ത്രീ-(പുരുഷനെ) മദമത്തനാക്കുന്നതും വശീകരിക്കുന്നതും സ്ത്രീയാണ്.

കാ ശ്യ്യംഖല പ്രണഭ്രിതാം ച നാരി-മനുഷ്യനെ (പുരുഷനെ) തളച്ചിടുന്ന ചങ്ങലയാണ് സ്ത്രീ.

വിശ്വാസപത്രം ന കി മസ്തി നാരീ - വിശ്വസിക്കാൻ കൊള്ളാത്തത് സ്ത്രീയാണ്.

കിം തദ് വിഷം ഭട്ടി സുധോപമം (അമൃതുപോലെ തോന്നിപ്പിച്ച് ചതിക്കുന്ന വിഷമാണ് സ്ത്രീ)

ജനം ന സഖ്യം ച കി മസ്തി സർവൈ യോഷിൻ മനോ യദ് ചരിതം തദീയം (ആർക്കും മനസ്സിലാക്കാൻ പറ്റാത്ത വസ്തുവാണ് സ്ത്രീ)

അങ്ങനെ സ്ത്രീയുടെ മേൽ അതിരില്ലാത്ത വിദ്വേഷം വർഷിച്ച ആളായിരുന്നു ശങ്കരൻ. തന്റെ സ്മൃതിയിൽ നാ സ്ത്രീ സ്വാതന്ത്ര്യമർഹതി (സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നില്ല) എന്നെഴുതി വച്ച മനുവിനേക്കാളും ആയിരം മടങ്ങ് സ്ത്രീ വിദ്വേഷിയായിരുന്നു ശങ്കരൻ. സ്ത്രീ ഒരിക്കലും സ്വാതന്ത്ര്യം അനുഭവിക്കാൻ പാടില്ലെന്ന നിഷ്ഠൂര മനഃസ്ഥിതിയുള്ള ആളായിരുന്നു അദ്ദേഹം. (ശുക്ള യജുർവേദത്തിലെ ബൃഹദാരണ്യോപനിഷത്തിൽ പരാമർശിക്കുന്ന) ഗാർഗിയേയും മൈത്രേയിയേയും ഉദ്ധരിച്ചുകൊണ്ട് ഭാരതീയ സംസ്കാരത്തിൽ സ്ത്രീക്ക് വളരെ ഉയർന്ന പദവിയാണ് എപ്പോഴുമുള്ളതെന്ന് വീമ്പിളക്കുന്ന ചില മാന്യന്മാരുണ്ട്. ശങ്കരനെ വലിയൊരു മനുഷ്യസ്നേഹിയായി കരുതുന്ന ഇത്തരക്കാർ ഒരു

കാര്യം വ്യക്തമാക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ വിവരണമനുസരിച്ച് സ്ത്രീയെ മനുഷ്യകുലത്തിന്റെ ഭാഗമായി കാണാൻ പറ്റുമോ എന്ന്. അതുകൂടാതെ ശങ്കരൻ പറയുന്ന ബ്രഹ്മം സ്ത്രീകൾക്കുമുണ്ടോ; ഉണ്ടെങ്കിൽ പുരുഷന്മാർക്കുള്ള ബ്രഹ്മവുമായി അതിന് സാദൃശ്യമുണ്ടോ? അപ്രകാരമുള്ള ദ്വൈതാവസ്ഥ നിലവിലുണ്ടെങ്കിൽ അതിന് അദ്വൈതിയുടെ വിശദീകരണമെന്താണ്? ശങ്കരന്റെ കുറെ ശ്ലോകങ്ങൾ ചൊല്ലിയതു കൊണ്ടോ, അദ്ദേഹത്തിന് കുറെ പദവികൾ കൊടുത്തതുകൊണ്ടോ ഒരു കാര്യവുമില്ല. അത്തരം പൊങ്ങച്ചങ്ങളൊന്നും അദ്ദേഹത്തെ ആ പദവികൾക്ക് യോഗ്യനാക്കുന്നില്ല.

എല്ലാ മതങ്ങളും സ്ത്രീയെ രണ്ടാംതരം പൗരന്മാരായേ കണക്കാക്കിയിട്ടുള്ളു. സത്യത്തിൽ അവരെ മനുഷ്യരായിപ്പോലും കണക്കാക്കിയിരുന്നില്ല എന്നതാണ് പരമാർത്ഥം. മതങ്ങൾ വലിയ ദ്രോഹമാണ് സ്ത്രീകളോട് ചെയ്തു പോന്നിട്ടുള്ളത്. മനുഷ്യപുരോഗതിയുടെ ഏറ്റവും വലിയ വിലങ്ങുതടിയും അതാണ്.

ചാർവാകം ഒരു മതമല്ല. മറിച്ച് പ്രകൃതിവാദത്തിന്റെ തത്വശാസ്ത്രമാണത്. ജൈനോപദേശങ്ങളും ബുദ്ധതത്വങ്ങളും അവയുടെ വളർച്ചയുടെ കാലഘട്ടങ്ങളിൽ മതസ്വഭാവങ്ങൾ കാണിച്ചിട്ടുണ്ടെങ്കിലും അവ രണ്ടും ബ്രാഹ്മണീയ (ഹിന്ദു) മതത്തെപ്പോലെ ദുഷ്ടസ്വഭാവം കാണിച്ചിട്ടില്ല. ഹിന്ദുമതത്തിന്റെ ഏറ്റവും വലിയ തെറ്റ് അത് ഒരുപോലെയുള്ള ജനതയിൽ കുറച്ചുപേരെ ഉയർന്ന തലത്തിലുള്ളവരും മറ്റുള്ളവരെ താഴെ തട്ടിലുള്ളവരുമാക്കി തരം തിരിച്ചു എന്നതാണ്. ഈയൊരൊറ്റ കാരണത്താലാണ് വിദേശ രാജ്യങ്ങളിലുള്ള കുറച്ച് മതങ്ങൾക്ക് ഇവിടെ വേരുറപ്പിക്കാൻ കഴിഞ്ഞത്. അടിച്ചമർത്തപ്പെട്ട ജാതിക്കാർ ഈ മതങ്ങളിലേക്ക് ചേക്കേറി. പുറത്തു നിന്നെത്തിയ മതങ്ങൾക്കും ന്യൂനതകൾ കുറവായിരുന്നില്ലെങ്കിലും അവർ എല്ലാവരേയും ഒരുപോലെ കണ്ടു. അവർ എല്ലാവരേയും മനുഷ്യരായി കണ്ടു എന്നതാണ് കൂടുതൽ പ്രസക്തം.

ചാർവാക, ജൈന, ബുദ്ധ അനുയായികൾ ഒരുവിധത്തിലുമുള്ള ജാതിവ്യത്യാസം കാണിച്ചിരുന്നില്ല. ഈ വിശ്വാസ ധാരകളെയെല്ലാം തകർത്ത് തരിപ്പണമാക്കിയ ശങ്കരൻ ബ്രാഹ്മണീയ മതത്തിലെ ജാതിവ്യവസ്ഥക്ക് അതിശക്തമായ അടിത്തറയുണ്ടാക്കി. താഴ്ന്ന ജാതിയിലുള്ളവർ പുറത്തു നിന്നുവന്ന മതങ്ങളെ സ്വീകരിച്ചതിൽ ശങ്കരനും വലിയ പങ്കുണ്ട്. വലിയ സിദ്ധാന്തങ്ങളെന്ന ഭാവത്തിൽ വലിയ വാക്കുകൾ സ്വന്തം പുസ്തകത്തിൽ എഴുതിപ്പിടിപ്പിച്ച നമ്മുടെ മുൻരാഷ്ട്രപതിയും ഇക്കാര്യങ്ങൾ മറച്ചു വക്കുകയാണുണ്ടായത്.

ജീവിച്ചിരുന്ന കാലം മുഴുവൻ ബ്രാഹ്മണീയ മതത്തെ പൊക്കിപ്പിടിക്കാനാണ് ശങ്കരൻ പ്രയത്നിച്ചത്. അർത്ഥരഹിതമായ ബ്രഹ്മസിദ്ധാന്തമല്ലാതെ ഏതെങ്കിലും സാമൂഹ്യ സിദ്ധാന്തം ശങ്കരൻ ആവിഷ്കരിച്ചിട്ടുണ്ടോ? ഇല്ല. ചാർവാകന്മാരും ബൗദ്ധന്മാരും തകർത്ത ജാതിസമ്പ്രദായത്തെ പുനരുദ്ധരിക്കൽ മാത്രമായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തവും ലക്ഷ്യവും. സർവ്വം ഖൽവിദം ബ്രഹ്മം ശങ്കരന്റെ സ്വന്തം ആശയമായിരുന്നില്ല. അതുപോലെ തന്നെ തത്വമസിയും. ഇവ രണ്ടും ഛന്ദോക്യോപനിഷത്തിൽ ഉള്ളതാണ്. അഹം ബ്രഹ്മാസ്മി എന്ന വചനം ബൃഹദാരണ്യോപനിഷത്തിൽ നിന്നെടുത്തതാണ്. അയമാത്മ ബ്രഹ്മഃ എന്നത് മണ്ഡൂക്യ ഉപനിഷത്തിൽ നിന്നാണെടുത്തത്. അതുപോലെ പ്രജ്ഞാനം ബ്രഹ്മം എന്നത് ഐതരേയ ഉപനിഷത്തിൽ നിന്നും. പല രചനകളിലും നിന്നെടുത്ത വാക്യങ്ങളെ സ്വന്തമാക്കി അവതരിപ്പിക്കുന്നത് ശങ്കരന്റെ ഒരു സ്വഭാവമായിരുന്നു. ശങ്കരവിജയത്തിന്റെ അർത്ഥം തന്നെ സമത്വവാദത്തെ പറിച്ചു കളഞ്ഞ് ജാതിവ്യവസ്ഥയെ പ്രതിഷ്ഠിച്ചവന്റെ വിജയം എന്നാണ്.

*

# 4

## പരകായപ്രവേശം

ഒരാളുടെ ആത്മാവ് മറ്റൊരുവന്റെ ശരീരത്തിൽ പ്രവേശിക്കുന്നു എന്നു പറയുന്ന കലയിൽ യുക്തിവാദി വിശ്വസിക്കുന്നില്ല. ആയിരത്തി തൊള്ളായിരത്തി എൺപത്തൊന്നിലെ എന്റെ ലേഖനത്തിൽ ഞാനിത് വ്യക്തമാക്കിയിരുന്നതാണ്. ശങ്കരന്റെ തന്നെ സിദ്ധാന്തത്തിൽ മായയാകുന്ന പ്രപഞ്ചത്തിൽ വെറും കാൽപ്പനികം മാത്രമായ ഈ ശരീരത്തിലെ ആത്മാവ് വേറൊരു ശരീരത്തിൽ പ്രവേശിക്കുമെന്ന് അദ്ദേഹത്തിന് എങ്ങനെ പറയാൻ കഴിയും? പരകായപ്രവേശത്തെ നിരാകരിച്ച യുക്തിവാദികളെ തങ്ങൾ എഴുതിയ പുസ്തകങ്ങളിൽ കുറ്റപ്പെടുത്തുന്ന നവശങ്കരവാദികൾ ഇപ്പോൾ അങ്ങനെ ചെയ്തുപോയതിൽ ഖേദിക്കുകയാണ്. സർവ്വം ഖൽവിദം ബ്രഹ്മം എന്ന തത്വം മുഴുവനും അരച്ചു കലക്കി കുടിച്ചവനാണത്രേ ശങ്കരൻ. അങ്ങനെയാണെങ്കിൽ നൃസിംഹ സ്തോത്രം ചൊല്ലിയതിന്റെ ആവശ്യകതയെന്താണ്? ഇത്തരം കാര്യങ്ങളിൽ നവശങ്കരവാദികൾ യുക്തിവാദികളെ വലിച്ചിഴച്ച് കൊണ്ടുവരുന്നത് അസൂയ കൊണ്ട് മാത്രമാണ്.

പരകായപ്രവേശം എന്ന തട്ടിപ്പ് ഉപയോഗിക്കുന്നത് മറ്റുള്ളവരുടെ മുന്നിൽ കള്ളക്കളികൾ നടത്താനാണെന്ന കാര്യം യുക്തിവാദികൾക്ക് നന്നായറിയാം. ശങ്കരന്റെ അമിത കാമാസക്തിയെ മറച്ചു പിടിക്കാനും അദ്ദേഹത്തെ പ്രതിരോധിക്കാനും വേണ്ടിയാണ് ശങ്കരവാദികൾ ഇത്തരം കള്ളക്കഥകൾ പടച്ചുണ്ടാക്കിയത്.

നൃസിംഹ സ്തോത്രത്തിലൊന്നും യുക്തിവാദികൾക്ക് യാതൊരു താൽപ്പര്യവുമില്ല. ഈ സ്തോത്രം മനോഹരമായി ആലപിച്ചതുകൊണ്ടാണ് കത്തിപ്പോയ ശങ്കരന്റെ കാൽ പൂർവ്വസ്ഥിതിയിൽ ആയതെന്ന പൊട്ടക്കഥയിൽ അവർക്ക് വിശ്വാസവുമില്ല. എന്നാൽ, ഏത് സാഹചര്യത്തിലാണ് ഒരാളുടെ കാൽ കത്തുക

എന്നതാണ് അവർക്ക് ചോദിക്കാനുള്ളത്.

മന്ദാന മിശ്രയുടെ വീട്ടിലേക്ക് കടക്കാനായി എന്തുകൊണ്ട് മതിൽ ചാടിക്കടന്നില്ല എന്ന് ചരിത്രകാരന്മാർ എഴുതിയത് എന്തിനാണെന്നറിയാൻ യുക്തിവാദികൾക്ക് താൽപ്പര്യമുണ്ട്. അതുപോലെത്തന്നെ അതേ വീട്ടിലേക്ക് കടക്കാൻ വശ്യശക്തി ഉപയോഗിച്ച് തെങ്ങ് വളച്ച് കടന്ന കഥയെപ്പറ്റിയും. കള്ളക്കഥകൾ എഴുതി വച്ച ശങ്കരന്റ ചരിത്രകാരന്മാരെ വിമർശിക്കാതെ നവശങ്കരവാദികൾ യുക്തിവാദികളുടെ മേൽ കുതിര കയറുന്നതിൽ അവർ ലജ്ജിക്കേണ്ടതാണ്.

ജഗത്ത് മിഥ്യയാണെന്നു പറഞ്ഞിനർത്ഥം മനുഷ്യശരീരത്തിന് നിലനിൽപ്പ് ഇല്ല എന്നല്ലേ? അപ്പോൾ ശങ്കരന് ശരീരം തന്നെ ഉണ്ടായിരുന്നില്ലെന്നാണോ നാം കരുതേണ്ടത്! ശങ്കരന്റ ചരിത്രകാരന്മാർ വിവരിച്ചതുപോലെയല്ലെങ്കിലും, ശങ്കരൻ ശരിക്കും അമരുക രാജാവിന്റെ ശരീരത്തിൽ പ്രവേശിച്ചിരുന്നോ? പാപം ഉണ്ടാകുന്ന ഒരു കാര്യവും ശങ്കരൻ ചെയ്തിട്ടില്ലെങ്കിൽ എന്തിനാണ് അദ്ദേഹത്തിന്റെ (മൃത) ശരീരം ശ്മശാനത്തിലേക്ക് എടുത്തു വച്ച് കത്തിക്കാൻ തുടങ്ങിയത്? കാൽ കത്താൻ തുടങ്ങുന്നതിന് മുൻപുതന്നെ നൃസിംഹ സ്തോത്രം ചൊല്ലാമായിരുന്നില്ലേ? അഥവാ, അദ്ദേഹം ഈ സ്തോത്രം ചൊല്ലിയിട്ടേയില്ല എന്നുണ്ടോ? അദ്ദേഹത്തിന്റെ പേരിലുള്ള നൂറ് കണക്കിന് സ്തോത്രങ്ങളും സ്തവങ്ങളും ശങ്കരൻ എഴുതിയത് തന്നെയാണോ? ഈ ചോദ്യങ്ങൾക്കൊന്നിനും നവശങ്കരവാദികൾക്ക് ഉത്തരമില്ലാത്തതു കൊണ്ട്, അവയെ തള്ളിക്കളയുന്നതിലോ, തള്ളിക്കളയാതിരിക്കുന്നതിലോ വലിയ പ്രസക്തിയൊന്നുമില്ല.

സത്യത്തിൽ മറ്റ് എല്ലാവർക്കുമുള്ള ശരീരം പോലെത്തന്നെയായിരുന്നു ശങ്കരന്റെ ശരീരവും. ഒരു മനുഷ്യശരീരത്തിനു വേണ്ട എല്ലാ സംഗതികളും അതിനുമുണ്ടായിരുന്നു. മറ്റുള്ളവരെപ്പോലെ ശങ്കരനും ഭക്ഷണം കഴിച്ചു, വെള്ളം കുടിച്ചു, ഉറങ്ങി. പലരേയുംപോലെ പരസ്ത്രീ ഗമനം നടത്തി, മറ്റെല്ലാവരേയും പോലെ മലമൂത്രവിസർജനമൊക്കെ ചെയ്ത് അവസാനം മരിക്കുകയും ചെയ്തു. ഭക്ഷണം കഴിക്കാത്തവന് ഭിക്ഷ ചോദിക്കേണ്ട ആവശ്യം തന്നെയില്ലല്ലോ. കഴിച്ച ഭക്ഷണം ഒരിക്കലും സ്ഥിരമായി ആരുടേയും ആമാശയത്തിൽ തങ്ങിനിൽക്കാറുമില്ല. ധാരാളം അമാനുഷിക കാര്യങ്ങൾ ശങ്കരൻ ചെയ്തിട്ടുണ്ടെന്നു പറയപ്പെടുന്നെങ്കിലും കഴിച്ച ഭക്ഷണം ദഹിച്ച് പുറത്തു പോകാതെ വയറ്റിൽ തന്നെ പിടിച്ചു നിർത്തുന്ന കല അദ്ദേഹം കാണിച്ചതായി പറയുന്നില്ല. തടഞ്ഞു നിർത്താൻ പറ്റാത്ത സ്വാഭാവിക പ്രവർത്തനങ്ങളാണ് അതെല്ലാം.

ഭക്ഷണം കഴിക്കലും ഉറങ്ങലും പോലുള്ള ഒഴിച്ചുകൂടാൻ പറ്റാത്ത കാര്യങ്ങൾ ഓരോരുത്തർക്കും ചെയ്യണമെന്നതു പോലെ തനിക്കും ചെയ്യണമെന്നതു കൊണ്ടായിരിക്കണം, ഒരു പക്ഷെ, ജീവിതത്തോട് തന്നെ ശങ്കരന് വെറുപ്പും വിരക്തിയും തോന്നിയത്. എല്ലാം മിഥ്യയാണ്, മായയാണ് എന്നു വിളിച്ചുപറഞ്ഞു നടന്നതുകൊണ്ടൊന്നും ശരീരം അങ്ങനെ അപ്രത്യക്ഷമാകില്ല. ശരീരത്തിന് ആവശ്യമായ കാര്യങ്ങളൊന്നും ബ്രഹ്മത്തിന് വേണ്ട എന്നതുകൊണ്ടായിരിക്കണം ബ്രഹ്മത്തിന് മാത്രമേ നിലനിൽപ്പുള്ളൂ എന്നദ്ദേഹം പറഞ്ഞു നടന്നത്. ജഗത്ത് മായയായതുകൊണ്ട് ശരീരവും മായയാണല്ലോ. അഥവാ, വേറൊരു മായയുണ്ടെങ്കിൽ ആ സിദ്ധാന്തം എങ്ങനെയാണ് ദ്വൈതത്തിൽ നിന്ന് വിമുക്തമാകുന്നത്? കൊട്ടിഘോഷിക്കപ്പെടുന്ന ഈ ബ്രഹ്മവും മായയും തമ്മിലുള്ള ബന്ധമെന്താണ്?

ബ്രഹ്മം സത്യവും ഈ ദൃശ്യപ്രപഞ്ചം മായയുമാണെന്നാണ് അദ്വൈതികൾ പഠിക്കുന്നത്. ഈ പ്രപഞ്ചം ഇങ്ങനെ കാണപ്പെടുന്നത് മായ യുണ്ടാക്കുന്ന മതിഭ്രമം കൊണ്ടുമാത്രമാണെന്നും. അത് കണ്ണാടിയിലെ പ്രതിഫലനം പോലെയാണെന്നുമാണ് അവരുടെ വാദം. അങ്ങനെയാണെങ്കിൽ കണ്ണാടി മാറ്റുമ്പോൾ പ്രതിഫലനം അപ്രത്യക്ഷമാകുന്നതുപോലെ മായയും മാഞ്ഞുപോകേണ്ടതല്ലേ? അപ്പോൾ മായ ബ്രഹ്മത്തിൽ നിന്ന് വിഭിന്നമല്ലല്ലോ. ഇവ രണ്ടും ഒന്നാണെങ്കിൽ പിന്നെ അദ്വൈതത്തിന് എന്താണ് പ്രസക്തിയുള്ളത്? ബ്രഹ്മത്തിന്റെ പ്രതിഫലനമാണ് ഈ ലോകമെങ്കിൽ ബ്രഹ്മവും ഈ ലോകത്തെപ്പോലെയാകണം. കണ്ണാടിയിലെ നമ്മുടെ പ്രതിബിംബം നൂറ് ശതമാനവും നമ്മെപ്പോലെത്തന്നെയാണല്ലോ. മനസ്സിൽ കുടിലതയുള്ളവരാണ് പ്രതിബിംബത്തെ വ്യത്യസ്തമായി കാണുന്നത്. നാമറിയുന്ന ലോകം നമുക്ക് അനുഭവവേദ്യമാകുമ്പോൾ ശങ്കരനും ശങ്കരവാദികളും പറയുന്നത് അത് നേരിട്ടുള്ള അനുഭവമല്ല; മറിച്ച് അതിന്റെ പ്രതിഫലനം മാത്രമാണെന്നാണ്. എന്നാൽ, നിത്യസത്യമെന്ന് പറയപ്പെടുന്ന ബ്രഹ്മം നമുക്കൊരിക്കലും അനുഭവവേദ്യമാകില്ല എന്നും പറയുന്നു. ഇതൊരു വിഢ്ഢി പ്രസ്താവനയല്ലേ! സത്യത്തിൽ ബ്രഹ്മത്തെ അറിയണമെങ്കിൽ പ്രപഞ്ചത്തെ അറിയണം. അതാണ് എളുപ്പ മാർഗ്ഗം. അനുഭവവേദ്യമായ ലോകത്തെ ഉപേക്ഷിച്ച് അനുഭവവേദ്യമാകാത്ത ബ്രഹ്മത്തെ അറിയാൻ പോകുന്നത് പമ്പരവിഢ്ഢിത്തമാണ്. നാം അറിയുന്ന ഒന്ന് മതിഭ്രമമാണെന്നും, അറിയാത്ത ഒന്ന് സത്യമാണെന്നും കരുതുന്നത് തികഞ്ഞ അജ്ഞതയാണ്. നിരർത്ഥകമായ താരതമ്യത്തിലൂടെ സ്വന്തം ലക്ഷ്യത്തിലെത്താൻ ശ്രമിക്കുന്നത് ശാസ്ത്രീ

യമായ രീതിയല്ല. നിലനിൽപ്പില്ലാത്ത ബ്രഹ്മത്തിലൂടെ (യഥാർത്ഥത്തിൽ) നിലനിൽപ്പുള്ള പ്രപഞ്ചത്തെ കണ്ടെത്താൻ ശ്രമിക്കുന്നത് ശുദ്ധ ഭോഷത്തരമാണ്.

മിനുസമുള്ളതും പ്രകാശമുള്ളതുമായ പ്രതലം മറ്റു വസ്തുക്കളെ പ്രതിഫലിപ്പിക്കും. വസ്തുവും, പ്രതലവും, പ്രതിബിംബവും മൂന്ന് വ്യത്യസ്ത കാര്യങ്ങളാണ്. വസ്തു എന്താണോ, അതിനെയാണ് പ്രതലം പ്രതിഫലിപ്പിക്കുന്നത്. വസ്തുവിന്റെ ഫോട്ടോ എടുക്കുന്നതു പോലെത്തന്നെ പ്രതിബിംബത്തിന്റേയും ഫോട്ടോ എടുക്കാം. സത്യം പറഞ്ഞാൽ ബ്രഹ്മവുമില്ല, മായയുമില്ല. എങ്ങനെയാണ് യഥാർത്ഥമായും നിലനിൽപ്പുള്ള ഒരു വസ്തുവിനെ (പ്രപഞ്ചത്തെ) കൊണ്ടുവരാൻ തികച്ചും അയഥാർത്ഥമായ ഒന്നിനെ (ബ്രഹ്മത്തെ) പ്രതിഫലിപ്പിക്കുന്നത്? എവിടെ നിന്നാണ് ഈ വിവേചനമുണ്ടാകുന്നത്? അതുപോലെത്തന്നെ, എവിടെയാണ് ഇതിൽ ന്യായമുള്ളത്? ശങ്കരന്റെ ഈ ഭ്രാന്തചിന്ത നിരീശ്വരവാദമാണെന്ന് പറയുന്ന കൂട്ടരെ നമ്മളെങ്ങനെയാണ് മനസ്സിലാക്കേണ്ടത്? ശൂന്യത നിലനിൽപ്പുള്ള ഒരു വസ്തുവിനെ ഉണ്ടാക്കുമെന്നും ആ വസ്തു ശൂന്യതയുടെ പ്രതിഫലനമാണെന്നും ഇതാണ് നിരീശ്വരവാദമെന്നും കരുതുന്നത് പമ്പരവിഡ്ഢിത്തമാണ്. ഒന്നുമില്ലായ്മയിൽ നിന്ന് എന്തെങ്കിലുമുണ്ടാക്കൽ നിരീശ്വരവാദത്തിന്റെ രീതിയല്ല; മറിച്ച്, അത് ഈശ്വരവാദികളുടെ സൂത്രമാണ്. അദ്വൈതവും ഈ സൂത്രവിദ്യ തന്നെയാണ് പ്രചരിപ്പിക്കുന്നത്. ശരീരത്തിന്റെ നിലനിൽപ്പ് ശങ്കരൻ നിരാകരിച്ചു എന്നു പറയുന്ന അദ്വൈതവാദികൾ തന്നെ ശരീരമാണ് (ദ്രവ്യമാണ്) ബ്രഹ്മമെന്ന് ശങ്കരൻ പറഞ്ഞു എന്നും പറയുന്നു. അതാണത്രേ നവ-അദ്വൈതം. ഇവരുടെ വിവരമില്ലായ്മ അളക്കാൻ നമ്മൾ അശക്തരാണ്. യഥാർത്ഥത്തിൽ ഒരു മനോരോഗ വിദഗ്ധനേ ഇക്കൂട്ടരെ മനസ്സിലാക്കാൻ പറ്റൂ.

ശരീരം (ദ്രവ്യം) ബ്രഹ്മമാണെങ്കിൽ ശരീരം ഇല്ലാതാകുമ്പോൾ ബ്രഹ്മവും ഇല്ലാതാകണം. അഥവാ ഇവ രണ്ടും ഇല്ലാതെ വരുമ്പോൾ പിന്നെ അവശേഷിക്കുന്നത് മായ മാത്രമാണ്. ഇനി ദ്രവ്യം ബ്രഹ്മമാണെങ്കിൽ എന്തിനായിരുന്നു ശങ്കരൻ ചാർവാകൻമാരും മറ്റ് ഭൗതികവാദികളുമായി തർക്കിച്ചത്? ദ്രവ്യത്തിന് നിലനിൽപ്പുണ്ട് എന്നു ചാർവാകൻമാർ പറഞ്ഞപ്പോൾ ശങ്കരൻ അതിനെ നിഷേധിച്ചു. എന്നാൽ ചാർവാകൻമാർ ഇല്ലെന്നു പറഞ്ഞ ബ്രഹ്മം ശങ്കരൻ ഉണ്ടെന്ന് ശഠിക്കുകയും ചെയ്തു. അവർ തമ്മിലുള്ള വാഗ്വാദത്തിന് ഇതായിരുന്നു പ്രധാന കാരണം.

ബ്രഹ്മം മാത്രമേ ശാശ്വതമായിട്ടുള്ളു എന്ന് പ്രസംഗിച്ചു നടന്ന ശങ്കരൻ പക്ഷെ, ധാരാളം സ്തോത്രങ്ങളിലൂടെ അനേകം ദേവൻമാ

രേയും ദേവിമാരേയും പ്രാർത്ഥിച്ചു നടന്നതായും പറയുന്നു. സ്തോത്രങ്ങൾ അദ്ദേഹത്തിന്റേതല്ല എന്ന് വാദിക്കാം. അങ്ങനെ യാണെങ്കിൽ ശങ്കരന് ഒരു ചരിത്രവുമില്ലെന്നു വരും. അമ്പലങ്ങൾ സന്ദർശിക്കുക, പുതിയ ബിംബങ്ങൾ പ്രതിഷ്ഠിക്കുക, പഴയവയെ പുനരുദ്ധരിക്കുക, അവയ്ക്കൊക്കെ മുന്നിൽ നിന്ന് സ്തോത്രങ്ങളും സ്തവങ്ങളും ചൊല്ലുക മുതലായവയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പരിപാടികൾ. നൃസിംഹസ്തവം അദ്ദേഹത്തിന്റേതല്ലെങ്കിൽ മനീഷപഞ്ചകവും, മായാപഞ്ചകവും ഭജഗോവിന്ദവും എങ്ങനെ യാണ് ശങ്കരന്റേതാകുന്നത്? ഇതൊന്നും ശങ്കരന്റേതല്ല എന്നു പറ യുന്ന അദ്വൈതികൾ ആരെങ്കിലുമുണ്ടോ?

ശങ്കരനെ ഒരു ചരിത്രപുരുഷനായി എടുക്കുകയാണെങ്കിൽ അദ്ദേ ഹത്തിന്റേതായി നാം വായിക്കുന്ന കഥകൾ എല്ലാം നമുക്ക് തള്ളി ക്കളാൻ വയ്യ. നൂറുകണക്കിന് കൊല്ലങ്ങൾക്ക് മുൻപ് എഴുതപ്പെട്ട അവ അനേകം തലമുറകൾക്ക് മുമ്പുള്ളവർ എഴുതിയവയാണ്. അദ്ദേ ഹത്തെക്കുറിച്ചുള്ള രചനകൾ ആകെക്കൂടി 47 എണ്ണമുണ്ടെന്ന് പറ യുന്നു. ഇതുകൂടാതെ വേറെ 17 എണ്ണം കൂടിയുണ്ടെന്ന് ശങ്കരൻ തന്നെ പറയുന്നുണ്ട്. .അവയിൽ 40 എണ്ണം ആധികാരികമാണെ ന്നാണ് വിശ്വസിക്കപ്പെടുന്നത്. ഇവയെല്ലാം തന്നെ ശങ്കരന്റെ അമാ നുഷിക പ്രവർത്തനെക്കുറിച്ച് ഒരുപോലെ എടുത്തു പറയുന്നു. അവ യിൽ തന്നെ പരകായപ്രവേശമാണ് എല്ലാവരുടേയും തുരുപ്പുശീട്ട്.

ശങ്കരനെപ്പറ്റിയുള്ള വിവരണങ്ങളിൽ നിന്ന് പരകായപ്രവേശ മെന്ന ഭാഗം മാറ്റണമെന്നാണ് ഇപ്പോൾ നവശങ്കരവാദികൾ പറയു ന്നത്. അദ്ദേഹത്തെ പറ്റിയുള്ള അസത്യജടിലമായ കഥകൾ മുഴു വനും മാറ്റിയാൽ ശങ്കരചരിതം ഒന്നുമുണ്ടാകില്ല. പക്ഷെ അദ്ദേഹ ത്തെപ്പറ്റിയുടെ ഇത്തരം വൃത്തികെട്ട കഥകൾ പ്രചരിപ്പിക്കപ്പെടുന്ന കാലത്തോളം യുക്തിവാദികൾക്ക് മൗനം ദീക്ഷിക്കാൻ സാദ്ധ്യമല്ല. ഇന്നത്തെ സാമൂഹ്യ-സാംസ്കാരിക പരിതസ്ഥിതിക്കനുസരിച്ച് ശങ്ക രന് അപകീർത്തികരമായ കാര്യങ്ങളൊക്കെ അദ്ദേഹത്തെ കുറി ച്ചുള്ള കഥകളിൽ നിന്ന് മാറ്റമെന്ന് നവശങ്കരവാദികൾ വാദിക്കു ന്നു. ഈയൊരു കാര്യത്തെ ചൊല്ലി സ്വാമിമാർക്കിടയിൽ വലിയ വഴക്കുതന്നെയാണ് ഇപ്പോൾ നടക്കുന്നത്. ഇത്തരം അടിപിടി കാര്യ ങ്ങളിൽ യുക്തിവാദികൾക്ക് ഒരു താൽപ്പര്യവുമില്ല.

ശങ്കരന്റെ ശരിയായ ചെയ്തികളെ കുറിച്ചുള്ള വിവരങ്ങൾ പുറത്തു കൊണ്ടുവരേണ്ടത് സ്വതന്ത്രവാദികളുടെ കടമയാണ്. അദ്വൈതത്തെ ഒരു മറയാക്കി ജാതിസമ്പ്രദായത്തെ അരക്കിട്ടുറ പ്പിക്കലായിരുന്നു ശങ്കരന്റെ ലക്ഷ്യമെന്ന് മുൻപ് സൂചിപ്പിച്ചിരുന്ന

ല്ലോ. അതിലൂടെ ഭാരതജനതയോട് അക്ഷന്തവ്യമായ അനീതിയാണ് അദ്ദേഹം കാട്ടിയത്. അസമത്വത്തിന്റെ, നിഷ്ഠൂരതയുടെ, മനുഷ്യത്വമില്ലായ്മയുടെ, ദുർമാർഗ്ഗത്തിന്റെ പ്രതിരൂപമായാണ് അദ്ദേഹം നിലകൊള്ളുന്നത്.

**ശങ്കരന്റെ പരകായപ്രവേശം**

ശങ്കരകഥകളിൽ ഏറ്റവും മോശമായത് പരകായപ്രവേശം തന്നെയാണെന്ന് യുക്തിവാദികൾക്ക് അറിയാതെയല്ല. ശങ്കരന്റെ ജീവചരിത്രകാരന്മാരിൽ ഒരാൾ പോലും അത് തെറ്റായിരുന്നു എന്ന് എന്തുകൊണ്ട് എഴുതിയില്ല? ശങ്കരമഠങ്ങൾ എന്തുകൊണ്ടാണ് ഈ തെറ്റ് പ്രചരിപ്പിച്ചുകൊണ്ടേയിരിക്കുന്നത്? ശങ്കരനെ ആരാധിക്കുമ്പോൾ പരകായ പ്രവേശ കൃതേ നമഃ എന്ന് ഇപ്പോഴും ഉരുവിട്ടുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്? അഥവാ, പരകായപ്രവേശത്തിന് പോകാതെ മന്ദാന മിശ്രയുടെ ഭാര്യ ഉദയഭാരതിയുമായി നേരിട്ട് കാമസംതൃപ്തിയെപ്പറ്റി ശങ്കരൻ വാദപ്രതിവാദം ചെയ്തിരുന്നെങ്കിൽ മുൻകൂറായിത്തന്നെ ആ അനുഭവത്തെപറ്റി അദ്ദേഹത്തിന് അറിയാമായിരുന്നു എന്ന് നമുക്ക് കുറ്റപ്പെടുത്താമായിരുന്നു. അതുകൊണ്ടായിരിക്കണം ശങ്കരൻ അമരുക രാജാവിന്റെ ശരീരത്തിൽ പ്രവേശിച്ചതെന്നും അതിനുശേഷം അദ്ദേഹത്തിന്റെ നൂറു ഭാര്യമാരെ ബലാൽസംഗം ചെയ്തതെന്നും ഇപ്പോഴത്തെ ശൃംഗേരി മഠാധിപതി സ്വാമി വിദ്യാതീർത്ഥ സമ്മതിക്കുന്നത് (ശ്രീമദ് ശങ്കര ഭഗവദ്പാദ ചരിത്രം, പൊട്ടുകുച്ചി സുബ്രമണ്യ ശാസ്ത്രി, പേജ് - 259). അത് മാത്രമല്ല. സർവജ്ഞപീഠം കയറാൻ പോയപ്പോൾ ആകാശത്തു നിന്ന് ഒരു അശരീരി ഉണ്ടായത്രേ. ഒരു സന്യാസി ആണെങ്കിലും കാമസംതൃപ്തിക്കു വേണ്ടി അമരുക രാജാവിന്റെ നൂറ് ഭാര്യമാരുമായി സംഗമിച്ചതുകൊണ്ട് ഈ സ്ഥാനത്തിന് ശങ്കരൻ അർഹനല്ല എന്നായിരുന്നുവത്രേ ആ അശിരീരി. മാധവ വിദ്യാരണ്യ രചിച്ച ശങ്കരദിഗ്‌വിജയത്തിൽ (പേജ്:16-816) ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തന്റേതല്ല മറ്റൊരാളുടെ ശരീരമുപയോഗിച്ചാണ് അത് നടത്തിയതെന്നായിരുന്നു ശങ്കരന്റെ വാദം. അതേ ഗ്രന്ഥത്തിൽ തന്നെ ശങ്കരശിഷ്യനായ ഹസ്തമലകന്റെ പൂർവ്വ ചരിത്രവും കൊടുത്തിട്ടുണ്ട്. ഹസ്തമലകൻ കുട്ടിയായിരിക്കുമ്പോൾ തന്നെ അദ്ദേഹത്തിന്റെ അച്ഛൻ മരിച്ചുപോയത്രേ. അമ്മയുടെ ദുഃഖമകറ്റാൻവേണ്ടി ഏതോ ഒരു സന്യാസി കുട്ടിയുടെ ശരീരത്തിൽ പ്രവേശിക്കുകയും അങ്ങനെ അവൻ ഒരു പണ്ഡിതനായി തീരുകയും ചെയ്തു എന്നാണ് ആ പൊട്ടക്കഥ. ഇതും ശങ്കരദിഗ്വിജയത്തിൽ (പേജ്: 13. 33-40) കൊടുത്തിട്ടുണ്ട്.

ശങ്കരന്റെ പരകായപ്രവേശനകഥ യുക്തിവാദികളല്ല ഉണ്ടാക്കിയത്. അദ്വൈതികൾക്ക് വളരെ ഇഷ്ടമായ ഇക്കഥ അവർ പൂർണ്ണമായും വിശ്വസിക്കുകയും ചെയ്യുന്നു. ശങ്കരന്റെ ചില ചെയ്തികളൊക്കെ വാസ്തവമാകാമെങ്കിലും ഈ പരകായപ്രവേശം കെട്ടിച്ചമച്ചതാണെന്നാണ് യുക്തിവാദികളുടെ ബലമായ വിശ്വാസം. ബ്രഹ്മസൂത്രത്തിന്റെ ഭാഷ്യത്തിൽ എഴുതിയിരിക്കുന്നത് അനുസരിച്ച് ശങ്കരനും ഇതിൽ വിശ്വസിക്കുന്നില്ലെന്ന് കരുതാൻ ന്യായമുണ്ട്. സുലഭ എന്ന ഒരു സ്ത്രീ സ്വന്തം ശരീരമുപേക്ഷിച്ച് ജനക എന്ന ഒരാളുടെ ശരീരത്തിൽ പ്രവേശിച്ചത്രേ. ബ്രഹ്മജ്ഞാനത്തെപ്പറ്റി വാദപ്രതിവാദം നടത്തിയശേഷം വീണ്ടും തിരിച്ച് സ്വന്തം ശരീരത്തിൽ പ്രവേശിച്ചെന്നും പറയുന്നു. ബ്രഹ്മസൂത്രത്തിന്റെ ഭാഷ്യത്തിൽ ഇക്കാര്യം ശങ്കരൻ എഴുതിയിട്ടുണ്ട് (പേജ്: 3. 111 - 32). പുരാണത്തിലെ സൗഭരിയും മറ്റുള്ളവരും കാമസംതൃപ്തിക്കുവേണ്ടി മറ്റുള്ളവരുടെ ശരീരത്തിൽ പ്രവേശിച്ചിട്ടുള്ളതായും ഇതേ ഭാഷ്യത്തിൽ കാണുന്നുണ്ട് (പേജ്: 4. 11 -16). ഒരു വീട്ടിൽ നിന്ന് മറ്റൊരു വീട്ടിലേക്ക് പോകുന്നതുപോലെ പണ്ഡിതന്മാരായ സ്ത്രീപുരുഷന്മാർ സ്വന്തം ശരീരം വിട്ട് മറ്റൊരാളിലേക്ക് വളരെ എളുപ്പത്തിൽ പോയിരുന്നതായി ബ്രഹ്മസൂത്രത്തിന്റെ ഭാഷ്യത്തിൽ ശങ്കരൻ തന്നെ പറയുന്നു.

ഇതെല്ലാം ശങ്കരൻ തന്നെ എഴുതിയാണ്. തെറ്റ് ചെയ്യുകയും അതിനെ ന്യായീകരിക്കാൻ ശ്രമിക്കുകയുമാണ് ഇത്തരം രചനകളിൽ കൂടി അദ്ദേഹം ചെയ്തത്. എന്നാൽ നവശങ്കരവാദികൾ ഇക്കാര്യത്തിൽ യുക്തിവാദികളെയാണ് വിമർശിക്കുന്നത്. ശങ്കരനോട് സഹതാപം തോന്നാൻ തരത്തിൽ അത്ര തരംതാഴ്ന്നവരല്ലല്ലോ യുക്തിവാദികൾ.

പരകായപ്രവേശന വിഷയത്തിൽ വെറും കാമാസക്തി മാത്രമല്ല ശങ്കരൻ കാണിച്ചത്. അതിൽ സാധാരണ കാമാവേശത്തേക്കാളുപരി സാമൂഹ്യമര്യാദകളുടെ അതിനീചമായ ഉല്ലംഘനമാണുണ്ടായത്. ശങ്കരന്റെ എല്ലാ ചരിതങ്ങളും ഇത് അദ്ദേഹം ചെയ്തതായിത്തന്നെ പറയുന്നുണ്ട്. ഇത് ഉണ്ടായിട്ടില്ല എന്നു കാണിക്കാനുള്ള ഒരു തെളിവും ഇതുവരെയില്ല. അതന്വേഷിക്കാൻ പോകുന്നതിലും നല്ലത് ശങ്കരൻ ജനിച്ചിട്ടില്ല എന്ന് തെളിയിക്കാൻ നോക്കുന്നതാണെന്നു തോന്നുന്നു.

**ശങ്കരപീഠാധിപതി പറഞ്ഞ കഥ**

ക്രിസ്തു വർഷം (സി.ഇ.)1380-86 കാലത്ത് ശൃംഗേരി മഠത്തിന്റെ അധിപതിയായിരുന്ന മാധവ വിദ്യാരണ്യ എഴുതിയ ശങ്കരദിഗ് വിജയത്തിന്റെ എട്ട് തൊട്ട് പത്ത് വരെയുള്ള അദ്ധ്യായങ്ങളിൽ ശ

ങ്കരൻ നടത്തിയ പരകായപ്രവേശത്തെപ്പറ്റി പ്രതിപാദിക്കുകയും അതിനെ വളരെയധികം സമർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ശങ്കരന്റെ ജീവിതത്തിൽ ഈ പ്രവൃത്തിക്ക് വലിയ പ്രാധാന്യമുണ്ടെന്നു തന്നെയാണ് ഇത് കാണിക്കുന്നത്. മാധവ വിദ്യാരണ്യയും ഒരു അദ്വൈതിയായിരുന്നു. അദ്ദേഹം സംസ്കൃതത്തിൽ എഴുതിയ കാര്യങ്ങൾ വളരെ ഹ്രസ്വമായി നമുക്കൊന്ന് പരിശോധിക്കാം.

മന്ദാന മിശ്ര സത്യത്തിൽ ബ്രഹ്മാവാണ്. അദ്ദേഹത്തിന്റെ ഭാര്യ ഉദയഭാരതി സരസ്വതി ദേവിയും. സരസവാണി എന്നപേരിലും അവർ അറിയപ്പെടുന്നുണ്ട്. ഇവരുടെ മദ്ധ്യസ്ഥതയിലാണ് ശങ്കരനും മന്ദാന മിശ്രയുമായുള്ള ആത്മീയ വാദപ്രതിവാദം നടന്നത്. മന്ദാന മിശ്രയുടെ കഴുത്തിലെ പൂമാല വാടിത്തുടങ്ങിയപ്പോൾ അത് സ്വന്തം ഭർത്താവിന്റെ പരാജയമായി അവർ വിധിയെഴുതി. വാദത്തിന് മുൻപ് ഉണ്ടാക്കിയ വ്യവസ്ഥകൾക്കനുസരിച്ചാണ് മന്ദാനക്ക് സന്യാസവൃത്തി സ്വീകരിക്കേണ്ടി വന്നത്. അപ്പോൾ സത്യലോകത്തേക്ക് (ദേവലോകത്തേക്ക്) സരസ്വതി (ഉദയഭാരതി) പോകാൻ തുടങ്ങിയപ്പോൾ വനദുർഗ്ഗ സ്തോത്രം ചൊല്ലി ശങ്കരൻ അവരെ വരുതിയിലാക്കി. മന്ദാനയെ സ്വന്തം ശിക്ഷ്യനാക്കുന്നതിന് മുൻപ് തന്നെയും കൂടി തർക്കത്തിൽ തോൽപ്പിക്കണമെന്ന വ്യവസ്ഥ ഉദയഭാരതി മുന്നോട്ടു വച്ചു. ഒരു സ്ത്രീയോടൊപ്പം വാദപ്രതിവാദം നടത്താൻ ശങ്കരൻ ആദ്യം വിമുഖത കാണിച്ചെങ്കിലും അവസാനം അതിന് സമ്മതിക്കുകയാണ് ചെയ്തത്. അപ്പോഴാണ് ഉദയഭാരതി താഴെപ്പറയുന്ന ചോദ്യങ്ങൾ ചോദിച്ചത്.

കാമസംതൃപ്തിക്ക് ഏതെല്ലാം രീതികളുണ്ട്?

അവയുടെ സ്വഭാവങ്ങൾ എന്തൊക്കെയാണ്?

അതിനുള്ള കേന്ദ്രങ്ങൾ (അവയവങ്ങൾ) ഏതൊക്കെയാണ്?

വെളുത്ത വാവിനും കറുത്ത വാവിനും സ്ത്രീപുരുഷന്മാരിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നത്?

ഇവ അവർ എങ്ങനെയാണ് പ്രകടിപ്പിക്കുന്നത്?

എന്നാൽ ഒരു സന്യാസിയായിരുന്നതുകൊണ്ട് കാമസംതൃപ്തിയെക്കുറിച്ച് ശങ്കരന് ഒരറിവും ഇല്ലായിരുന്നു. ഇക്കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ വേണ്ടി ഒരു മാസത്തെ സമയം കൊടുക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചു. ഉദയഭാരതി അതിന് സമ്മതിക്കുകയും ചെയ്തു. ഇതെങ്ങനെ സാദ്ധ്യമാക്കും എന്നാലോചിച്ച് ശങ്കരൻ ശിഷ്യന്മാരുമായി യാത്രയാരംഭിച്ചു. അങ്ങനെ നടക്കുമ്പോഴാണ് അമരുകൻ എന്ന ഒരു രാജാവ് മരിച്ചതും അദ്ദേഹത്തിന്റെ മൃതശരീരം അടക്കം ചെയ്യാതെ കിടക്കുന്നതായും അറിയുന്നത്. രാജാവിന് നൂ

റ് പത്നിമാർ ഉണ്ടായിരുന്നു. അമരുകന്റെ ശരീരത്തിൽ പ്രവേശിച്ച് അദ്ദേഹത്തിന്റെ ഭാര്യമാരുമായി ലൈംഗിക വേഴ്ച്ചയിൽ ഏർപ്പെടാൻ ശങ്കരൻ അതിയായി ആഗ്രഹിച്ചു. ലൈംഗിക സുഖം അനുഭവിച്ചു കഴിഞ്ഞാൽ അതിൽ നിന്ന് ഗുരു ഒരിക്കലും തിരിച്ചു വരില്ലെന്നു ഭയന്ന് ശിഷ്യന്മാർ അതിനെ എതിർത്തു. ആ സമയത്ത് ശങ്കരൻ അവരെ ഇങ്ങനെ ഉപദേശിച്ചു.

അനാംഗിനോ പ്രഭാവന്തി കാമഹരേരിവ ഭീരവധുസഖാസ്യ

വജ്റോളി യോഗ പ്രതിഭൂഷ ആഷവത്സാവ വിപര്യയോനഃ

സങ്കൽപ്പ യേകാഭില കാമമൂലം സാ യേവമേനസ്തി സമസ്യാ വിഷ്ണോ

തൻമൂല ഹനേ ഭവ പാപ നാശഃ കർത്തു ഷാദ സ്യദ്ഭവ ദോഷ ദൃഷ്ടേ.

(ഇതിന്റെ അർത്ഥമിതാണ്. നമ്മളെല്ലാം സന്യാസപദം പൂകിയവർ ആയതുകൊണ്ട് നമുക്ക് ആഗ്രഹങ്ങൾ ഒന്നുമില്ല. അതുകൂടാതെ വജ്റോളി യോഗ അഭ്യസിച്ചവരായതുകൊണ്ട് നമ്മളെപ്പോലെയുള്ളവർക്ക് (ലൈംഗികബന്ധത്തിൽ പെടുമ്പോൾ) ശുക്ളം യോനിയിലേക്ക് ഒഴുകാതെ പിടിച്ചു നിർത്താൻ കഴിയും. അതുകൊണ്ടുതന്നെ സ്ത്രീയുമായി ബന്ധപ്പെടുമ്പോഴുണ്ടാകുന്ന പാപം നമ്മെ ഗ്രസിക്കില്ല. എല്ലാ ആഗ്രഹങ്ങളുടേയും നാരായ വേര് മനസ്സാണല്ലോ. മനസ്സിനെ കീഴടക്കിയ നമ്മൾ വിഷ്ണുവിന് തുല്യരാണെന്ന് നിങ്ങൾ മനസ്സിലാക്കുക. നമുക്ക് മനോബലമുള്ളതുകൊണ്ട് ഏതൊരു സ്ത്രീ.യുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടാലും അതൊന്നും നമ്മെ ദോഷകരമായി ബാധിക്കില്ല.)

ഈ ഉപദേശം കൊണ്ട് മുഴുവനായും തൃപ്തരാകാതിരുന്ന ശിഷ്യഗണങ്ങളോട് താഴെപ്പറയുന്ന രീതിയിൽ വലിയൊരു ആത്മീയ പ്രഭാഷണം തന്നെയാണ് ശങ്കരൻ നടത്തിയത്.

ലോകത്തെ മായയായി കാണുന്നവനെ ഒരു പാപവും സ്പർശിക്കില്ല. നൂറ് കൊലകൾ നടത്തിയാൽ പോലും അവന് ഒരു പാപവും ഏൽക്കുകയുമില്ല. ദൈനംദിന ചെയ്തികളൊന്നും ആത്മീയ ജ്ഞാനമുള്ള ഒരു താപസനെ നിയന്ത്രിക്കുന്നില്ല എന്ന് നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ടുതന്നെ എന്റെ സ്വന്തം ശരീരമുപയോഗിച്ച് ലൈംഗിക പ്രവൃത്തിയിൽ ഏർപ്പെട്ടാലും എനിക്ക് ഒരു പാപവുമുണ്ടാകില്ല എന്നതാണ് സത്യം. എന്നാൽ പൊതുജനം എന്നെ ഒരു മാതൃകയാക്കി എടുക്കാതിരിക്കാനാണ് ഞാൻ മറ്റൊരാളുടെ ശരീരത്തിലൂടെ കാമസംതൃപ്തി നേടാൻ ശ്രമിക്കുന്നത് (ശങ്കരദിഗ്വിജയം, 9: 92-100).

ഇത് സദാചാരത്തിന്റെ നഗ്നമായ നിഷേധവാദമല്ലെ! പല വലിയ സന്യാസിമാരും തങ്ങളുടെ അധമപ്രവൃത്തികളെ ഇത്തരത്തിൽ ന്യായീകരിക്കാറുണ്ട്. മാധവ വിദ്യാരണ്യയുടെ വിവരണത്തിന്റെ രത്നച്ചുരുക്കം താഴെ കൊടുക്കുന്നു.

അതിനു ശേഷം ഒരു ഗുഹയിൽ വച്ച തന്റെ ശരീരത്തെ ശിഷ്യരോട് നോക്കിക്കൊള്ളണമെന്നു പറഞ്ഞ് അദ്ദേഹം അമരുക രാജാവിന്റെ മൃതശരീരത്തിൽ പ്രവേശിച്ചു. മരിച്ച രാജാവിന് പെട്ടെന്ന് ജീവൻ വച്ചപ്പോൾ രാജ്ഞിമാരും മന്ത്രിമാരും സന്തോഷിച്ചു. രാജാവിന്റെ ശരീരത്തിലൂടെ ശങ്കരൻ ദേവേന്ദ്രനെപ്പോലെ രാജ്യം ഭരിക്കുകയും അദ്ദേഹത്തിന്റെ ഭാര്യമാരുമായി ലൈംഗിക ബന്ധത്തിലേർപ്പെട്ട് രതിസുഖം മതിയാവോളം ആസ്വദിക്കുകയും ചെയ്തു. അദ്ദേഹം മദിര പാനം ചെയ്യുകയും ഭാര്യമാരെ മദ്യം കുടിപ്പിക്കുകയും ചെയ്തു. കാമാസക്തിയോടെ (കണ്ണടച്ച്) അദ്ദേഹം അവരെ ചുംബിക്കുകയും അവരുടെ നഗ്നശരീരങ്ങളെ ആലിംഗനം ചെയ്യുകയും ചെയ്തു. സ്ത്രീയുടെ കാമോദ്ദീപകങ്ങളായ അവയവങ്ങളേയും ഭാഗങ്ങളേയും ശങ്കരൻ സസൂക്ഷ്മം മനസ്സിലാക്കി. ലൈംഗിക പ്രവൃത്തി എങ്ങനെയാണ് പരമാനന്ദം തരുന്നതെന്ന കാര്യവും അദ്ദേഹം ഗ്രഹിച്ചു. വാത്സ്യായനന്റെ കാമസൂത്രം അപ്പോഴാണ് അദ്ദേഹം പഠിച്ചത്. (മാധവ വിദ്യാരണ്യ എഴുതിയ ശങ്കരദിഗ്‌വിജയത്തിൽ അത്യധികം അസഭ്യമായ ഭാഷയിലാണ് ഇക്കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്). കാമകേളികളിൽ നീരാടിക്കിടന്ന ശങ്കരൻ ദിവസങ്ങൾ കഴിഞ്ഞു പോയകാര്യം ഓർത്തില്ല. ഉദയഭാരതിയോട് പറഞ്ഞ ഒരു മാസം കഴിഞ്ഞ് വീണ്ടും ആറുദിവസം കൂടി കഴിഞ്ഞു പോയിരുന്നു. തങ്ങൾ ഭയപ്പെട്ടിരുന്നതുപോലെത്തന്നെ ഗുരു ഇനി തിരിച്ചു വരില്ലെന്ന് ശിഷ്യർ ഉറപ്പിച്ചു.

ഇതിനിടയിൽ (പുനർജനിച്ച) രാജാവിന്റെ പല ചെയ്തികളിലും മന്ത്രിമാർക്ക് സംശയം തോന്നിത്തുടങ്ങിയിരുന്നു. ഏതെങ്കിലും സന്യാസിയാണോ രാജാവിന്റെ ശരീരത്തിൽ കയറിക്കൂടിയിട്ടുള്ളത് എന്നോർത്ത് അവർ ഭയപ്പെട്ടു. എന്തായാലും കയറിക്കൂടിയവൻ തിരിച്ചു പോകാതിരിക്കാൻ അന്നാട്ടിൽ അപ്പോഴുണ്ടായിരുന്ന എല്ലാ മൃതശരീരങ്ങളും കത്തിച്ചു കളയാൻ മന്ത്രിമാർ സേവകർക്ക് ആഹ്വാനം നൽകി. ഇതിനിടയിൽ ശിഷ്യന്മാർ ശങ്കരന്റെ (രാജാവിന്റെ) അടുത്തു ചെന്ന് അദ്ദേഹത്തിന്റെ ദൗത്യത്തെപ്പറ്റി ഓർമ്മിപ്പിച്ചു. പെട്ടെന്ന് ബോധവാനായ ശങ്കരൻ തിരിച്ചു പോന്നപ്പോൾ രാജാവ് വീണ്ടും മരിച്ചു വീണു. ഇതിനിടയിൽ രാജ്യമെമ്പാടും മൃതശരീരങ്ങൾ കത്തിക്കാൻ തുടങ്ങിയ സേവകർ ശങ്കരന്റെ

ദേഹവും കത്തിക്കാൻ തുടങ്ങിയിരുന്നു. പെട്ടെന്ന് സ്വന്തം ശരീരത്തിൽ കടന്നു കൂടിയ ശങ്കരൻ ലക്ഷ്മി നരസിംഹ സ്തോത്രം ചൊല്ലാൻ തുടങ്ങി. ചിതയിലെ അഗ്നി അപ്പോൾത്തന്നെ അപ്രത്യക്ഷമായി.

ശങ്കരവിജയത്തിൽ വിശദമായി എഴുതി വച്ചിരിക്കുന്ന അശ്ളീല കഥയിതാണ്. ഒരു സന്യാസിയുടെ ആഭാസകഥ കൂടിയാണിത് എന്നതാണ് അതിലേറെ രസകരം. രാജാവിന്റെ ഭാര്യമാരുമായി ലൈംഗിക കേളികളിൽ മുഴുകിയിരുന്നപ്പോൾ അവരുടെ മേനിയഴകിൽ ആകർഷിതനായി അദ്ദേഹം അമരുകം എന്ന പേരിൽ നൂറ് ശ്ളോകങ്ങൾ എഴുതിയിട്ടുണ്ട്. വീരസാലിംഗം എഴുതിയ ശങ്കരാചാര്യ എന്ന പുസ്തകത്തിൽ നിന്നും ഇക്കഥ ഞാൻ മുൻപ് ഉദ്ധരിച്ചിട്ടുണ്ട്. സ്വാമിനേനി മുദ്ദുനരസിംഹം എഴുതിയ, 1862ൽ അച്ചടിച്ച, ഹിതാശുചാനി എന്ന പുസ്തകത്തിലും ഇതേ വിശദാംശങ്ങളോടെ ഇക്കാര്യം എഴുതിയിരിക്കുന്നു. ആദ്യം സൂചിപ്പിച്ചതു പോലെ ഇപ്പോൾ ഇത് എടുത്തിരിക്കുന്നത് മാധവ വിദ്യാരണ്യ എഴുതിയ ശങ്കരദിഗ്‌വിജയത്തിൽ നിന്നാണ്.

**മേൽപ്പറഞ്ഞ കഥ എന്താണ് സൂചിപ്പിക്കുന്നത്?**

ശങ്കരൻ പരകായപ്രവേശം നടത്തിയതിനെയല്ല യുക്തിവാദികൾ വിമർശിക്കുന്നതും അധിക്ഷേപിക്കുന്നതും. മറിച്ച് ആ പേരിൽ നടത്തിയ കുടില പ്രവൃത്തിയെയാണ്. മറ്റൊരാളുടെ ശരീരത്തിൽ പ്രവേശിക്കുക എന്ന കാര്യം തീർത്തും അസാദ്ധ്യമാണെന്ന് യുക്തിവാദികൾക്കറിയാം.

കഥയുടെ നിഗൂഢതയെന്തെന്നാൽ ഇതിന്റെ പേരിൽ ശങ്കരൻ രാജാവിന്റെ പത്നിമാരെ വഞ്ചിക്കുകയും അവരെ ബലാൽസംഗം ചെയ്യുകയും ചെയ്തു എന്നതാണ്. ശങ്കരനെന്ന ഈ സന്യാസി ഈ നികൃഷ്ടകൃത്യം ചെയ്തതുകൊണ്ടല്ലേ രാജ്യത്ത് മരിച്ചു കിടന്നിരുന്ന എല്ലാ മൃതശരീരങ്ങളേയും സംസ്കരിക്കാൻ മന്ത്രിമാർ ആജ്ഞാപിച്ചത്! ആ കൂട്ട ശവദാഹത്തിലല്ലേ സ്വന്തം (ശരീരത്തിന്റെ) കാൽ കരിഞ്ഞപ്പോൾ ശങ്കരന് ലക്ഷ്മി നരസിംഹ സ്തോത്രം ഉരുവിടേണ്ടിവന്നത്. എല്ലാം സത്യമെന്നു വിശ്വസിക്കുന്നുണ്ടെങ്കിൽ ഇതും സത്യമാകണമല്ലോ.

അന്നത്തെ കാലത്തെ പുരോഹിതർ അനുവർത്തിച്ചുവന്നിരുന്ന രീതികൾ പരിശോധിച്ചാൽ രാജാവിന്റെ ഭാര്യമാരുടെ അടുത്ത് അവർ എന്തൊക്കെ കാര്യങ്ങൾ ചെയ്തിരിക്കും എന്ന് നമുക്ക് മനസ്സിലാക്കാം. ഇന്നത്തെ കാലത്തു പോലും പല ബാബമാരും സ്വാമികളും പണക്കാരികളും അഭ്യസ്തവിദ്യരുമായ സ്ത്രീകളെ വശീകരി

ച്ച് വരുതിയിലാക്കുന്ന കാര്യം നാം വായിച്ചു കൊണ്ടേയിരിക്കുന്നു. ഇന്നും ഈ സ്ഥിതിവിശേഷമുള്ളപ്പോൾ പിന്നെ അന്ന് ശങ്കരന് ആ രാജ്ഞിമാരെ വശത്താക്കാനാണോ വിഷമം? അത്തരം അപവാദം ഒഴിവാക്കാനായിരിക്കണം ശിഷ്യന്മാർ പരകായപ്രവേശമെന്ന പൊട്ടക്കഥ എഴുതി വച്ചത്. സർവ്വജ്ഞപീഠം ആദ്യം നിഷേധിച്ചതിനു പിന്നിലും ശങ്കരന്റെ അദമ്യമായ കാമാർത്തിതന്നെയായിരിക്കണം കാരണം.

ശങ്കരന്റെ കാമാവേശത്തെ നമ്മൾ വിമർശിക്കുന്നില്ല. അത്തരം സ്വഭാവമുള്ള ഒരാൾ എന്തിനാണ് പിന്നെ വലിയ സന്യാസിയായി ആൾമാറാട്ടം നടത്തിയത് എന്നതാണ് നമ്മുടെ ചോദ്യം. എന്തിനാണ് എല്ലാം മായയാണെന്നും കെട്ടുകഥയാണെന്നും പറഞ്ഞും പഠിപ്പിച്ചും നടന്നത്? മരിച്ച രാജാവിന്റെ ഭാര്യമാരിൽ കൂടി മാത്രം കാമസംതൃപ്തി നേടാനാണോ അദ്ദേഹം ആഗ്രഹിച്ചത്? അക്കാലത്ത് വേശ്യകൾ ഉണ്ടായിരുന്നില്ലേ? ഉണ്ടായിരുന്നെങ്കിൽ അവരെ എന്തുകൊണ്ട് പ്രാപിച്ചില്ല?

ശങ്കരവിജയങ്ങളിൽ ഈ കഥക്ക് വലിയ പ്രാധാന്യമുണ്ട്. തനിക്ക് പാർക്കാൻ സൗകര്യമൊരുക്കിയ ഒരു ബ്രാഹ്മണന്റെ ഭാര്യയുമായി ശങ്കരൻ ലൈംഗികവേഴ്ച്ച നടത്തിയെന്നു പ്രതിപാദിക്കുന്ന മണിമഞ്ജരി എന്ന പുസ്തകത്തിലെ കാര്യങ്ങളൊന്നും ഇവിടെ എടുത്തു പറയുന്നില്ല. (നാരായണ ഭട്ട് എന്നു പേരുള്ള ഒരു മാധ്വനാണ് ഈ പുസ്തകം രചിച്ചത്). ശങ്കരന്റെ ശിഷ്യർ എഴുതിയ ഗ്രന്ഥങ്ങളിൽ നിന്നുമുള്ള ബലാൽസംഗങ്ങളെപ്പറ്റിയുള്ള കഥകൾ നാം ഇതിനുമുമ്പ് പരാമർശിച്ചു കഴിഞ്ഞിട്ടുണ്ട്.

യുക്തിവാദികൾ എങ്ങനെയാണ് ഇവയെയൊക്കെ മനസ്സിലാക്കുന്നത് എന്നതാണ് പ്രധാനം. അതുകൊണ്ടുതന്നെ അവർക്കുനേരെ കുറ്റം ആരോപിക്കുന്നവർ സത്യത്തിൽ ഇതെല്ലാം എഴുതിവച്ച ശങ്കരവാദികളെയാണ് വിമർശിക്കേണ്ടത്. ഇത്തരം കള്ളക്കഥകൾ പടച്ചുണ്ടാക്കിയതിന്റെ പിന്നാമ്പുറ രഹസ്യങ്ങൾ യുക്തിവാദികൾക്കറിയാം. ഇതിന് ശങ്കരവാദികൾക്ക് എന്തെങ്കിലും ഉത്തരമുണ്ടോ?

ഇല്ല. യുക്തിസഹമായ ഒരു ചോദ്യത്തിനും ഉത്തരമില്ല എന്നതാണ് സത്യം. മണ്ഡന മിശ്രയുമായി ശങ്കരൻ ശരിക്കും വാദപ്രതിവാദം നടത്തിയിരുന്നോ? മിശ്രയുടെ കഴുത്തിൽ കിടന്ന പൂമാല വാടിയത് തോൽവിയുടെ അടയാളമാണോ? ചർച്ചയിൽ മദ്ധ്യസ്ഥത വഹിച്ചത് ഉദയഭാരതി തന്നെയായിരുന്നോ? എന്തുകൊണ്ടാണ് അതിന് ഒരു പുരുഷ മദ്ധ്യസ്ഥനെ വയ്ക്കാതിരുന്നത്? സ്ത്രീകളു

മായി ആത്മീയചർച്ച നടത്താൻ ഇഷ്ടപ്പെടാത്ത ശങ്കരൻ എങ്ങനെയാണ് ഉദയഭാരതിയുമായി വാദപ്രതിവാദം നടത്തിയത്? സാന്ദർഭികമായി പറയട്ടെ, സ്ത്രീക്ക് വിദ്യ നേടാനുള്ള അർഹതയില്ലന്നും അവരുടെ അറിവ് അടുക്കളജോലിയിൽ മാത്രം ഒതുങ്ങി നിൽക്കണമെന്നും ഇതൊക്കെ പോരാതെ പുരുഷ ബ്രഹ്മവും, സ്ത്രീബ്രഹ്മവും വെവ്വേറെയാണെന്നുമൊക്കെ ബൃഹദാരണ്യക ഉപനിഷത്തിന്റെ ഭാഷ്യത്തിൽ എഴുതി വച്ച ആളാണ് ശങ്കരൻ (ബൃ.ഉ. 6: 1-17). ഇത്തരത്തിലുള്ള അതിശക്തമായ അഭിപ്രായമുള്ള ആൾ എങ്ങനെയാണ് ഉദയഭാരതിയെ മദ്ധ്യസ്ഥയാക്കി വച്ചത്? അതിലെ രഹസ്യമെന്തായിരിക്കണം? ഇത്തരം പൊട്ടക്കഥകൾ ശങ്കരവിജയങ്ങളിൽ എങ്ങനെയാണ് സത്യമെന്നപോലെ അവതരിപ്പിച്ചിരിക്കുന്നത്? ബ്രഹ്മമെന്ന ചളിക്കുണ്ടിൽ നിന്നും പുറത്തു കടന്നാലല്ലാതെ അദ്വൈതികൾക്ക് ഇത്തരം ചോദ്യങ്ങൾതന്നെ മനസ്സിലാകില്ല. ശങ്കരൻ പരകായ പ്രവേശം നടത്തിയിട്ടില്ല എന്ന് ഇപ്പോൾ നവശങ്കരവാദികൾ മോങ്ങി നടക്കുന്നതിൽ ഒരർത്ഥവുമില്ല. സത്യം പറഞ്ഞാൽ എല്ലാ ശങ്കരവിജയങ്ങളിലും അസ്സൽ നുണയാണ് എഴുതി വച്ചിരിക്കുന്നത്.

ശങ്കരവിജയം ഇംഗ്ളീഷിലേക്ക് തർജ്ജമ ചെയ്ത സ്വാമി തപസ്യാനന്ദ ശങ്കരന്റെ സ്ത്രീ സംസർഗ്ഗത്തെപ്പറ്റി ഇങ്ങനെ പറയുന്നു.

യഥാർത്ഥത്തിൽ ശങ്കരനല്ല, അമരുക രാജാവ് തന്നെയാണ് ലൈംഗിക വേഴ്ച്ച നടത്തിയത്. (പേജ്,117,എഫ്.എൻ.)

ഈ സ്വാമിജി എങ്ങനെയാണ് അദ്വൈതം മറന്നുകളഞ്ഞതെന്ന് നോക്കുക! മറ്റൊരാളുടെ ശരീരമായാൽ എന്തു സംഭവിക്കും? ഈ സ്വാമി ബ്രഹ്മത്തെ വിട്ടു കളഞ്ഞിരിക്കുകയാണ്. എല്ലാം ചെയ്തത് രാജാവിന്റെ മൃതശരീരമായിരുന്നു എന്ന പ്രഹേളികയ്ക്കാണ് അദ്ദേഹം പ്രാധാന്യം കൊടുത്തത്. ദേവേന്ദ്രനെപ്പോലെ രാജ്യം ഭരിച്ചു എന്നതിനർത്ഥം അത് ചെയ്തത് അമരുകനാണ്; ശങ്കരനല്ല എന്നല്ലേ ഈ സ്വാമി വിവക്ഷിക്കുന്നത്. പത്നിമാരുമായി ലൈംഗികബന്ധം പുലർത്തി എന്നതിനർത്ഥം അത് ശങ്കരനായിരുന്നില്ല; അമരുകൻ തന്നെയായിരുന്നു എന്നും സ്വാമിജിയുടെ പ്രസ്താവനയിൽ നിന്ന് നമ്മൾ മനസ്സിലാക്കേണ്ടി വരും. ഇവിടെ വലിയൊരു ചോദ്യം ഉയർന്നു വരുന്നു. എങ്ങനെയാണ് മൃതശരീരം ഇതൊക്കെ ചെയ്യുന്നത്? അദ്വൈതികളുടെ അർത്ഥശൂന്യമായ സിദ്ധാന്തത്തിലും ഈ ആശയക്കുഴപ്പം കാണാം. അമരുകന്റെ മൃതശരീരമാണ് ലൈംഗികസുഖം അനുഭവിച്ചതെങ്കിൽ ശങ്കരന് എങ്ങനെയാണത് കിട്ടുന്നത്? ഒരാൾക്ക് ലഭിക്കുന്ന സുഖം മറ്റൊരാൾക്ക്

കിട്ടുമെങ്കിൽ പിന്നെ ശങ്കരൻ എന്തിനാണ് പരകായപ്രവേശം നടത്തിയത്? അങ്ങനെയാണെങ്കിൽ പൗണ്ഡരീക യജ്ഞത്തിലെന്ന പോലെ ഒരു കാണിയായി മാത്രം അദ്ദേഹത്തിന് നിന്നാൽ മതിയായിരുന്നല്ലോ. എന്നാൽ യാഥാർത്ഥ്യം മറിച്ചാണ്. അനുഭവത്തിൽ കൂടി മാത്രമേ കാമസംതൃപ്തിയെപ്പറ്റിയുള്ള അറിവ് ലഭിക്കൂ. ശങ്കരനും ഇത് വ്യക്തമായി അറിയാമായിരുന്നു.

മറ്റൊരാളുടെ ശരീരത്തിൽ പ്രവേശിച്ച് കാമസംതൃപ്തി കൈവരിക്കുവാൻ പോകുകയാണെന്ന് ശങ്കരൻ പറഞ്ഞതായി ശങ്കരദിഗ് വിജയങ്ങൾ സാക്ഷ്യപ്പെടുത്തുന്നു (9: 90–91). അതിനാൽ ശങ്കരൻ തന്നെയാണ് അമരുകന്റെ പത്നിമാരുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടതെന്ന് വളരെ വ്യക്തമാണ്. മനസ്സിന് സുഖം കിട്ടുന്ന വിധം ലൈംഗികാവയവങ്ങളിൽ ശങ്കരൻ സ്പർശിച്ചിട്ടുണ്ട്. ഇനി, ഇന്ദ്രിയ സ്ഖലനം നടന്നില്ലെങ്കിൽ എങ്ങനെയാണ് പൂർണ്ണമായ ലൈംഗിക സുഖം കിട്ടുന്നത്? അങ്ങനെയാണെങ്കിൽ ഏതനുഭവത്തിന്റെ വെളിച്ചത്തിലാണ് അദ്ദേഹം അമരുകം എഴുതിയത്?

# 5

## ബുദ്ധതത്വങ്ങളോടുള്ള തുറന്ന ശത്രുത

ശങ്കരന്റെ അതിബുദ്ധിയെപ്പറ്റി എല്ലാ ശങ്കരവിജയങ്ങളും പ്രകീർത്തിച്ച് എഴുതിയിട്ടുണ്ട്. സ്തോത്രങ്ങളേയും സ്തവങ്ങളേയും ഒഴിച്ചു നിർത്തിയാൽ അദ്ദേഹത്തിന്റെ കഴിവ് കാണുന്നത് വ്യാഖ്യാനങ്ങളിലാണ്. പ്രസ്ഥാനത്രയങ്ങളുടെ വ്യാഖ്യാനങ്ങൾ ശങ്കരന്റേതായി കരുതുന്നുണ്ടെങ്കിലും അവയിലുള്ള താത്വിക വിചാരങ്ങൾ ഒരുപോലെയായി കാണുന്നില്ല. മാണ്ഡൂക്യ കാരികക്ക് എഴുതിയ വ്യാഖ്യാനത്തിൽ സ്വപ്നലോകത്തിന് സമാനമാണ് വസ്തുനിഷ്ഠമായ പ്രപഞ്ചം എന്നദ്ദേഹം കുറിച്ചു വച്ചു. പക്ഷെ ബ്രഹ്മസൂത്രത്തിന് ഭാഷ്യം ചമച്ചപ്പോൾ പല സ്ഥലത്തും അദ്ദേഹം ഈ വീക്ഷണത്തിൽ നിന്ന് വ്യതിചലിച്ചിട്ടുണ്ട്. ബുദ്ധധർമ്മത്തിന്റെ യുക്തിബോധം അദ്ദേഹത്തിന്റെ ന്യായങ്ങളെ സ്വാധീനിച്ചിരിക്കുന്നതായി കാണാം. എന്നിരുന്നാലും ശങ്കരന്റെ മനസ്സ് അതിൽ ഉറച്ചു നിന്നതായും കാണുന്നില്ല. വെറും തർക്കത്തിനുവേണ്ടി മാത്രം തർക്കിച്ചുകൊണ്ടുപോകുന്ന ശങ്കരനെ നമുക്ക് പലയിടത്തും കാണാം. അതിലൊന്നും അദ്ദേഹത്തിന്റെ ഒരു ഹൃദയവിശുദ്ധിയും നമുക്ക് കാണാനാകില്ല. വേദത്തിന്റെ മതിൽ കെട്ടിനകത്തുള്ള ഹിന്ദുത്വത്തിൽ നിന്ന് അദ്ദേഹം ഒരിക്കലും പുറത്തു കടന്നിട്ടില്ല. അടിസ്ഥാനപരമായി തന്നെ സാംഖ്യം, വൈശേഷികം, ജൈനം, ബൗദ്ധം, ചാർവാകം എന്നീ ചിന്താരീതികളോട് ശങ്കരൻ വിയോജിച്ചുതന്നെ നിലകൊണ്ടു. വിശദമായി തന്നെ ഇത് പിന്നീട് നമുക്ക് കാണാം.

ശങ്കരൻ പറയാൻ തുടങ്ങിയപ്പോഴാണ് ബ്രഹ്മത്തിന് അതിന്റെ അർത്ഥം നഷ്ടപ്പെട്ടത്. ബ്രഹ്മം എന്ന പദവി ലഭിക്കാൻ വേണ്ടി മൽസരിച്ച് അത് നേടിയെടുത്ത ബ്രഹ്മർഷികളെപ്പറ്റി പുരാണങ്ങളിൽ നമുക്ക് വായിക്കാം. പുരാണങ്ങൾക്കും മുൻപ് ശിവന്റേയും വിഷ്ണുവിന്റേയും മറ്റനേകം ദേവതകളുടേയും അമ്പലങ്ങൾ ഉണ്ടായിരുന്നതായും നമുക്ക് കാണാം. ഇതിന് പിന്നിലുണ്ടായിരുന്നവരാണ് തങ്ങളുടെ സംരംഭങ്ങൾക്ക് പിൻതുണ കിട്ടാൻ വേണ്ടി പുരാ

ണങ്ങളുണ്ടാക്കിയത്. നിരന്തരം യുദ്ധം ചെയ്തിരുന്ന ദേവൻമാരുടേയും എപ്പോഴും വൈരാഗ്യവും പകയും വച്ചു പുലർത്തിയിരുന്ന ബ്രഹ്മർഷികളുടേയും കഥകൾ പുരാണങ്ങളിൽ വായിക്കുമ്പോൾ തന്നെ ഇത് നമുക്ക് മനസ്സിലാകും. ഇന്ത്യയിൽ ഉണ്ടായ മതങ്ങളിൽ ഏറ്റവും പുതിയത് പൗരാണിക ഹിന്ദുമതം തന്നെയാണ്. ജൈന, ബുദ്ധ, ലോകായത, സാംഖ്യ, വൈശേഷിക ചിന്താധാരകളെല്ലാം ഹിന്ദുപുരാണങ്ങൾക്ക് മുമ്പ് ഉണ്ടായവയാണെന്ന് അവ വായിക്കുമ്പോൾ നമുക്ക് മനസ്സിലാകും. പുരാണങ്ങൾ ധാരാളം കള്ളക്കഥകൾ പടച്ചുണ്ടാക്കിയെങ്കിലും ഋഷഭനേയും ബുദ്ധനേയും അവർക്ക് അവതാരങ്ങളാക്കി എടുക്കേണ്ടി വന്നു. അതുകൊണ്ട് ശങ്കരന് മുന്നേത്തന്നെ ജൈനമതവും, ബുദ്ധമതവുമായി ഹിന്ദുമതത്തിന് പോരടിക്കേണ്ടി വന്നു എന്നത് ഇതുകൊണ്ട് വ്യക്തമാണ്. ലോകത്തിന്റെ പാപം കുറക്കാൻ വേണ്ടി വിഷ്ണുവിന് ഋഷഭനായും ബുദ്ധനായും സ്വയം ഭൂമിയിൽ അവതരിക്കേണ്ടി വന്നു എന്ന് അവർ കഥകൾ പറഞ്ഞു പരത്തി. ശങ്കരൻ രംഗപ്രവേശം ചെയ്യുന്നതിന് മുൻപുതന്നെ ബുദ്ധമതം പലശാഖകളായി പിരിഞ്ഞെങ്കിലും അതിന്റെ തത്വങ്ങൾക്കോ മൂല്യങ്ങൾക്കോ നിലവാരത്തകർച്ച ഉണ്ടായില്ല. അനേകം മഹാന്മാരായ ബുദ്ധഭിക്ഷുക്കൾ അന്നുമുണ്ടായിരുന്നു. പല്ലവൻമാരും വിഷ്ണുകുണ്ടിനൻമാരും ബുദ്ധവിഹാരങ്ങൾ ആക്രമിച്ച് തകർത്തു കളഞ്ഞെങ്കിലും ബുദ്ധമതം നശിച്ചുപോയില്ല എന്നതാണ് യാഥാർത്ഥ്യം. ബുദ്ധമതത്തിന്റെ സ്വാധീനം കുറയാനും ഇന്ത്യയിൽ നിന്ന് അത് തുടച്ചു നീക്കപ്പെടുവാനും പ്രവർത്തിച്ച വ്യക്തികളിൽ പ്രധാനി ശങ്കരനായിരുന്നു. ഈ വാദത്തിന് ചരിത്രപരമായ തെളിവുകളുണ്ട്.

മണിമേഖല, ചിലപ്പതികാരം മുതലായ പുസ്തകങ്ങളിലെ വിവരണമനുസരിച്ച് ബി.സി. ഇ. ഒന്നാം നൂറ്റാണ്ടിൽ തന്നെ ജൈനമതവും ബുദ്ധമതവും ദക്ഷിണേന്ത്യയിൽ വ്യാപിച്ചിരുന്നതായി കണക്കാക്കാം. കാഞ്ചിയിലും, കാവേരിയിലും വലിയ ബുദ്ധവിഹാരങ്ങൾ നിലനിന്നിരുന്നതായി അവ സാക്ഷ്യപ്പെടുത്തുന്നു. ഹീനായന ബുദ്ധിസത്തിന്റെ വലിയ കേന്ദ്രമായിരുന്നു കാഞ്ചി. ഇന്നത് ശിവകാഞ്ചിയും വിഷ്ണുകാഞ്ചിയുമായി മാറിയിരിക്കുന്നു. ശങ്കരനാണ് അവ പണി കഴിപ്പിച്ചതെന്ന് ഗുരുവംശകാവ്യം പറയുന്നുണ്ട്. അക്കാലത്ത് ബുദ്ധകാഞ്ചിയുമുണ്ടായിരുന്നത്രേ. അവിടെ വച്ചാണ് സി.ഇ. 400ൽ ബുദ്ധഘോഷൻ മനോരഥപുരാണി എന്ന പുസ്തകമെഴുതിയത്. ഏഴാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച ചൈനീസ് സഞ്ചാരിയായ ഹുയാൻ സാങ്ങിന്റെ (സി.ഇ. 602-664) വിവരണത്തിൽ നൂറിൽ കൂടുതൽ ബുദ്ധവിഹാരങ്ങളും, എൺപത് ബുദ്ധാ

രാമങ്ങളും, പതിനായിരത്തോളം അഗതി മന്ദിരങ്ങളും കാഞ്ചിയിൽ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. അന്ന് ബുദ്ധമതം ക്ഷയിച്ചുകൊണ്ടിരിക്കുന്നതായും അദ്ദേഹം എഴുതിയിട്ടുണ്ട്. അക്കാലത്ത് കാഞ്ചി ഭരിച്ചിരുന്ന ബുദ്ധമതക്കാർ തങ്ങളുടെ മതത്തിനെ ബഹുമാനിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തിരുന്നു. അവിടത്തെ രാജാവിന്റെ മകൾ കൊറിയയിൽ പോയി ബുദ്ധമതപ്രചരണം നടത്തിയതായും പറയപ്പെടുന്നു. ബുദ്ധമതക്കാരുടെ വലിയൊരു പഠനകേന്ദ്രമായി കാഞ്ചി വളരുകയും ചെയ്തു. ഇവിടെ നിന്ന് നളന്ദ സർവകലാശാലയിലേക്ക് അദ്ധ്യാപകരെ അയച്ചിരുന്നതായും പറയപ്പെടുന്നു. കിഴക്കൻ രാജ്യങ്ങളായ ചൈന, ജപ്പാൻ, കൊറിയ എന്നിവിടങ്ങളിലേക്ക് ഇവിടെനിന്നാണ് ബുദ്ധമത പ്രചാരകർ പോയതെന്നും കരുതപ്പെടുന്നു. ധാരാളം ബുദ്ധപ്രതിമകളും, പ്രതിമകളുടെ തകർന്ന ഭാഗങ്ങളും കാഞ്ചിയിൽനിന്ന് കണ്ടെടുത്തിട്ടുള്ളത് ഈ പ്രസ്താവനകൾക്കുള്ള തെളിവാണ്. കാമാക്ഷി അമ്പലത്തിന്റെ അരമൈൽ ദൂരപരിധിക്കുള്ളിൽ നിന്നുതന്നെ അഞ്ച് ബുദ്ധപ്രതിമകൾ കണ്ടെടുക്കപ്പെട്ടു. ചുറ്റുമതിലിന്റെ അകത്തുനിന്ന് കിട്ടിയതിന് എട്ടടിയോളം ഉയരമുണ്ട്. ഇതെല്ലാം ഏഴാം നൂറ്റാണ്ടിലേതാണെന്ന് ചരിത്രഗവേഷകർ വിലയിരുത്തുന്നു. കാഞ്ചിയിലേത് വലിയൊരു ബുദ്ധമതകേന്ദ്രമായിരുന്നെന്നും അത് പിന്നീട് നശിപ്പിക്കപ്പെട്ടെന്നും നാമിപ്പോൾ മനസ്സിലാക്കുന്നു. വിഷ്ണുകാഞ്ചിയിൽ നിന്ന് ഇതുപോലെ തന്നെ രണ്ടു പ്രതിമകൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

ഇതിനൊക്കെ പുറമെ, ക്ഷേത്രത്തിനോടടുത്തുള്ള ഉദ്യാനത്തിൽ നിന്ന് അഞ്ചര അടിയും മൂന്നര അടിയുമുള്ള രണ്ടു ബുദ്ധവിഗ്രഹങ്ങൾ കൂടി കണ്ടെടുക്കപ്പെട്ടു. അമ്പലത്തിന്റെ നടപ്പുര തൂണുകളിൽ ബുദ്ധന്റേയും താരാദേവിയുടേയും ചിത്രങ്ങൾ കൊത്തി വച്ചിരിക്കുന്നു. പത്മാസനത്തിലിരിക്കുന്ന ബുദ്ധപ്രതിമയുടെ ഭാഗങ്ങൾ വടക്കുവശത്തെ ചുറ്റുമതിലിനടുത്തു നിന്നും കണ്ടുകിട്ടിയിട്ടുണ്ട്. ബുദ്ധപ്രതിമയുള്ള കാമാക്ഷി സ്തൂപങ്ങളുടെ അടിയിൽ അദ്ദേഹത്തിന്റെ ആറ് ശിഷ്യന്മാരുടെ ചിത്രങ്ങൾ കൊത്തി വച്ചിരിക്കുന്നതു കാണാം. ഇത് ശങ്കരപ്രതിമയാണെന്ന് തെറ്റിദ്ധരിച്ച് ആളുകൾ ഇവിടെ ആരാധിക്കാറുണ്ട്. ബുദ്ധനാണ് എപ്പോഴും പത്മാസനത്തിലിരിക്കുന്നത്. ശങ്കരനാണെങ്കിൽ യോഗപത്മാസനത്തിലേ ഇരിക്കൂ. അതുപോലെ അദ്ദേഹത്തിന് (ശങ്കരന്) അഞ്ച് ശിഷ്യന്മാരെ ഉണ്ടായിരുന്നുള്ളൂ. എന്തുകൊണ്ടാണവ തകർക്കപ്പെട്ടത്? ശങ്കരൻ ചെയ്തിട്ടുള്ള അധാർമ്മിക പ്രവൃത്തികളിൽ നമുക്ക് ഇവക്കുള്ള ഉത്തരം കണ്ടെത്താം. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് അദ്ദേഹ

ത്തിന്റെ സംഘടിതമായ പര്യടനത്തിൽ ഹിന്ദുമതപീഠങ്ങൾ സ്ഥാപിച്ചതാണ്.

**ആസൂത്രിതമായ പര്യടനം**

ഇന്ത്യയുടെ നാല് ദിശകളിൽ അന്ന് നാല് പ്രധാനപ്പെട്ട ബൗദ്ധമതകേന്ദ്രങ്ങൾ ഉണ്ടായിരുന്നു. പഞ്ചാബിലെ ജലന്തര (ജലന്തർ), ഒറീസയിലെ ഒടിയാസ, ഉത്തർപ്രദേശിലെ പൂർണ്ണഗിരി, ആസ്സാമിലെ കാമരൂപം (കാമ്രൂപ്) എന്നിവയാണവ. ശങ്കരന്റെ കാലത്തും അവ പ്രധാനപ്പെട്ട ബൗദ്ധകേന്ദ്രങ്ങൾ തന്നെയായിരുന്നു. ജലന്തരയിൽ കൂടി യാത്ര ചെയ്ത് കാശ്മീരിൽ എത്തിയാണ് ശങ്കരൻ സർവ്വജ്ഞപീഠം കയറുന്നത്. അതിനു ശേഷം അദ്ദേഹം ശൃംഗേരിയിൽ ശാരദാദേവി മന്ദിരം സ്ഥാപിച്ചു. പൂർണ്ണഗിരിയെ അങ്ങനെത്തന്നെ നിലനിർത്തിയാണ് അദ്ദേഹം തൊട്ടടുത്ത് ജ്യോതിർമഠം സ്ഥാപിച്ചത്. അതുപോലെത്തന്നെ ഒടിയാസ പീഠത്തെ അവഗണിച്ചാണ് ജഗന്നാഥത്ത് അദ്ദേഹം ഒരു മഠം സ്ഥാപിച്ചത്. അക്കാലത്ത് അവിടം ബുദ്ധഭിക്ഷുക്കളാൽ നിറഞ്ഞിരുന്നത്രേ. അതിനുശേഷം ആസാമിലെത്തി കാമരൂപത്തെ ജ്യോതിർമഠത്തിന്റെ ഒരു ശാഖയാക്കി മാറ്റി.

കാഞ്ചി, ധന്യകടകം, മീരി, നളന്ദ, വല്ലഭി എന്നിവിടങ്ങളിൽ ബുദ്ധഭിക്ഷുക്കൾക്ക് സുഖവിശ്രമത്തിനു വേണ്ടിയുള്ള മന്ദിരങ്ങളും, പഠനകേന്ദ്രങ്ങളും ഉണ്ടായിരുന്നു. ഈ സ്ഥലങ്ങളിലോ അല്ലെങ്കിൽ അവയ്ക്കടുത്തോ ആണ് ശങ്കരൻ പീഠങ്ങൾ സ്ഥാപിച്ചത്. വടക്കൻ പ്രദേശത്തുള്ള പ്രധാനപ്പെട്ട ബുദ്ധകേന്ദ്രങ്ങളായിരുന്നു ലുംബിനി, ബോധ്ഗയ, സാരാനാഥ്, കുശിനാര, ശ്രാവസ്തി, ശങ്കസ്യ, രാജഗ്രിഹ, വൈശാലി, സാഞ്ചി, നളന്ദ, കാശ്മീർ മുതലായവ. ബൗദ്ധന്മാരുടെ പൂർണ്ണഗിരി കയ്യടക്കിയാണ് ശങ്കരൻ ബദരിയിലെ ജ്യോതിർമഠം സ്ഥാപിച്ച് അവിടെ അതേപേരിലുള്ള ഒരു ശക്തിയെ പ്രതിഷ്ഠിച്ചത്. സാരാനാഥിന് ബദലായാണ് കാശിനാഥിനെ വികസിപ്പിച്ചെടുത്തത്. ശങ്കരൻ സർവ്വജ്ഞപീഠം കയറിയതിന് ശേഷമാണ് ശങ്കരാചാര്യഗിരി എന്നൊരു സ്ഥലം തന്നെ ഉണ്ടായത്. ദക്ഷിണദിക്കിലുള്ള കാഞ്ചിയിൽ ശിവ-വിഷ്ണു പ്രതിഷ്ഠകൾ അദ്ദേഹം നടത്തി. കാമാക്ഷിയിലുണ്ടായിരുന്ന വിഗ്രഹത്തെ മാറ്റി പ്രതിഷ്ഠിച്ചതും ശങ്കരനാണ്. ഈ വിധത്തിലുള്ള ചെയ്തികളിൽ കൂടിയാണ് പുരാണഹിന്ദുയിസത്തിന് അദ്ദേഹം ശക്തമായ അടിത്തറ പാകിയത്.

ഇന്ത്യയുടെ പടിഞ്ഞാറു ഭാഗത്തുള്ള ജുനഗഡ്, ദംഗ്, സിദ്ധസര, തേലലജ, സനാ, വല്ലഭി, ഭുജ, കോണ്ടാനേ, അജന്താ, നാസിക്, ജുനർകാർലെ, കൻഹേരി മുതലായവയും വലിയ ബുദ്ധമതകേന്ദ്ര

ങ്ങളായിരുന്നു. ഇവക്കെല്ലാം ബദലായി ഒരൊറ്റ കേന്ദ്രമാകുന്ന വിധത്തിലാണ് ദ്വാരകയിൽ ശാരദാപീഠം ഉണ്ടാക്കിയത്. ദക്ഷിണഭാഗത്തെ പ്രധാനപ്പെട്ട ബുദ്ധകേന്ദ്രങ്ങളായിരുന്നു നാഗാർജുനകോണ്ട, ധന്യകടകം (അമരാവതി), ശ്രീശൈലം, തിരുമല കാഞ്ചി മുതലായവ. ഇവക്ക് ബദലായാണ് കാഞ്ചിയിൽ കാമാക്ഷി പീഠവും ശൃംഗേരിയിൽ ശാരദാമഠവും ശങ്കരൻ സ്ഥാപിച്ചത്.

സമീപസ്ഥലത്തുള്ള സ്ഥലങ്ങളെ ഓരോ ശങ്കരപീഠത്തിനും കീഴിലാക്കി. അങ്ങനെയാണ് ജഗന്നാഥത്തിനു കീഴിൽ അംഗം, വംഗം, കലിംഗം, ഉത്ക്കല എന്നീ സ്ഥലങ്ങൾ വന്നത്. അതുപോലെ ആന്ധ്ര, ദ്രാവിഡ, കർണാടക, കേരള ഭാഗങ്ങൾ ശൃംഗേരിക്ക് കീഴിലാക്കി. ദ്വാരകയുടെ നിയന്ത്രണത്തിലായിരുന്നു സിന്ധു, സൗവീര, സൗരാഷ്ട്ര, മഹാരാഷ്ട്ര മുതലായ സ്ഥലങ്ങൾ. കുരു, കാഷ്മീര, പാഞ്ചാല, കാംബോജ് എന്നിവ ബദരി പീഠത്തിന്റെ കീഴിലായിരുന്നു. അതിനെ ശേഷം താഴെപ്പറയുന്ന പീഠങ്ങൾ സ്ഥാപിച്ച് വിദ്യാരണ്യ അവയെ ശൃംഗേരിപീഠത്തിന് കീഴിലാക്കി. കൂടാലി, സങ്കേശ്വരാ, കരവീര, പുഷ്പഗിരി, ഹവ്യക, ശിവഗംഗ, കോപ്പല, ശ്രീശൈലം, കാമേശ്വരി, രാമചന്ദ്രപുരം, അമനി, ഘനഗിരി, ഹൊനവല്ലി, ബന്ധീകരി, കൈവല്യപുര, മുലാബഗല, സിരാലി, ഭദ്രാപുര, നൃസിംഹവാടി, തീർത്ഥമുത്തൂർ, തലകാട, മൊള്ളാവന, പൈരാന, കരീതീർത്ഥ, രാജപുരാ, ഗംഗോത്രി, തീർത്ഥഹള്ള, മുനിയൂർ, ഗോകർണ, വിശ്വേശ്വരണ്യപുര, സംഗമ, നെലമാവു, ഹരിഹരപുര എന്നിവയാണവ. ചില പീഠാധിപതികൾ ഇവയിൽ ചിലതിനെ പൂർണ്ണ പീഠങ്ങളായിത്തന്നെ കരുതുന്നുണ്ട്. ഇതുകൂടാതെ വേറേയും ധാരാളം പീഠങ്ങളുണ്ട്. കാഞ്ചി പീഠാധിപതികൾ അവകാശപ്പെടുന്നത് സാക്ഷാൽ ആദി ശങ്കരൻ തന്നെയാണ് ആ പീഠം ആദ്യകാലത്ത് നടത്തിയിരുന്നത് എന്നാണ്.

ബുദ്ധിസത്തിനെതിരായി എങ്ങനെയാണ് ശങ്കരൻ ഹിന്ദു സ്ഥാപനങ്ങൾ ആസൂത്രണം ചെയ്തതെന്ന് മേൽപ്പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാം. ശങ്കര;ചരിതങ്ങൾ എഴുതിവച്ച ചരിത്രകാരന്മാരെ നമുക്ക് തൽകാലത്തേക്ക് വിടാം. ശ്രീമദ് ശങ്കര ചരിത്രം എന്ന പുസ്തകമെഴുതിയ പൊതുകുച്ചി സുബ്രമണ്യ ശാസ്ത്രി ഇതെല്ലാം അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശങ്കരനെ നിഷ്കളങ്കനായി ചിത്രീകരിക്കുന്ന നവശങ്കരവാദികളുടെ പരിശ്രമം വിഫലമാണെന്ന് ഇത് കാണിക്കുന്നു. ശങ്കരന്റെ സിദ്ധാന്തമനുസരിച്ച് ഭൗതികമായി നിലനിൽക്കുന്നത് ബ്രഹ്മം മാത്രമാണ്, മനുഷ്യനല്ല. പ്രായോഗിക തലത്തിൽ എല്ലാം ഹിന്ദുയിസമാണ്, അതിനു പുറമെ വേറൊന്നുമില്ല എന്നതാണ് ഇതിന്റെ അർത്ഥം. ക്രിസ്തു വർഷം ഏഴാം നൂറ്റാ

ണ്ടായപ്പോഴേക്കും ബുദ്ധിസം ഇന്ത്യയിൽ ക്ഷയിച്ചു തുടങ്ങിയതായി പറയപ്പെടുന്നു. എന്നിരുന്നാലും സാധാരണക്കാരന്റെ പ്രസ്ഥാന മായിനിന്ന് ജനങ്ങളുടെ മേലുള്ള സ്വാധീനം ബുദ്ധധർമ്മത്തിന് ഇല്ലാതായി എന്നൊന്നും നാം കരുതരുത്. ആ സമയത്തും അതിന് ശേഷവും ബുദ്ധമത സർവകലാശാലയായിരുന്ന നളന്ദ അതിന്റെ ഉജ്ജ്വലമായ നിലവാരത്തിൽ തന്നെ നിലനിന്നിരുന്നു. ദക്ഷിണ ദിക്കിലും ഇതുപോലെ അതിപ്രസിദ്ധമായ ബുദ്ധമതപഠനകേന്ദ്രം നിലനിന്നിരുന്നു. ഹിന്ദുയിസത്തിന് ശക്തി ഉണ്ടായിരുന്നിട്ടും, അക്കാ ലത്ത് നളന്ദ സന്ദർശിച്ച ഹുയാൻ സാങ്ങിന് അവിടെ ചേർന്ന് ബുദ്ധ മതപണ്ഡിതന്മാരുടെ സഹായത്തോടെ അഭിധമ്മ എന്ന ബുദ്ധമ തപ്രബന്ധം പഠിക്കാനും മഹായാന ബുദ്ധിസം അവിടെയുള്ളവരെ പഠിപ്പിക്കാനും കഴിഞ്ഞിരുന്നു. താത്വികമായ ഏതൊരു ചിന്താസ രണിയും സാധാരണ ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നാൽ അത് പ്രസ്ഥാനമായി മാറും. അതുകൊണ്ടാണ് തന്ത്രസങ്കേതങ്ങൾ ബുദ്ധി സത്തിൽ വന്നുചേർന്നത്. അങ്ങനെ ബുദ്ധനെ വിഷ്ണുവിന്റെ ഒര വതാരമാക്കി മാറ്റിയപ്പോൾ പൗരാണിക ഹിന്ദുയിസത്തിന് വലിയ സംതൃപ്തിയാണുണ്ടായത്. ഇതൊക്കെയായാലും അന്നത്തെ ഹിന്ദുക്കൾ യജ്ഞങ്ങളും കലാപങ്ങളും ഉപേക്ഷിച്ചില്ല. ബുദ്ധമത ത്തിന്റെ സ്വാധീനം ജനങ്ങളിൽ വളരെ ആഴത്തിൽ ഉണ്ടായിരുന്നതു കൊണ്ടാണ് ശങ്കരന് ഇന്ത്യയുടെ നാല് ദിക്കിലും പീഠങ്ങൾ സ്ഥാപി ക്കേണ്ടി വന്നത്. ബുദ്ധമതത്തെ തകർത്ത് തരിപ്പണമാക്കലായി രുന്നു അതിന്റെ പ്രധാന ലക്ഷ്യം. കാമാക്ഷിയിൽ നിന്ന് കിട്ടിയ ബുദ്ധവിഗ്രഹം ഏഴാം നൂറ്റാണ്ടിലേതാണെന്ന് ചരിത്രപണ്ഡിതർ സ്ഥിരീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഏഴാം നൂറ്റാണ്ടിന് ശേഷമായി രിക്കണം അത് കുഴിച്ചു മൂടപ്പെട്ടത്. അതിനു ശേഷം വന്ന എട്ടും ഒൻപതും നൂറ്റാണ്ടുകളിലായിരുന്നല്ലോ ശങ്കരൻ ജീവിച്ചിരുന്നത്. അതുകൊണ്ടുതന്നെ ശങ്കരന്റെ കാലഘട്ടത്തിൽ ബുദ്ധമതം നശി പ്പിക്കപ്പെട്ടില്ല എന്നു പറയുന്നത് അത്ര ശരിയല്ല.

**എങ്ങനെയാണ് ബുദ്ധമതം ഉൽമൂലനം ചെയ്യപ്പെട്ടത്?**

ക്രിസ്തുവർഷം അഞ്ചാം നൂറ്റാണ്ടായപ്പോഴേക്കും ബുദ്ധമതം തകർന്നടിഞ്ഞുപോയി എന്ന് നാം കരുതുന്നത് തികച്ചും യുക്തി രഹിതമാണ്. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വസുബന്ധുവും, ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചന്ദ്രകീർത്തിയും ഏഴാം നൂറ്റാ ണ്ടിലെ ധർമ്മകീർത്തിയും, എട്ടാം നൂറ്റാണ്ടിലെ ശാന്തരക്ഷിതയും, ഒമ്പതിലെ ധർമ്മോത്തരയും, പത്താം നൂറ്റാണ്ടിലെ രത്ന കീർത്തിയുമെല്ലാം ഇന്ത്യയിൽ ജീവിച്ചിരുന്ന സുപ്രസിദ്ധരായ ബുദ്ധ ചിന്തകരായിരുന്നു. അവസാനത്തെ ബുദ്ധ പണ്ഡിതൻ ഇന്ത്യ

വിട്ടത് പതിമൂന്നാം നൂറ്റാണ്ടിലാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. അതുവരേക്കും ബുദ്ധമതം തകർന്നടിഞ്ഞില്ലെന്നും ശങ്കരന് ശേഷം ചുരുങ്ങിയത് നാലു നൂറ്റാണ്ടുകളിലെങ്കിലും പ്രസിദ്ധരായ ബുദ്ധ തത്വചിന്തകർ ഇന്ത്യയിൽ ഉണ്ടായിരുന്നു എന്നും ചരിത്രം പറയുന്നു. ഹുയാൻ സാങ്ങിന്റെ (ഇന്ത്യൻ യാത്രാകാലം സി. ഇ. 629 – 645) സഞ്ചാരക്കുറിപ്പിൽ കലിംഗത്തിലെ പത്ത് സംഘാരാമങ്ങളിൽ 500 ബുദ്ധഭിക്ഷുക്കളും, ആന്ധ്രയിലെ 20 സംഘാരാമങ്ങളിലായി 3000 പേരും, ധന്യകടകത്തിലെ 20 സംഘാരാമങ്ങളിലായി വേറെ ഒരായിരംപേരും ഉണ്ടായിരുന്നതായി എഴുതിയിട്ടുണ്ട്.

മുസ്ലിം ഭരണാധികാരികൾ ഇന്ത്യയിലിൽ നിലയുറപ്പിച്ച ശേഷം ബുദ്ധമതക്കാർക്ക് അവരുമായുള്ള ബന്ധം എങ്ങനെയായിരുന്നെന്ന് നമുക്ക് പറയാൻ വയ്യ. ബുദ്ധമത പ്രത്യയശാസ്ത്രത്തിന്റെ സാരാംശം എന്ന തന്റെ കൃതിയിൽ പി. ലക്ഷ്മി നരസു ഇങ്ങനെ എഴുതുന്നു.

ഭക്തിയാർ ഖിൽജി എന്ന അഫ്ഗാൻ സേനാനേതാവിന്റെ നേതൃത്വത്തിൽ പഠാൻ ഭടന്മാർ ബീഹാറിലുള്ള ഒഡന്റാപുരി മഠത്തിലെ എല്ലാ ബുദ്ധഭിക്ഷുക്കളേയും കൊന്നു കളഞ്ഞു. അതുപോലെത്തന്നെ മിക്ക മുസ്ളിം ഭരണാധികാരികളും പ്രത്യക്ഷമായോ പരോക്ഷമായോ ഹിന്ദുക്കളേയും ആക്രമിച്ചിട്ടുണ്ട് എന്നുള്ളതും സത്യമാണ്. എന്നാൽ മുസ്ലിം ഭരണം വരുന്നതിനു മുൻപ് ശങ്കരനും, മഠാധിപതികളും മറ്റ് ഹിന്ദു അവാന്തര വിഭാഗക്കാരും ചേർന്ന് ബുദ്ധമതത്തിലേക്ക് കൂറ് മാറിയവരെ ക്രൂരമായി പീഢിപ്പിച്ചിട്ടുണ്ടാകണം. അക്കാലമായപ്പോഴേക്കും ബുദ്ധമത പണ്ഡിതന്മാർക്ക് ജനപിന്തുണ നഷ്ടപ്പെട്ടിരിക്കാം. എന്നാൽ ശങ്കരനോ, മറ്റ് ഹിന്ദു പണ്ഡിതരോ ഏതെങ്കിലും ബുദ്ധ ചിന്തകനെ വാദപ്രതിവാദത്തിൽ തോൽപ്പിച്ചതായി ഒരു രേഖയുമില്ല. ബുദ്ധപണ്ഡിതന്മാരുടെ ഒരു കൃതിയിലും ശങ്കരനെപ്പറ്റി സൂചിപ്പിച്ചിട്ടുപോലുമില്ല. അതിനർത്ഥം അവരാരും ശങ്കരനെ ഒരു തത്വചിന്തകനായി മാനിച്ചിരുന്നില്ല എന്നതാണ്. ഭട്ടഭാസ്കരനും മന്ദാനയുമൊക്കെയായി തർക്കത്തിൽ ഏർപ്പെട്ട് അവരെ ശങ്കരൻ തോൽപ്പിച്ചതായി ശങ്കരചരിത്രം പറയുന്നു. എന്നാൽ അവരാരും ബുദ്ധമതക്കാരായിരുന്നില്ല, മറിച്ച്, വൈദികരായിരുന്നു. ഇതിൽ തന്നെ മന്ദാനയുമായി ശങ്കരൻ നടത്തിയെന്നു പറയുന്ന വാദപ്രതിവാദം ഒട്ടും വിശ്വസനീയമല്ല. അദ്ദേഹം മന്ദാനയെ സന്ദർശിച്ചിട്ടുണ്ടോ എന്നതും സംശയാസ്പദമാണ്. ശങ്കരൻ തന്റെ വിഷയലമ്പടത്വത്തിലും മഹാനാണ് എന്ന് കാണിക്കാൻ വേണ്ടിയാണ് അക്കഥ പടച്ചുണ്ടാക്കിയത് എന്നത് നിസ്തർക്കമാണ്. ശങ്കരന്റെ വിഷയാസക്തി സത്യമായിരിക്കാമെ

ങ്കിലും മന്ദാനയുമായി തർക്കത്തിൽ ഏർപ്പെട്ടിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ശങ്കരൻ കാപാലികരെ കൊന്നു കളഞ്ഞു എന്ന് ചരിത്രം പറയുന്നു. പക്ഷെ അവരുമായി ഒരുവിധത്തിലുമുള്ള തർക്കത്തിലും അദ്ദേഹം ഏർപ്പെട്ടിട്ടില്ല, അതുപോലെത്തന്നെ അവരെ തോൽപ്പിച്ചിട്ടുമില്ല.

കുമാരില ഭട്ടനും ബുദ്ധപണ്ഡിതന്മാരുമായുള്ള സംഭാഷണങ്ങളെപ്പറ്റി ഒരു ചരിത്രത്തിലും പറയുന്നില്ല. ബുദ്ധമതതത്വങ്ങൾ പഠിക്കാൻ വേണ്ടി ശങ്കരൻ രഹസ്യമായി അവരുടെ കേന്ദ്രങ്ങളിൽ പോയിട്ടുണ്ട് എന്ന് പറയപ്പെടുന്നു. അവരിൽ നിന്നും അത് പഠിച്ചെടുത്ത് അവരെത്തന്നെ തോൽപ്പിക്കാൻ വേണ്ടിയായിരുന്നു ആ സന്ദർശനങ്ങൾ. പക്ഷെ ഇക്കാര്യം ഒരു ബുദ്ധമത ഗ്രന്ഥത്തിലും സൂചിപ്പിച്ചിട്ടില്ല. വേദകാര്യങ്ങളിൽ അവഗാഹം നേടിയിരുന്ന കുമാരില ഭട്ടൻ ഒരു ബുദ്ധപണ്ഡിതനേയും തർക്കത്തിൽ തോൽപ്പിച്ചിട്ടില്ല. അങ്ങനെ ഒരവകാശ വാദവും അദ്ദേഹം നടത്തിയിട്ടുമില്ല. അങ്ങനെയിരിക്കെ ശങ്കരൻ ബുദ്ധപണ്ഡിതരെ തർക്കത്തിൽ തോൽപ്പിച്ചു എന്നു പറയുന്നത് ഒട്ടും ശരിയല്ല. അതിലുപരി, താരാനാഥ് ലാമയുടെ അഭിപ്രായത്തിൽ കുമാരില ഭട്ടന്റെ സഹോദരിപുത്രനായ ധർമ്മകീർത്തി ശങ്കരനെ തർക്കത്തിൽ തോൽപ്പിക്കുകയും അദ്ദേഹത്തെ ഒരു ബുദ്ധഭിക്ഷുവാക്കി മാറ്റുകയും ചെയ്തത്രേ. അതിനെ പിൻതാങ്ങുന്ന വിധത്തിൽ വാദന്യായം എന്ന തന്റെ പുസ്തകത്തിൽ ധർമ്മകീർത്തി കുമാരില ഭട്ടന്റെ വാർത്തികകളെ കുറ്റപ്പെടുത്തിയിട്ടുണ്ട്.

ശങ്കരന്റെ ജീവിതകാലത്തും, അതിനുശേഷവും ചെറുചെറു നാട്ടുരാജാക്കന്മാർ ഹിന്ദുമതത്തെ ബഹുമാനിച്ചിരുന്നു. അക്കാലത്ത് ഭാരതം അനേകം ചെറുനാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ട അവസ്ഥയിലായിരുന്നുവല്ലോ. ഒരൊറ്റ വലിയ രാജ്യവുമുണ്ടായിരുന്നില്ല എന്നതായിരുന്നു സ്ഥിതി. പല്ലവന്മാരും, വിഷ്ണുകുണ്ടിനന്മാരും മുൻപ് തകർത്ത ബുദ്ധമതം ആ കാലഘട്ടത്തിൽ സാവധാനം ഉയിർത്തെഴുന്നേറ്റു കൊണ്ടിരിക്കുകയായിരുന്നു. പക്ഷെ ബുദ്ധമതത്തെ വീണ്ടും നശിപ്പിക്കാൻ വേണ്ടി നാട്ടുരാജാക്കന്മാരുടെ സഹായത്തോടുകൂടി ശങ്കരൻ പീഠങ്ങൾ സ്ഥാപിച്ചു. അതോടൊപ്പം തന്നെ ശങ്കരനെ എപ്പോഴും അനുഗമിച്ചിരുന്ന പോക്കിരികളുടേയും, ചട്ടമ്പികളുടേയും സഹായവും ഇക്കാര്യത്തിൽ അദ്ദേഹത്തിന് ലഭിച്ചിരുന്നു. എപ്പോഴും അലഞ്ഞു നടന്നിരുന്നവനാണ് ശങ്കരൻ എന്ന് നമുക്ക് തീർച്ചയായും അനുമാനിക്കേണ്ടിയിരിക്കുന്നു. പോയ സ്ഥങ്ങളിലെല്ലാം അദ്ദേഹത്തിന് രാജാക്കന്മാരുടേയും, അവരുടെ ഭടന്മാരുടേയും സഹായം കിട്ടിയിരുന്നതായി നമുക്കുറപ്പിക്കാം. അല്ലെങ്കിൽ

അഞ്ചോ പത്തോ ശിഷ്യന്മാർക്ക് എങ്ങനെയാണ് ഇത്രയധികം ബുദ്ധവിഹാരങ്ങളും, ബുദ്ധപ്രതിമകളും തകർക്കാൻ കഴിയുന്നത്? മിക്ക സ്ഥലങ്ങളിലും ഹിന്ദുമത ക്ഷേത്രങ്ങൾ പണിതുയർത്തിയിരിക്കുന്നത് ബുദ്ധവിഹാരങ്ങളുടേയും, ബുദ്ധദേവാലയങ്ങളുടേയും സ്ഥാനത്താണ്. അതുകൊണ്ടാണ് കാഞ്ചിയിലും മറ്റ് പല സ്ഥങ്ങളിലും ഹിന്ദു ക്ഷേത്രങ്ങളിൽ ബുദ്ധപ്രതിമകളുടെ പൊട്ടിയ കഷണങ്ങൾ ഇന്ന് നാം കാണുന്നത്.

ബി.സി.ഇ. രണ്ടാം നൂറ്റാണ്ടിൽ ഉത്തരേന്ത്യ ഭരിച്ചിരുന്ന പുഷ്യമിത്ര സുംഗൻ എന്ന ബ്രാഹ്മണ രാജാവ് ഒരു പ്രതിജ്ഞ ചെയ്തെന്ന് ചരിത്രകാരന്മാർ പറയുന്നു. അശോക ചക്രവർത്തി സ്ഥാപിച്ചിരുന്ന 84000 സ്തൂപങ്ങളെ തകർത്തു കളയുമെന്നും എല്ലാബുദ്ധഭിക്ഷുക്കളേയും കൊന്നുകളയുമെന്നുമായിരുന്നു അത്. അതദ്ദേഹം അക്ഷരംപ്രതി നിറവേറ്റി. ഹൂണരാജവംശത്തിലെ ശൈവ മിഹിരാഗുള എന്ന മഹാരാജാവും ആയിരക്കണക്കിന് ബുദ്ധമതക്കാരെ കൊന്നുകളഞ്ഞിട്ടുണ്ട്. ബീഹാറിലെ ഗയയിലുള്ള ബോധി വൃക്ഷം പിഴുതുകളയാൻ പല പ്രാവശ്യം ശ്രമിച്ച രാജാവായിരുന്നു ഏഴാം നൂറ്റാണ്ടിൽ ബംഗാൾ രാജ്യം ഭരിച്ചിരുന്ന ശശാങ്കൻ.* (*പി.ലക്ഷ്മിനരസു എഴുതിയ പുസ്തകം ബുദ്ധമത പ്രത്യയശാസ്ത്രത്തിന്റെ സാരാംശം; പേജ്-39)

ലണ്ടൻ ഹ്യുമനിസ്റ്റിൽ പി.രാമനാഥൻ ഇങ്ങനെ എഴുതിയിട്ടുണ്ട്. കാഞ്ചിയിലെ വൈകുണ്ഠം പെരുമാൾ അമ്പലത്തിലും മറ്റ് ആരാധനാലയങ്ങളിലും കാണുന്ന സ്തൂപങ്ങളിലെ കൊത്തുപണികൾ കാണിക്കുന്നത് ഒരു കാലത്ത് തമിഴ് ബുദ്ധഭിക്ഷുക്കളെ പീഢിപ്പിക്കുകയും കൊല്ലുകയും ചെയ്തിട്ടുണ്ട് എന്നാണ്. @ കാലാകാലങ്ങളിൽ ബുദ്ധമതക്കാരെ എങ്ങനെയാണ് കൂട്ടക്കൊല ചെയ്തിട്ടുള്ളത് എന്നതിന് ധാരാളം തെളിവുകൾ ഇന്ത്യയുടെ ചരിത്രത്തിൽ ഉടനീളമുണ്ട്. എന്നാൽ അക്രമം കൊണ്ട് ബുദ്ധഭിക്ഷുക്കളെ ഈ രാജ്യത്ത് നിന്ന് ഓടിക്കാൻ പറ്റിയിട്ടില്ല എന്നതാണ് വാസ്തവം. ഹുയാംങ്ങ് സാംങ്ങിന്റെ സന്ദർശനകാലത്ത്, ഹിന്ദുമതം ശക്തിയാർജ്ജിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ, രണ്ടു ലക്ഷത്തിലധികം ബുദ്ധ മതാനുയായികൾ ഇവിടെ ഉണ്ടായിരുന്നതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ഭാരതത്തിലെ അന്നത്തെ ജനസംഖ്യയുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഈ സംഖ്യ അത്ര ചെറുതല്ല എന്ന് നമുക്ക് മനസ്സിലാകും. ശങ്കരന്റെ കാലത്ത് ബുദ്ധഭിക്ഷുക്കൾക്കെതിരെ അക്രമമൊന്നും ഉണ്ടായിട്ടില്ല എന്ന് കരുതുന്നത് അങ്ങേയറ്റം അനുചിതമാണ്. അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തിയായ സുധൻവാ രാജാവ് തന്റെ രാജ്യത്തിലെ എല്ലാ

ബുദ്ധഭിക്ഷുക്കളേയും അവരുടെ കുട്ടികളേയും കൊന്നൊടുക്കുവാൻ ആജ്ഞാപിച്ചു. അത് അനുസരിക്കാത്ത ഭടന്മാരെ കൊന്നു കളയു മെന്ന ഭീഷണിയും അദ്ദേഹം മുഴക്കി. രാജാജ്ഞ കൃത്യമായി നട പ്പിലാക്കപ്പെടുകയും ചെയ്തു. (@സി.ഇ. 600 നോടടുത്ത് മധുരയിൽ ഒരൊറ്റ ദിവസം കൊണ്ട് 8000 തമിഴ് ജെയിൻ മതക്കാരെ കൊന്നുകളഞ്ഞ തമിഴ് ബ്രാഹ്മണ തിരിഞ്ജന സംബന്ധ എന്ന കൂട്ടായ്മയെപ്പറ്റി പ്രതിരോധികളായ വിവേകാനന്ദനും, ഡോ. രാധാ കൃഷ്ണനും ഒരു പക്ഷെ പറയാൻ ആഗ്രഹിക്കുന്നുണ്ടാകില്ല. ആ കൂട്ടക്കൊലയുടെ സ്മരണാർത്ഥം ഇന്നും മധുരയിലും മറ്റ് പല സ്ഥലങ്ങളിലെ ക്ഷേത്രങ്ങളിലും വാർഷിക ചടങ്ങുകൾ നടത്തു ന്നുണ്ട്. തമിഴ് ബുദ്ധമതാനുയായികളേയും ജൈനന്മാരേയും നിഷ്ക്ക രുണം വധിക്കുന്നതുമായി ബന്ധപ്പെട്ട കൽചിത്രങ്ങൾ കാഞ്ചീപു രത്തെ വൈകുണ്ഠം പെരുമാൾ അമ്പലത്തിൽ മാത്രമേയുള്ളൂ.)

വേദങ്ങളും, ഉപനിഷത്തുക്കളും, ഭഗവദ് ഗീതയുമെല്ലാം ശങ്ക രന് മുമ്പ് ഉണ്ടായവയാണല്ലോ. അവയെല്ലാം സനാതനികളുടെ ഗ്രന്ഥങ്ങളുമായിരുന്നു. പക്ഷെ, ഇവയൊന്നും ബുദ്ധമതത്തെ ഒരു വിധത്തിലും ഹനിച്ചിട്ടില്ല. എന്നാൽ ശങ്കരനാണ് ആദ്യമായി ഭൗതികവാദത്തേയും, ബുദ്ധ-ജൈന തത്വശാസ്ത്രങ്ങളേയും കട ന്നാക്രമിച്ചത്. നവോത്ഥാനത്തെ രൂക്ഷമായി എതിർത്ത് പുന രുത്ഥാനത്തെ കൈപിടിച്ച് ഉയർത്തിയ ആളാണ് ശങ്കരൻ. ഈ പുന രുത്ഥാന പ്രക്രിയ തുടർന്നുവന്ന മതമേധാവികൾ ഏറ്റെടുക്കുകയും അത് ദ്വൈതവാദം, മായാവാദം, ഭക്തിപ്രസ്ഥാനം മുതലായവയ്ക്ക് വഴിമരുന്നാകുകയും ചെയ്തു. ഇവയുടെ കൂട്ടിന് പുരാണങ്ങളുമു ണ്ടായിരുന്നു. ഈ പുരാണങ്ങളിലൊക്കെ കുത്തിനിറച്ചു വച്ചിരി ക്കുന്നത് തികച്ചും അസംഭാവ്യങ്ങളായ കാര്യങ്ങളാണെന്ന് നമുക്ക റിയാം. ബ്രാഹ്മണനെ ഭൂമിയിലെ ദൈവമായി ചിത്രീകരിക്കാത്ത ഒരൊറ്റ പുരാണവുമില്ലല്ലോ. മനുസ്മൃതിയുടെ അറിയപ്പെടുന്ന പഴയ ഭാഷ്യക്കാരനായ മേധാതിഥി (ക്രി.വ.825-900) യുടെ ഗ്രന്ഥം പുറത്തു വന്നത് ശങ്കരന് ശേഷമാണ്. ഇതും ശൂദ്രന്മാരുടെ മേൽ അതിക്രൂ രമായ ശിക്ഷാരീതികൾ ഉണ്ടാക്കി വയ്ക്കാൻ കാരണമായി. മനു സ്മൃതിയെ ഉദ്ധരിച്ചും, പീഠങ്ങൾ സ്ഥാപിച്ചും സർവ്വോപരി അക്രമം അഴിച്ചുവിട്ടുമാണ് ശങ്കരൻ ബുദ്ധമതത്തെ തകർത്തു കളഞ്ഞത്.

ഭാരതീയ ചരിത്രത്തിൽ ഭഗവത് ഗീതയുടെ പങ്ക് എന്ന കൃതി യിൽ പ്രേംനാഥ് ബസാസ് ഇങ്ങനെ എഴുതുന്നു. ശങ്കരന്റെ വ്യാഖ്യാ നങ്ങൾ പഠിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത് അദ്ദേഹത്തിന്റെ ജീവിതകാലത്ത് ബുദ്ധമതം വളരെയേറെ ശോഷിച്ചു പോയിരുന്നു എങ്കിലും പൂർണ്ണമായും അപ്രത്യക്ഷമായിട്ടുണ്ടായിരുന്നില്ല

എന്നാണ്. അപ്പോഴും ഗൗനിക്കേണ്ട രീതിയിലുള്ള ശക്തിയായിരുന്നതിനാൽ പതുങ്ങിയിരിക്കുന്ന വ്യാഘ്രമായാണ് ബ്രാഹ്മണർ അതിനെ കണ്ടത്. അതുകൊണ്ടുതന്നെ അതിനെ പൂർണ്ണമായും ഒഴിവാക്കേണ്ടത് ആവശ്യമാണെന്നവർ കണ്ടു. ഇതിനാലാണ് ശങ്കരന്റെ രചനകളെല്ലാം ബുദ്ധമതത്തിനെതിരായിരുന്നത്. ഭാരതത്തിൽ ജന്മമെടുത്ത ഈ മതത്തെ അവസാനത്തെ അടിയും കൊടുത്ത് അടിച്ചു താഴ്ത്തുന്നതിൽ അദ്ദേഹം വിജയിച്ചു എന്നതാണ് സത്യം. ശങ്കരൻ സ്ഥാപിച്ച നാല് മഠങ്ങളിൽ കൂടി ബ്രാഹ്മണിസത്തെ ഉദ്ധരിക്കാനായി അദ്ദേഹമെടുത്ത മുൻകൈ അതിനെ ശക്തമായ ഒരു പ്രസ്ഥാനമാക്കി വളർത്തി. സി.ഇ.820 യിൽ ശങ്കരൻ മരിച്ചതിനുശേഷവും, സത്യത്തിൽ ഇന്നുവരേക്കും അത് വളർന്നുകൊണ്ടേയിരിക്കുകയുമാണ്. ലോകചരിത്രത്തിൽ പ്രത്യയശാസ്ത്രപരമായ വിപ്ളവത്തിന്റെ പതാക ആദ്യമായി ഉയർത്തിയത് ബുദ്ധിസമാണ്. ഒരു പൊതുജന പ്രസ്ഥാനമായി ആയിരം സംവൽസരം അത് ഇന്ത്യയിലാകെ വ്യാപിച്ചു നിന്നിരുന്നു. അങ്ങനെയുള്ള ഒരു പ്രസ്ഥാനത്തിനാണ് ശങ്കരൻ ചരമഗീതം പാടിയത്. അദ്ദേഹത്തിന്റെ പ്രവൃത്തിയിൽ യുക്തിയൊന്നുമില്ലാത്തതുകൊണ്ട് യുക്തിസഹമായി ഇതിനെ വിലയിരുത്തുന്നതിൽ ഒരർത്ഥവുമില്ല. താൻ സ്ഥാപിച്ച നാല് മഠങ്ങളിലും ശിവലിംഗങ്ങൾ പ്രതിഷ്ഠിച്ചത് ശങ്കരൻ തന്നെയാണെന്നാണ് അദ്ദേഹത്തിന്റെ ജീവചരിത്രങ്ങൾ പറയുന്നത്. അവയെല്ലാം ഇന്നുപോലും ആരാധിക്കപ്പെടുകയും ചെയ്യുന്നു. ഒരു അദ്വൈതി ഇതു ചെയ്തതിനു പിന്നിൽ എന്തെങ്കിലും ഗൂഢോദ്ദേശ്യമുണ്ടോ? എത്ര രഹസ്യമായിട്ടായാലും ഒരു ബുദ്ധിസ്റ്റിന് ഇങ്ങനെ ചെയ്യാൻ പറ്റുമോ?

യഥാർത്ഥത്തിൽ ശൈവ വിഭാഗത്തിൽ പെട്ട ആളാണ് ശങ്കരൻ. അതുകൊണ്ടാണ് രാമാനുജനും മാധ്വനുമടക്കമുള്ള എല്ലാ ശൈവന്മാരും അദ്ദേഹത്തെ ശക്തിയുക്തം എതിർത്തത്. ശങ്കരന്റെ കാലം തൊട്ട് ഇന്നുവരേക്കും എല്ലാ ശങ്കരമഠങ്ങളുടേയും നിയന്ത്രണം ബ്രാഹ്മണന്മാരുടെ കൈകളിലാണ്. പഴയ ശിവക്ഷേത്രങ്ങളിലെല്ലാം ബുദ്ധപ്രതിമകളും, മറ്റ് അവശേഷിപ്പുകളും, ഛത്രങ്ങളും, ചെറിയ കൈക്കുടകളും നമുക്കിന്നും കാണാം. ബുദ്ധവിഹാരങ്ങളും ക്ഷേത്രങ്ങളും തകർത്തുകളഞ്ഞ അതേ സ്ഥലങ്ങളിലാണ് ഹിന്ദു ദേവാലയങ്ങൾ പടുത്തുയർത്തപ്പെട്ടതെന്ന് ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. ഇതിനെ സാധൂകരിക്കുന്ന അനേകം തെളിവുകൾ വേറെയുമുണ്ട്. ഹിന്ദുയിസമാണ് ബുദ്ധിസത്തെ തകർത്തുകളഞ്ഞതെന്ന സത്യം ഡോ. രാധാകൃഷ്ണനെപ്പോലെയുള്ള ഹിന്ദുമത പണ്ഡിതന്മാർ അംഗീകരിക്കില്ല. ഇന്ത്യൻ ഫിലോസഫി എന്ന തന്റെ പുസ്ത

കത്തിൽ അദ്ദേഹം പറയുന്നത് വിദേശരാജ്യങ്ങളിൽ വ്യാപരിച്ച ബുദ്ധമതം സ്വന്തം രാജ്യത്ത് സ്വാഭാവിക മരണം വരിച്ചു എന്ന വരട്ടു ന്യായമാണ്. ബുദ്ധമതം എങ്ങനെ നശിച്ചെന്നോ, ഹിന്ദുമതം എങ്ങനെ തഴച്ചു വളർന്നെന്നോ ഉള്ള ചോദ്യങ്ങൾക്ക് അദ്ദേഹം ശരിയായ ഉത്തരം തരുന്നില്ല. പഴയൊരു മതം (ഹിന്ദുയിസം) പുതിയൊരു മതത്തെ (ബുദ്ധിസം) എങ്ങനെയാണോ പുറത്താക്കുന്നത് അതുപോലെ ഹിന്ദുമതം ബുദ്ധമതത്തെ ആക്രമിച്ച് കീഴ്പ്പെടുത്തി എന്ന് അതേ പുസ്തകത്തിന്റെ വേറൊരു ഭാഗത്ത് (വോള്യം 2, പേജ്:608) അദ്ദേഹം പറയുന്നു. ശങ്കരനും 1300 വർഷം മുൻപ് ഉണ്ടായ ബുദ്ധിസം എങ്ങനെയാണ് പുതിയ മതമാകുന്നത്? അതുപോലെ, പൗരാണിക ഹിന്ദുയിസം എങ്ങനെയാണ് പഴയ മതമാകുന്നത്? ഇതിനൊന്നും അദ്ദേഹം ഒരുവിശദീകരണവും തരുന്നില്ല. ബുദ്ധനെ ഹിന്ദു അവതാരങ്ങളിൽ ഒന്നാക്കിയും, അതുപോലെത്തന്നെ ബുദ്ധമതത്തെ സ്വാംശീകരിച്ചുമാണ് ബ്രാഹ്മിണിക്കൽ മതം ആ മതത്തെ ഇല്ലാതാക്കിയെന്നും അതേ പുസ്തകത്തിന്റെ വേറൊരു ഭാഗത്ത് അദ്ദേഹം പറയുന്നു. എന്നാൽ രാമനും കൃഷ്ണനും വേണ്ടി അമ്പലങ്ങൾ പണിതു കൂട്ടിയ ഹിന്ദുക്കൾ എന്തുകൊണ്ടാണ് ഒരു ബുദ്ധക്ഷേത്രം പണിയാതിരുന്നത് എന്നതിനെപ്പറ്റി അദ്ദേഹം ഒന്നും പറയുന്നില്ല. ഇന്ത്യയിൽ ബുദ്ധിസത്തിന്റെ നാശം ഐതിഹാസികമാണ്. എന്നാണ് വേറൊരു ഭാഗത്ത് (വോള്യം 1, പേജ്: 608) ഡോ.രാധാകൃഷ്ണൻ പറയുന്നത്. എന്നാൽ എന്തുകൊണ്ടാണ് ബൗദ്ധസ്തൂപങ്ങളും, ബിംബങ്ങളും ദേവാലയങ്ങളും തകർക്കപ്പെട്ടത് എന്നതിന് അദ്ദേഹം ഉത്തരം പറയുന്നില്ല.

ഇന്ത്യൻ ചരിത്രത്തെ അതിന്റെ യഥാർത്ഥ രൂപത്തിൽ തന്റെ പുസ്തകത്തിൽ അവതരിപ്പിക്കാൻ ഡോ.രാധാകൃഷ്ണൻ ശ്രമിച്ചിട്ടില്ല. അദ്ദേഹം എഴുതിയതാകട്ടെ ഒരു പിന്തിരിപ്പൻ രീതിയിലുമാണ്. ശങ്കരന് മുൻപുതന്നെ ഹിന്ദുരാജാക്കന്മാർ ബുദ്ധമതത്തെ തകർത്തു തുടങ്ങി എന്നതാണ് സത്യം. (ഉത്തരേന്ത്യയിലെ പുഷ്യമിത്ര സുംഗനെ നമുക്കിവിടെ ഓർക്കാം). ശിവസ്കന്ധ വർമ എന്ന പല്ലവ രാജാവ് നാഗാർജുന കോണ്ടയും, വിജയപുരിയും മറ്റ് ബുദ്ധനഗരങ്ങളും നശിപ്പിച്ചു എന്ന് ചരിത്രം പറയുന്നു. ഇദ്ദേഹം ഗുണ്ടൂരിലുള്ള ബുദ്ധാരാമങ്ങൾ ആക്രമിക്കുകയും അവിടെയുള്ള ബുദ്ധഭിക്ഷുക്കളെ തുരത്തുകയും ചെയ്തു. പഴയകാല ഇന്ത്യയെ പതിനേഴു വട്ടം ആക്രമിച്ച മെഹ്മൂദ് ഗസ്നിയുടെ ആക്രമണം പോലെയായിരുന്നത്. വിഷ്ണുകുണ്ടിനയിലെ ശൈവരാജാവായിരുന്ന മാധവ വർമയാണ് അമരാവതിയിലെ ബുദ്ധസ്തൂപം നശിപ്പിച്ചത്. ആ തക്കം നോക്കി ബ്രാഹ്മണർ അവിടം കയ്യേറുകയും അമരേശ്വര

ക്ഷേത്രം പണി കഴിപ്പിക്കുകയും ചെയ്തു. പല്ലവന്മാർക്കും വിഷ്ണു കുണ്ടിനൻമാർക്കും ഭരണം നഷ്ടപ്പെട്ട ശേഷമാണ് ചൈനാസഞ്ചാരി ഹുയാൻ സാങ്ങ് ഇന്ത്യ സന്ദർശിച്ചത്. ആദ്യത്തെ തിരിച്ചടിക്കു ശേഷം ബുദ്ധിസം വീണ്ടും ഉയിർത്തെഴുന്നേൽക്കാൻ തുടങ്ങിയപ്പോഴാണ് ശങ്കരന്റെ വരവ്. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി ബുദ്ധിസം വീണ്ടും തളരുകയും ശേഷിച്ചിരുന്ന ബുദ്ധമതക്കാർ പലായനം ചെയ്യുകയും ചെയ്തു. വളരെ ചിട്ടയോടുള്ള (ദുഷ്) പ്രവർത്തനമായിരുന്നു അദ്ദേഹത്തിന്റേത്. പീഠങ്ങളും, മഠങ്ങളും സ്ഥാപിച്ച് അദ്വൈതം പ്രസംഗിച്ച്, പുതിയ ക്ഷേത്രങ്ങൾ പണി കഴിപ്പിച്ച്, പഴയ ബിംബങ്ങൾക്കു പകരം പുതിയവ പ്രതിഷ്ഠിച്ച് അദ്ദേഹം ഹിന്ദുയിസത്തെ വളർത്തുകയും ബുദ്ധിസത്തിന്റെ നാരായ വേര് അറുത്തു കളയുകയും ചെയ്തു.

ഇന്ത്യൻ ആർക്കിയോളജിക്കൽ സൊസൈറ്റി 1920കളിലാണ് നാഗാർജുനകോണ്ട വിലക്കു വാങ്ങി അവിടെ ഖനനം തുടങ്ങിയത്. അതുവരേക്കും അത് പുഷ്പഗിരിയിലുള്ള ശങ്കരപീഠത്തിന്റെ നിയന്ത്രത്തിലായിരുന്നു. ഒരുകാലത്ത് ബുദ്ധമതകേന്ദ്രമായിരുന്ന ആ സ്ഥലം ഹിന്ദുമഠത്തിന്റെ അധീനതയിൽ വന്നു എന്ന് കാണിക്കുന്നതുതന്നെ ഹിന്ദുയിസം ബുദ്ധിസ്റ്റ് കേന്ദ്രത്തെ നശിപ്പിക്കുന്നതിൽ ഇടപെട്ടിട്ടുണ്ട് എന്നതാണ്. ബുദ്ധമതത്തെ ഉൽമൂലനം ചെയ്യുന്നതിൽ ശങ്കരന് ഒരു പങ്കുമില്ലെന്നു പറയുന്നത് വലിയ നുണയാണ്. ശങ്കരന്റെ ചെയ്തികൾ കൊണ്ടുതന്നെയാണ് ക്രമേണ ബുദ്ധമതം ഇന്ത്യയിൽ നിന്ന് അപ്രത്യക്ഷമായത്. എഴുനൂറു കൊല്ലം മുസ്ളീമുകളും ഇരുനൂറിൽ പരം വർഷം ക്രിസ്ത്യാനികളും ഭരിച്ചിട്ടും ഹിന്ദുയിസത്തിന് കാര്യമായ കോട്ടമൊന്നും തട്ടിയിട്ടില്ല. അതുകൊണ്ടുതന്നെ വിദേശികൾ ഇന്ത്യ ഭരിച്ചതു കൊണ്ടാണ് ബുദ്ധമതം ഇന്ത്യയിൽ നിന്ന് അപ്രത്യക്ഷമായതും വിദേശരാജ്യങ്ങളിലേക്ക് ചേക്കേറിയതും എന്നു പറയുന്നത് തീർത്തും ശരിയല്ല.

### ശങ്കരന്റെ കരിമ്പുനീർ ചക്കിക്കഥ

ശങ്കരന്റെ സ്വഭാവത്തേയും സന്മാർഗ്ഗപരതയേയും പറ്റി ഞാനെഴുതിയ ലേഖനത്തിൽ വീരസാലിംഗം എഴുതിയിട്ടുള്ള താഴെപ്പറയുന്ന കാര്യങ്ങൾ ചേർത്തിട്ടുണ്ട്.

ശങ്കരൻ കാഞ്ചിയിൽ പോയി അവിടെയുള്ള ബുദ്ധഭിക്ഷുക്കളെ തർക്കത്തിൽ തോൽപ്പിച്ചു. അതിനു ശേഷം ഹിമശീതള രാജാവിന്റെ സാന്നിദ്ധ്യത്തിൽ ഉണ്ടാക്കിയ കരാറനുസരിച്ച് തോൽപ്പിക്കപ്പെട്ട എല്ലാ ഭിക്ഷുക്കളേയും കരിമ്പുനീർ ചക്കിയിലിട്ട് ചതച്ച് കൊല്ലുകയും ചെയ്തു. സ്മസനേശ്വര സ്വാമി ക്ഷേത്രത്തിലുള്ള ഒരു കല്ലിൽ

ഇക്കാര്യമെല്ലാം കൊത്തി വച്ചിട്ടുണ്ട്. അന്നത്തെ ഇന്ത്യ മുഴുവൻ കാൽനടയായി യാത്ര ചെയ്ത് ബുദ്ധഭിക്ഷുക്കളേയും, ജൈനന്മാരേയും, ചാർവാകന്മാരേയും തർക്കത്തിൽ തോൽപ്പിച്ചാണ് ശങ്കരൻ അദ്വൈതം സ്ഥാപിച്ചതത്രേ. നേരത്തേത്തന്നെ ക്ഷയിച്ചു കൊണ്ടിരുന്ന ബുദ്ധമതം ശങ്കരന്റെ ഈ ചെയ്തികളിലൂടെ ഭാരതത്തിൽ നിന്ന് എന്നെന്നേയ്ക്കുമായി അപ്രത്യക്ഷമാകുകയും ചെയ്തു.

വീരസാലിംഗം ഇതെഴുതിയതിന് ശേഷം എഴുപത് വർഷം കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകളെ വിശ്വസിക്കാതിരിക്കാൻ ഒരു കാരണവുമില്ല. കാരണം, സ്മസനേശ്വര സ്വാമി ക്ഷേത്രത്തിനുള്ളിലെ കല്ലിൽ കൊത്തി വച്ചിരിക്കുന്നത് തെറ്റാവാൻ ഒരു സാദ്ധ്യതയുമില്ലാത്തതു കൊണ്ടാണത്. ചരിത്രത്തെ തുറന്ന മനസ്സോടുകൂടി നാം നോക്കി കാണുകയാണെങ്കിൽ സത്യം പുറത്തു വരും. വലിയൊരു ക്രൂരകൃത്യമാണെങ്കിൽ കൂടി ബുദ്ധഭിക്ഷുക്കളെ ശങ്കരൻ കരമ്പിൻ ചക്കിലിട്ട് അരച്ചു കൊന്നു എന്നു പറഞ്ഞു നടക്കാനുള്ള പ്രതികാരമനസ്സൊന്നും യുക്തിവാദികൾക്കില്ല. ചിലപ്പോളത് ഏതെങ്കിലും ദുഷ്ടമനസ്സുകളുടെ ഗൂഢാലോചനയാകാം. ഇക്കാര്യം എഴുതിയതുകൊണ്ട് വീരസാലിംഗത്തെ നമുക്ക് കുറ്റം പറയാനും കഴിയില്ല. ശങ്കരന്റെ ഏതെങ്കിലും ചരിത്രഗ്രന്ഥത്തിൽ നിന്നായിരിക്കും അദ്ദേഹത്തിനത് കിട്ടിയത്. ശങ്കരനെ പറ്റി എഴുതിയിട്ടുള്ള കുറഞ്ഞത് നാൽപ്പത്തിയേഴ് ചരിത്രപുസ്തകങ്ങളെങ്കിലുമുണ്ടല്ലോ. വേദം പഠിക്കുന്ന ശൂദ്രന്റെ തല വെട്ടിക്കളയണമെന്ന് എഴുതി വച്ചിട്ടുള്ള മനുസ്മൃതിയിലെ ഈ ശിക്ഷാരീതിയെ പറ്റി പ്രതിപാദിച്ച ശങ്കരന് അത്തരമൊരു മനോഭാവമുണ്ടായിരുന്നു എന്നത് നിസ്തർക്കമാണ്. അത്തരം സ്വഭാവമുള്ള ശങ്കരൻ തോൽപ്പിക്കപ്പെട്ട ബുദ്ധഭിക്ഷുക്കളെ ചക്കിലിട്ട് ചതച്ച് കൊല്ലണമെന്ന് വ്യവസ്ഥ വെച്ചിരുന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഇത്തരുണത്തിൽ, അറിവുണ്ടെന്ന് വീമ്പ് പറയുന്നവർ സമത്വവാദിയെന്നു പറഞ്ഞ് ശങ്കരനെ പൂജിക്കുകയും അതോടൊപ്പം ദ്വൈതവാദികളേയും അർദ്ധദ്വൈതവാദികളേയും മാധ്വന്മാരേയും ക്രൂരരായി ചിത്രീകരിച്ച് പരിഹസിക്കുകയും ചെയ്യുന്നത് ഒട്ടും ശരിയല്ല. മാന്ത്രിക ചെയ്തികളിലൂടെ ശങ്കരൻ ആളുകളെ ആകർഷിക്കുകയും അവരെ സ്വന്തം മതവിഭാഗത്തിൽ ചേർക്കുകയും അതോടൊപ്പം ബുദ്ധവിഹാരങ്ങളെ അഗ്നിക്കിരയാക്കി അവയിലുണ്ടായിരുന്ന സ്ത്രീകളേയും കുട്ടികളേയും മൃഗങ്ങളേയും കൊല്ലുകയും ചെയ്തു. തന്റെ ശിഷ്യന്മാരെ ഉപയോഗിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ചാണ് ശങ്കരൻ ഇതൊക്കെ ചെയ്തതെന്ന് മണിമഞ്ജരിയിൽ പറയുന്നു.

ആ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതെല്ലാം അതേപടി ശരിയാകണമെന്നില്ല. പക്ഷെ ഇതെല്ലാം കല്ലിൽ കൊത്തി വച്ചിരിക്കുന്ന കാര്യം തെളിവായി വീരസാലിംഗം കാണിച്ചിട്ടുണ്ട്. ബുദ്ധന്റെ തകർന്നടിഞ്ഞ വിഗ്രഹങ്ങൾക്കിടയിൽ ഈ കൽസ്തൂപങ്ങളെ കാണാൻ കഴിയും. അന്ന് തകർത്ത ബുദ്ധവിഹാരങ്ങളുടെ സ്ഥാനത്താണ് ശിവക്ഷേത്രങ്ങൾ പണിതുയർത്തപ്പെട്ടിരിക്കുന്നത്. മറ്റ് സഹജീവികളോട് ശങ്കരൻ ഒരു ദയയും കാണിച്ചിട്ടില്ല എന്നത് ഇതുകൊണ്ടെല്ലാം വ്യക്തമാണ്. അമ്മക്കു വേണ്ടിയുള്ള ഉദകക്രിയകൾ വളരെയധികം അർപ്പണത്തോടുകൂടിയാണ് ശങ്കരൻ ചെയ്തതെന്ന് പറയുന്നതിൽ ഒരർത്ഥവുമില്ല. എന്നാൽ വളരെയധികം അർപ്പണബോധവും സഹാനുഭൂതിയുമുള്ള ആളാണ് ശങ്കരനെന്ന് തെളിയിക്കാൻ ഡോ.രാധാകൃഷ്ണൻ തന്റെ പുസ്തകത്തിൽ കിണഞ്ഞ് പരിശ്രമിച്ചിട്ടുണ്ട്.

സാധാരണജനങ്ങളുടെ പ്രസ്ഥാനമായി അദ്വൈതം ഒരിക്കലും വളർന്നില്ല എന്ന കാര്യം മറച്ചു വച്ച് ബുദ്ധമതം അങ്ങനെയായില്ല എന്നു വിളിച്ചു കൂവി നടക്കുന്ന കുറെ വിഡ്ഢികളുള്ളത് വിചിത്രം തന്നെ. ഇന്ന് ഹിന്ദുമതത്തിൽ രണ്ടു വിഭാഗങ്ങളേ ഉള്ളൂ. ശൈവവും വൈഷ്ണവവും. അദ്വൈതമെന്നോ, ദ്വൈതമെന്നോ മറ്റ് ഏതെങ്കിലും അവാന്തര വിഭാഗമെന്നോ ആരും കേട്ടു കാണില്ല. സത്യം പറഞ്ഞാൽ അദ്വൈതവും അതിന്റെ അനുബന്ധ ശാഖകളും കുറ്റിക്കാട്ടിനു പിന്നിൽ മറഞ്ഞിരിക്കുന്ന ശൗര്യം നശിച്ച പുലികൾ മാത്രമാണിന്ന്. തന്റെ അവസാന നാളുകളിൽ ശങ്കരൻ പ്രചരിപ്പിച്ചത് ശൈവമായിരുന്നു. പിന്നീട് വന്ന രാമാനുജനും മറ്റുള്ളവരും വൈഷ്ണവവും. സത്യം പറഞ്ഞാൽ ഇതെല്ലാം കൂടിയായപ്പോൾ ഹിന്ദുമതം ഒരു കാടൻ മതമായി മാറി. അവരെല്ലാവരും കൂടി ബുദ്ധമതത്തെ നാടു കടത്തിയെങ്കിലും വേദാന്തത്തെ ഉയർത്തി കൊണ്ടുവരാൻ ഇവർക്കാർക്കും കഴിഞ്ഞില്ല. നമ്മൾ ഏതൊക്കെ പേരുകളിട്ട് വിളിച്ചാലും അവസാനം അവർ ചെയ്തത് ഹിന്ദുമതത്തെ പുനരുദ്ധരിപ്പിക്കലാണ്.

ബുദ്ധമതത്തിനുള്ള രക്ഷാകർത്തൃത്വം ഇന്ത്യക്കകത്ത് ഇല്ലാതായെങ്കിലും പുറംരാജ്യങ്ങളിൽ അതിന് അടിത്തറ ലഭിക്കുകയും അത് തഴച്ച് വളരുകയും ചെയ്തു. അതിനു മുൻപുതന്നെ ചാർവാകം മുഴുവനായും തുടച്ച് നീക്കപ്പെട്ടിരുന്നു. ജൈനവും വേറെ ചില വിഭാഗങ്ങളും അവിടവിടെ ചില പോക്കറ്റുകളിൽ ഒതുങ്ങി നിന്നു. പിന്നീട് മുന്നൂറ്-നാനൂറ് കൊല്ലങ്ങൾക്കു ശേഷമാണ് ചില വിദേശമതങ്ങൾ ഇന്ത്യൻ മണ്ണിലേക്ക് ചേക്കേറാൻ തുടങ്ങിയത്. എന്നാൽ രാജ്യത്തിനകത്തെ തത്വശാസ്ത്രപരമായ വിഭ്രാന്തിയുടെ നാരായവേര്

വേദാന്തം തന്നെയായിരുന്നു. അതുകൊണ്ടുതന്നെയാണ് പുതിയ തത്വശാസ്ത്രങ്ങളുടെ കടന്നു വരവിനെ ഇന്ത്യ അധികം കൈനീട്ടി സ്വീകരിക്കാതിരുന്നത്. ഭിക്ഷാംദേഹികളായ കുറച്ച് വൈരാഗിക ളുടെ ജീവിതോപാധിയായി വേദാന്തം മാറി. ആ സമയത്തു തന്നെ അവിടവിടെയായി കുറച്ച് അബ്രാഹ്മണ മഠങ്ങൾ സ്ഥാപിക്കപ്പെടു വാനും തുടങ്ങി.

നമ്മുടെ തത്വശാസ്ത്രമുഖം അപ്പോഴൊക്കെ നിശ്ചലമായി ത്തന്നെ നിന്നു. പിന്നോട്ട് പോകണമെങ്കിൽ അതിന് വേദങ്ങളിലേ യ്ക്കാണ് പോകേണ്ടത്; മുന്നിലേയ്ക്കാണെങ്കിലോ ഉപനിഷത്തു ക്കളിലേക്കും. മിക്ക ആളുകൾക്കും പുതിയതിനെ എങ്ങനെ തിര ഞ്ഞെടുക്കണമെന്നും പഴയവയെ എങ്ങനെ ഉപേക്ഷിക്കണമെന്നും അറിഞ്ഞുകൂടാ. ഇതാണ് ഇന്ത്യയുടെ ഇപ്പോഴത്തെ സങ്കടകരമായ അവസ്ഥ. ഇന്നും ഈ രാജ്യത്തെ ഹിന്ദുക്കളിൽ നാം കാണുന്നത് മർക്കട മുഷ്ടിയുള്ള, ആഭിചാര പ്രയോഗങ്ങൾ നടത്തുന്ന, ജാതി വ്യവസ്ഥയുടെ വൃത്തികേടുകൾ ചുമക്കുന്ന, അന്യായങ്ങൾ കാണി ക്കുന്ന ആൾകൂട്ടങ്ങളേയാണ്. അവരിൽ തന്നെ അസാദ്ധ്യമായ ശക്തികളുണ്ടെന്ന് അവകാശപ്പെടുന്ന ബാബമാരും, സ്വാമിമാരും, ചതിയന്മാരും, ദുഷ്ടശക്തികളുമുണ്ട്. പക്ഷെ ഇവരിൽ ഒരാളേയും നമ്മുടെ അദ്ധ്യാത്മിക നേതൃത്വങ്ങൾ അപലപിക്കുന്നില്ല. സത്യ ത്തിൽ അവരുടെ നിസ്സംഗത ഈ ദുഷ്ടശക്തികളെ പ്രോൽസാ ഹിപ്പിക്കുന്നേയുള്ളൂ. അസാദ്ധ്യമായ അത്ഭുതങ്ങളുടെ പേരിൽ ശങ്കരവാദികളൊക്കെ ചെപ്പടിവിദ്യകളാണ് കാണിച്ചു പോരുന്നത്. ജനങ്ങളുടെ അജ്ഞതയാണ് അവരുടെ മൂലധനം. അറിവില്ലായ്മയെ ചൂഷണം ചെയ്യുന്നവർ ഇത്തരത്തിൽ കൂടുതൽ അജ്ഞതയെ സമൂ ഹത്തിലുണ്ടാക്കുന്നു. എല്ലാ മനുഷ്യരും തുല്യരാണെന്ന ആശയം ഹിന്ദുയിസത്തിന് ഒരിക്കലും സ്വീകാര്യമല്ല എന്നതാണ് വിചിത്രം.

*

# 6

## സ്വപ്ന മായെ യഥാ ദൃഷ്ടെ
## തഥാ വിശ്വമിദം ദൃഷ്ടം

മനുഷ്യനും അവന്റെ ജീവിതവുമായി ബന്ധപ്പെടാത്ത ധാരാളം വഴിപിഴച്ച പരാമർശങ്ങൾ ശങ്കരാദ്വൈതത്തിലുണ്ട്. അതുതന്നെ യാണ് ആ സിദ്ധാന്തം. ശങ്കരന്റെ ജീവിതോദ്ദേശ്യം എന്തായിരു ന്നാലും ഈ ഭൗതികജീവിതം അയഥാർത്ഥവും, മോഹജനകവും ആണെന്നാണ് അദ്വൈതത്തിന്റെ സാരാംശം. ഇതിൽകൂടി ഭൗതി കമായതെല്ലാം അദ്ദേഹം തീർത്തും മിഥ്യയാക്കി ചിത്രീകരിച്ചു.

ഈ പ്രപഞ്ചം നിലനിൽക്കുന്നില്ല എന്നൊന്നുമല്ല ശങ്കരന്റെ അദ്വൈതം പറയുന്നത് എന്നാണ് പലരും വാദിക്കുന്നത്. സത്യ ത്തിൽ ശങ്കരന് സ്വന്തമായി ഒരു സിദ്ധാന്തവുമുണ്ടായിരുന്നില്ല. മറ്റു ള്ളവരുടെ വാദങ്ങളാണ് സ്വന്തമെന്ന നിലയിൽ അദ്ദേഹം പ്രചരി പ്പിച്ചത്. അദ്വൈതമെന്ന പേരിൽ അദ്ദേഹം പറഞ്ഞു നടന്നത് പൗരാ ണിക ഹിന്ദുയിസം തന്നെയായിരുന്നു.

യഥാർത്ഥത്തിൽ, അദ്വൈതസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ഗൗഡപാദരായിരുന്നു. ബുദ്ധതത്വങ്ങളിൽ ആകൃഷ്ടനായ ഒരു ഹിന്ദുവോ അല്ലെങ്കിൽ ഒരു ബുദ്ധമതക്കാരൻ തന്നെയോ ആയി രുന്നു അദ്ദേഹം എന്ന് പറയപ്പെടുന്നു. അദ്വൈതത്തിലൂടെ ഉപനി ഷത്തുക്കളെ വ്യാഖ്യാനിക്കാൻ പറ്റുമെന്നും അത് ബൗദ്ധസിദ്ധാ ന്തങ്ങൾക്ക് എതിരല്ലെന്നും അദ്ദേഹത്തിന് അഭിപ്രായമുള്ളതായി കരുതാൻ വകയുണ്ട്. എന്തൊക്കെയായാലും മാണ്ഡൂക്യോപനി ഷത്തിന് അദ്ദേഹമെഴുതിയ കാരികകളാണ് അദ്വൈതത്തിന്റെ നാരാ യവേര്. മാണ്ഡൂക്യത്തിന്റെ ഒന്നാം അദ്ധ്യായത്തിലെ പന്ത്രണ്ട് ശ്ലോകങ്ങൾക്ക് ഗൗഡപാദർ 215 വ്യാഖ്യാന ശ്ലോകങ്ങൾ എഴു തിയിട്ടുണ്ട്. മുപ്പത്തിയെട്ട് ശ്ലോകങ്ങളുള്ള രണ്ടാം അദ്ധ്യായം വെറും കെട്ടുകഥ മാത്രമാണ്. വൈതഥ്യം എന്നാണതിന്റെ തലക്കെട്ട്. വൈതഥ്യം എന്നാൽ മിഥ്യാബോധം എന്നാണർത്ഥം. നാൽപ്പെട്ടു ശ്ലോകങ്ങളുള്ള മൂന്നാം അദ്ധ്യായത്തിലാണ് അദ്വൈതത്തെപ്പറ്റി പ്രതിപാദിക്കുന്നത്. ശങ്കരന്റേതെന്ന് പറഞ്ഞ് പ്രചരിപ്പിക്കപ്പെടുന്ന

ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനം ഗൗഡപാദരുടെ ഈ വ്യാഖ്യാനമാണ്. അഗാമ അദ്ധ്യായത്തിൽ 29 ശ്ളോകങ്ങളും അവസാനത്തേതായ ആലകസന്ധിപ്രകരണയിൽ നൂറ് ശ്ളോകങ്ങളുമുണ്ട്. തന്റെ ഭാഷ്യങ്ങൾക്ക് ആവശ്യമുള്ളതേ ഗൗഡപാദർ എഴുതിയിട്ടുള്ളൂ. ശ്രുതികളിൽ നിന്നും സ്മൃതികളിൽ നിന്നും ഉദാഹരണങ്ങളെടുത്ത് ഇതിനെയെല്ലാം പ്രമാണീകരിക്കുകയാണ് ശങ്കരൻ ചെയ്തത്.

ഈ പ്രപഞ്ചം മായയാണെന്ന് വൈതദ്ധ്യത്തിലാണ് പ്രഖ്യാപിച്ചിരിക്കുന്നത്. സ്വപ്നത്തിൽ നാം കാണുന്ന എല്ലാ വസ്തുക്കളും അയഥാർത്ഥമായതുപോലെ (ഒന്നാം കാരിക) നാം ഉണർന്നിരിക്കുമ്പോൾ കാണുന്ന എല്ലാവസ്തുക്കളും തീർത്തും മായയാണെന്ന് നാലാം കാരിക സമർത്ഥിക്കുന്നു. അഞ്ചാം കാരിക ഇതിന്റെ ആവർത്തനം മാത്രമാണ്. അതായത്, ഉണർന്നിരിക്കുമ്പോളുള്ളതും, സ്വപ്നത്തിലുള്ളതുമൊക്കെ മായ തന്നെ. ആദിയും അന്തവുമില്ലാത്ത ഒന്നിനും മദ്ധ്യവുമില്ല എന്നാണ് ആറാം കാരിക പറയുന്നത്. അതുകൊണ്ടുതന്നെ എല്ലാം മായയാണ്; എല്ലാം ശൂന്യമാണ്.

സ്വപ്നത്തിൽ ഭക്ഷണം കഴിക്കുന്നതായി നമുക്ക് അനുഭവപ്പെടുന്നുണ്ടെങ്കിലും നമ്മൾ യഥാർത്ഥത്തിൽ കഴിക്കുന്നില്ല. എന്നാൽ, കഴിക്കാത്ത ഒരു ഭക്ഷണം സ്വപ്നത്തിൽ കഴിച്ചെന്ന് കണ്ടാലും അത് കഴിക്കാത്ത അനുഭവം തന്നെയാണ് ഉണ്ടാക്കുന്നത്. ഏഴാം കാരികയുടെ ഭാഷ്യത്തിൽ ശങ്കരൻ ഇങ്ങനെയാണ് എഴുതിയിരിക്കുന്നത്. അതുകൊണ്ട് ഉണർന്നിരിക്കുന്ന അവസ്ഥയിലെ യഥാർത്ഥ അനുഭവവും അയഥാർത്ഥമാണ്; മായയാണ്. അതുകൊണ്ടുതന്നെ ഉണർന്നിരിക്കുന്ന അവസ്ഥയും സ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന അവസ്ഥയും ഒന്നാണെന്ന് ശങ്കരൻ സമർത്ഥിക്കുന്നു. അതായത് മനുഷ്യന്റെ ഏതവസ്ഥയും മിഥ്യാഭ്രമമാണ്. കാരിക 8, 9, 10 എന്നിവയിലാണ് ശങ്കരൻ ഇത് പ്രസ്താവിക്കുന്നത്.

തന്റെ സ്വന്തം മായാവാദത്തെ പതിനൊന്നാം കാരികയിൽ ചോദ്യം ചെയ്യുന്ന ശങ്കരൻ പന്ത്രണ്ടാം കാരികയിൽ അതിനുള്ള ഉത്തരവും കൊടുക്കുന്നു. ആത്മാവിന് അതിന്റെ സ്വന്തം മായയിലൂടെ എല്ലാ സത്യാവസ്ഥയും അറിയാമെന്നും അതുതന്നെയാണ് വേദാന്തമെന്നുമാണ് ആ ഉത്തരം. ആത്മാവ് അതിന്റെ വിചാരങ്ങളെ തുറന്ന് പ്രകടിപ്പിക്കുന്നുണ്ട്. അതിന്റെ ഉള്ളറകളിൽ അതിന്റെ ഉൾവികാരങ്ങൾ രൂപം കൊള്ളുന്നു. പതിമൂന്നാം കാരിക ഇപ്രകാരമാണ് പറയുന്നത്. പുറത്ത് പ്രകടിപ്പിച്ചാലും ഇല്ലെങ്കിലും എല്ലാം സങ്കൽപ്പങ്ങൾ മാത്രമാണെന്നാണ് പതിനഞ്ചാം കാരിക പറയുന്നത്.

രജ്ജുവി(കയറി)ന്റെ ഗുണങ്ങൾ എന്തെന്നറിയാതെ അതിനെ പാമ്പായി തെറ്റിദ്ധരിക്കുന്നു. ശരിയായി മനസ്സിലാക്കുമ്പോൾ മാത്ര

മാണ് അത് പാമ്പല്ലെന്നും മറിച്ച് കയറാണെന്നും അറിയുന്നത്. ആത്മാവിന്റെ ഗുണങ്ങളും ഇതിന് സമാനമാണ്. പതിനേഴും പതിനെട്ടും കാരികകൾ ഇപ്രകാരമാണ് പറയുന്നത്. മായമൂലം ആത്മാവ് അതിന്റെ ഭാവങ്ങളെ പലരീതിയിൽ പ്രകടിപ്പിക്കുന്നു. പത്തൊമ്പത് മുതൽ മുപ്പത് വരെയുള്ള കാരികകളിൽ ഇങ്ങനെയാണ് വിവരിക്കുന്നത്.

മുപ്പത്തി ഒന്നാമത്തെ കാരികയിൽ നിഗൂഢാത്മകവാദം അതിന്റെ പാരമ്യത്തിലെത്തുന്നു. പ്രപഞ്ചം മുഴുവനും സ്വപ്നമെന്നതുപോലെ വെറും മായ മാത്രമാണെന്ന് അത് ഉദ്ഘോഷിക്കുകയാണ്. (ഒരു ആധാരവുമില്ലാതെ) ആകാശത്തു നിൽക്കുന്ന ഒരു ഗന്ധർവ്വനഗരമാണ് മായയത്രേ!

സ്വപ്നമായെ യഥാദൃഷ്ടെ ഗന്ധർവ നഗരം യഥാ!
തഥാ വിശ്വമിഥം ദൃഷ്ടം വേദാന്തേഷു വിചക്ഷണേയ്!

മാണ്ഡൂകോപനിഷത്തിൽ നിന്ന് ഇതെല്ലാം ഉദ്ധരിക്കാൻ ഒരു കാരണമുണ്ട്. ഇതില്ലെങ്കിൽ ശങ്കരനേയോ അദ്ദേഹത്തിന്റെ ചരിത്രത്തേയോ മനസ്സിലാക്കുക സാദ്ധ്യമല്ല. ശങ്കരന്റെ പ്രസ്ഥാനത്രയ ഭാഷ്യത്തിന്റെ ഉൽപ്പത്തി ഇതിൽ കാണാം. ഗൗഡപാദരുടെ കാരികകളും, അതിനെപ്പറ്റിയുള്ള ശങ്കരന്റെ ഭാഷ്യങ്ങളും ഒരു കാര്യം വ്യക്തമാക്കുന്നു. വസ്തുനിഷ്ഠമായ ഈ ലോകം മായ മാത്രമാണ് (1-4). ആദിയും അന്തവും, മദ്ധ്യവും നമുക്കുണ്ടാകുന്ന അറിവുമൊക്കെ വെറും മിഥ്യ മാത്രം (5-6). നാം ഒരു വസ്തുവിനെ കാണുമ്പോൾ അതിനെ അറിയുന്ന അവസ്ഥയും അതിനെ സ്വപ്നം കാണുന്ന അവസ്ഥയും പരസ്പര വിരുദ്ധമല്ല; (7-11). വസ്തുക്കളും വികാരവിചാരങ്ങളും മാനസിക ചിത്രങ്ങൾ മാത്രമാണ് (13-15). മായയിൽ നാം കാണുന്ന വസ്തു യഥാർത്ഥത്തിൽ ആ വസ്തുവല്ല. ലോകം ഉണ്ടെന്നുള്ളത് നമ്മുടെ ഒരു തോന്നൽ മാത്രമാണ് (17-18). അവസാനം ഈ പ്രപഞ്ചം വെറും മായയും സ്വപ്നവുമാണെന്നും അത് വായുവിൽ കെട്ടിടം പണിയുന്നതു പോലെ ആണെന്നും രണ്ടുപേരും കൂടി പ്രഖ്യാപിച്ചു (31). അവസാനം യഥാകായസ്ഥതാസർവ്വം ചിത്തദൃശ്യം അവാസ്തുകം എന്നെഴുതി വച്ച് അതിന് അടിവരയിടുകയും ചെയ്തു. ഗുരുവും ശിഷ്യനും കൂടി ഇങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിലും മായയുടേയും ബ്രഹ്മത്തിന്റേയും അർത്ഥങ്ങൾ അങ്ങനെയല്ല എന്നാണ് നവശങ്കരവാദികൾ പറയുന്നത്. അങ്ങനെയാണെങ്കിൽ അവയുടെ ശരിയായ അർത്ഥം എന്താണെന്ന് അവർക്ക് പറയാനും പറ്റുന്നില്ല.

ശങ്കരന്റെ സിദ്ധാന്തം ആശയദുരൂഹമായി വ്യാഖ്യാനിച്ച പ്രധാനികളിൽ ഒരാളാണ് നമ്മുടെ മുൻരാഷ്ട്രപതി ഡോ. സർവ്വേപ്പള്ളി രാധാകൃഷ്ണൻ. ഉണർന്നിരിക്കുമ്പോഴുണ്ടാകുന്ന അനുഭവങ്ങളെ

സ്വപ്നതലത്തിലേക്ക് കൊണ്ടുപോകാനുള്ള എല്ലാ ശ്രമങ്ങളേയും തള്ളിക്കളഞ്ഞ ആളാണ് ശങ്കരൻ എന്നാണ് തന്റെ പുസ്തകമായ ഇന്ത്യൻ ഫിലോസഫിയിൽ (വോള്യം 2, പേജ്- 582) അദ്ദേഹം എഴുതി വച്ചിരിക്കുന്നത്. ശങ്കരസിദ്ധാന്തം മനസ്സിലാകാത്തതു കൊണ്ടാണോ അതോ മനപ്പൂർവ്വമായി അദ്ദേഹം അത്തരത്തിൽ വ്യാഖ്യാനിച്ചതാണോ? രണ്ടുതലങ്ങളും ഒന്നാണെന്നു പറഞ്ഞ ശങ്കരൻ തന്നെ അത് പിന്നീട് തിരസ്കരിച്ചു എന്നാണോ ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്? അതിപ്രശസ്തനായ ഒരു പണ്ഡിതൻ ഒരു ചരിത്രപുരുഷനെ ഇത്തരത്തിൽ ചിത്രീകരിക്കുന്നത് തെറ്റാണ്. അതുപോലെത്തന്നെ ആത്മസിദ്ധാന്തത്തെ ബുദ്ധിസവുമായാണ് അദ്ദേഹം ബന്ധിപ്പിച്ചത്. എന്നാൽ ആത്മാവെന്ന സ്വത്വത്തെ നിരാകരിച്ച തത്വചിന്തയാണ് ബുദ്ധിസം എന്നതാണ് ഏറെ രസകരം. ഇത്തരത്തിലുള്ള ധാരാളം വൈരുദ്ധ്യങ്ങളുള്ളതാണ് ഡോ. രാധാകൃഷ്ണന്റെ തത്വചിന്താരചനകൾ. അത്തരം അയഥാർത്ഥങ്ങൾ ഭാരതീയ തത്വചിന്താസരണിയിൽ തന്നെ ഒട്ടനധികം തെറ്റിദ്ധാരണകൾക്ക് വഴിവച്ചു എന്നതാണ് യാഥാർത്ഥ്യം.

അദ്വൈതം ശരിയാണോ, തെറ്റാണോ എന്നല്ല നമ്മളിപ്പോൾ ചർച്ച ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ ആ സിദ്ധാന്തത്തെ സമൂലം നമ്മൾ തിരസ്കരിച്ചതാണ്. അദ്വൈതത്തെ മാത്രമല്ല അതിനോടൊപ്പമുള്ള ആദർശവാദം, മായാവാദം മുതലായവയേയും ആധുനിക ലോകത്തിന് നിരർത്ഥകങ്ങളായ മറ്റെല്ലാ ഇസങ്ങളേയും നാം തള്ളിക്കളഞ്ഞിരിക്കുന്നു. ഒരു ബാഹ്യശക്തിയുടെ ഗന്ധമുള്ള ഏതൊരു പ്രത്യയശാസ്ത്രത്തേയും നമ്മൾ അംഗീകരിക്കുന്നതേയില്ല. അതുപോലെത്തന്നെ ദൈവവിശ്വാസത്തേയും നിഷേധസ്വഭാവവുമുള്ള ചിന്താധാരകളേയും നമ്മൾ പണ്ടേ പിഴുതെറിഞ്ഞു കളഞ്ഞതാണ്. ചരിത്രപരമായ അറിവുകൾക്കുവേണ്ടിയല്ലാതെ അവയെ പരാമർശിക്കേണ്ട ആവശ്യം തന്നെയില്ല. ഈ സിദ്ധാന്തങ്ങളെ തെറ്റായി വാദിക്കാനും നമുക്ക് താൽപ്പര്യമില്ല.

കഴിഞ്ഞ മൂന്ന്, നാല് ശതാബ്ദങ്ങളായി വികസിച്ചു വന്ന ആധുനിക ശാസ്ത്രവിജ്ഞാനം പുതിയൊരു തത്വശാസ്ത്ര വീഥി തന്നെ നമുക്ക് തുറന്നു തന്നിട്ടുണ്ട്. നമ്മുടെ തിരിച്ചറിവില്ലാതെത്തന്നെയുള്ള വസ്തുനിഷ്ഠമായ നിലനിൽപ്പ് സത്യവും ശാശ്വതവുമാണ്. നമ്മുടെ മനസ്സും (തലച്ചോറും) മിഥ്യാബോധവും മാത്രമല്ല നമ്മുടെ നിലനിൽപ്പിന്റെ മാനദണ്ഡങ്ങൾ. നമുക്ക് ഗ്രഹിക്കാൻ കഴിയുന്നതുകൊണ്ടു മാത്രമാണോ ഈ ലോകമുള്ളത്? അല്ലെങ്കിൽ മുൻകൂട്ടിത്തന്നെ ഇവിടെ ഉള്ളതു കൊണ്ടാണോ നാമതിനെ കാണുന്നത്? ഈ ചോദ്യങ്ങൾക്ക് ഇന്ന് ഒരു പ്രസക്തിയുമില്ല. ഭൗതികമായ നിലനിൽപ്പാണ് ആദ്യന്തിക സത്യം എന്നതാണ് ആധുനിക ശാസ്ത്രത്തിന്റെ ആധാരശില. നാം അറിയുന്നില്ലെങ്കിലും അത്

നിലനിൽക്കുന്നു. എന്നാൽ ശങ്കരാദ്വൈതം പറയുന്നത് ഭൗതികമായ അസ്തിത്വം മതിഭ്രമമാണെന്നും മൗലികമായ സത്യം അഭൗതികമായ ബ്രഹ്മമാണെന്നുമാണ്. ബോധം വസ്തുവിന്റെ ഗുണമല്ലെന്നും നാം കാണുന്ന ദ്രവ്യപ്രപഞ്ചം ബ്രഹ്മത്തിന്റെ ഒരു പ്രതിഫലനം മാത്രമാണെന്നും ശങ്കരൻ വാദിക്കുന്നു. എന്നാൽ വസ്തുനിഷ്ഠമായ സത്യം പറയുന്നത് എന്തൊക്കെയുണ്ടോ അവയെല്ലാം നിലനിൽക്കുന്നു എന്നും ഇല്ലാത്തതൊന്നും നിലനിൽക്കുന്നില്ല എന്നുമാണ്. എന്നാൽ ബ്രഹ്മസിദ്ധാന്തം പറയുന്നത് യഥാർത്ഥമായതെല്ലാം മായയാണ്; ഇല്ലാത്തതെല്ലാം യഥാർത്ഥമാണെന്നും. ഇതുപോലും ശരിക്ക് മനസ്സിലാക്കാൻ പറ്റാത്തവരാണ് ശങ്കരാദ്വൈതത്തിൽ അത്യന്താധുനിക ശാസ്ത്രം കണ്ടുപിടിക്കുന്നത്.

അറിയാത്ത ലോകത്തെ (?) പറ്റി എപ്പോഴും സ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന ഒരു കൂട്ടം ആളുകളെ നമ്മുടെ ഇടയിൽ കാണാം. സത്യത്തിൽ അവരുടെ മാനസികാവസ്ഥ പ്രാകൃതവും പ്രാചീനവുമായ കാലഘട്ടത്തിന്റേതാണ്. ഭൗതികമായ പ്രായോഗിക വീക്ഷണവാദത്തിലേക്കാണ് ആധുനിക ശാസ്ത്രം നമ്മെ നയിക്കുന്നത്. അത്തരമൊരു പഥമില്ലെങ്കിൽ പിന്നെ ശാസ്ത്രം പഠിക്കുകയും പ്രയോഗിക്കുകയും ചെയ്യേണ്ട ആവശ്യകതയില്ല. പാരമ്പര്യശാസ്ത്രം പൂർണ്ണമായും ശരിയാണെങ്കിൽപിന്നെ അതിനെ പിൻതാങ്ങാൻ ആധുനിക ശാസ്ത്രം വേണ്ടല്ലോ. പഴഞ്ചൻ കാര്യങ്ങളെ ന്യായീകരിക്കലല്ല ആധുനിക ശാസ്ത്രത്തിന്റെ ജോലി, മറിച്ച് ആദ്യന്തിക സത്യത്തെ വെളിപ്പെടുത്തലാണ്. പഴയ തത്വശാസ്ത്രങ്ങളെ പൊളിച്ചെഴുതാൻ ആധുനിക ശാസ്ത്രത്തിനേ കഴിയൂ. ഈ പ്രവൃത്തിയിൽ പഴയതിലുള്ളതുപോലെ ഒരു തലതൊട്ടപ്പനും ആധുനിക ശാസ്ത്രത്തിലില്ല. ശങ്കരാദ്വൈതത്തിൽ ഭൗതികവാദം കണ്ടെത്താനുള്ള ഭ്രാന്തൻ സർക്കസ്സുകളൊന്നും യുക്തിവാദികൾ ചെയ്യില്ല. ഇതിനെ പറ്റിയുള്ള കൂടുതൽ കാര്യങ്ങൾ അവസാന അദ്ധ്യായമായ നവോത്ഥാനത്തിൽ ഞാൻ കൊടുത്തിട്ടുണ്ട്.

**മായം ചേർത്ത അദ്വൈതം**

ശങ്കരന്റെ അദ്വൈതം നിരീശ്വരവാദമാണെന്നും ഭൗതികവാദമാണെന്നും പ്രായോഗിക വീക്ഷണ വാദമാണെന്നുമൊക്കെ പറഞ്ഞു നടക്കുന്ന കുറച്ച് പഠിച്ച വിരുതന്മാരുണ്ട്. ഇത് എത്രമാത്രം ശരിയാണെന്ന് നമുക്ക് നോക്കാം. കണ്ട കൽബിംബങ്ങളുടെ മുന്നിലെല്ലാം കൈ കൂപ്പിനിന്ന ആളാണ് ശങ്കരൻ. ശിവന്റെ ലിംഗവും പാർവതിയുടെ യോനിയും പ്രതിഷ്ഠിക്കലായിരുന്നു പ്രധാന ജോലി. പിന്നെ അദ്ദേഹം പരകായപ്രവേശം സിദ്ധാന്തീകരിച്ചു. മറ്റ് മതവിശ്വാസികളേയും ഗോത്രവർഗ്ഗങ്ങളേയും മാനസികമായും ശാരീരികമായും മുറിവേൽപ്പിച്ച് പീഠങ്ങളിലും മഠങ്ങളിലും ശിവ

ക്ഷേത്രങ്ങൾ പണികഴിപ്പിച്ചു. പുരാണങ്ങളിലെ കള്ളക്കഥകളൊക്കെ സത്യമാണെന്ന രീതിയിൽ പ്രചരിപ്പിച്ചു. അങ്ങനെയുള്ള ശങ്കരനാണ് യുക്തിവാദിയാണെന്നും സമത്വവാദിയാണെന്നും മാനവികതാ വാദിയാണെന്നും സാമൂഹ്യവിപ്ളവകാരിയാണെന്നുമൊക്കെ കുറച്ച് നെറികെട്ടവർ പറഞ്ഞു പരത്തുന്നത്. ഇത് കാണിക്കുന്നത് ഇത്തരക്കാരുടെ ബുദ്ധിപരമായ പാപ്പരത്തമാണ്. ഇനി വേറൊരു തരം ഭിക്ഷാംദേഹികളുണ്ട്. അദ്വൈതത്തിലെ ബ്രഹ്മവും ഭൗതികവാദത്തിലെ ദ്രവ്യവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്ന് അവർ പറഞ്ഞു നടക്കുന്നു. ദ്രവ്യം എന്തുകൊണ്ടാണ് എങ്ങനെയാണ് പലരൂപത്തിൽ കാണപ്പെടുന്നത് എന്ന ചോദ്യത്തിന് ഭൗതിക ശാസ്ത്രജ്ഞന്മാർക്കു പോലും ഉത്തരമില്ലെന്നാണ് അവരുടെ വാദം. ആ ഉത്തരത്തെയാണ് ശങ്കരൻ മായയെന്ന് വിളിച്ചതത്രെ. ഇതുപോലും മനസ്സിലാക്കാൻ കഴിയാത്ത ആധുനികർ ശങ്കരനെ അപഹസിക്കുകയാണെന്നവർ പറയുന്നു.

ഇതിന് നമ്മുടെ മറുപടിയിതാണ്. ഈ നവശങ്കരവാദികൾ ഗൗഡപാദരുടെ കാരികകളും അതിന് ശങ്കരൻ ചമച്ചിരിക്കുന്ന വ്യാഖ്യാനവും വായിക്കണം. അപ്പോൾ മുകളിൽ പറഞ്ഞ അവരുടെ വാദമുഖം അപ്പാടെ മാറിപ്പോകും. ശങ്കരന്റെ സിദ്ധാന്തങ്ങൾ തെറ്റാണെന്നവർക്ക് ബോദ്ധ്യപ്പെടുകയും ചെയ്യും. എനിക്കറിയാവുന്നിടത്തോളം ബ്രഹ്മപദാർത്ഥം എന്ന പദത്തിന്റെ അർത്ഥം ആനമണ്ടത്തരം എന്നാണ്. ഒരു വാക്യം എന്ന നിലയിൽ അതിന് അവ്യവസ്ഥയെന്നോ, ചലിക്കാത്ത പാറയെന്നോ പറയാം. എന്നാൽ ബ്രഹ്മപദാർത്ഥം എന്ന വാക്ക് ശങ്കരൻ ഒരു സ്ഥലത്തും ഉപയോഗിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. തങ്ങൾ പറയുന്നത് എന്തെന്ന് സ്വയമറിയാത്ത നവശങ്കവാദികളാണ് ഈ വാക്കുണ്ടാക്കിയിരിക്കുന്നത്. ഭൗതികവാദികൾ പറയുന്ന പദാർത്ഥം എന്ന സംജ്ഞക്ക് പകരമായുള്ള ഈ വാക്ക് ഇപ്പോഴാണ് ഞാൻ കേൾക്കുന്നത്. ബ്രഹ്മം ഭൗതികവുമല്ല പദാർത്ഥവുമല്ല എന്ന് ശങ്കരൻ അസന്ദിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് സാംഖ്യത്തിലേയും വൈശേഷികത്തിലേയും കണികാസിദ്ധാന്തത്തെ തന്റെ ബ്രഹ്മസൂത്രഭാഷ്യത്തിൽ അദ്ദേഹം ഏകപക്ഷീയമായി തള്ളിക്കളഞ്ഞത്. അദ്ധ്യാത്മികവാദികൾ പടച്ചുണ്ടാക്കിയ ആത്മാവ് ശരീരത്തിൽ നിന്ന് വേറിട്ടുള്ളതല്ല, മറിച്ച്, ശരീരത്തിന്റെ ഗുണമാണെന്ന് പറഞ്ഞ ചാർവാകൻമാരേയും അദ്ദേഹം നിശിതമായി വിമർശിച്ചു. വാക്കുകൾക്ക് പുതിയ അർത്ഥങ്ങളും വ്യാഖ്യാനങ്ങളും കണ്ടെത്തുന്നത് നവശങ്കരവാദികളുടെ കലയാണ്. ബ്രഹ്മം പദാർത്ഥം തന്നെയാണെന്നു പറയുന്നവർക്കും ഇതേ അസുഖമാണുള്ളത്. ബുദ്ധിപരമായ സത്യസന്ധതയില്ലാത്തവരാണ് ഇത്തരം വികടാർത്ഥങ്ങളും കപടസിദ്ധാന്തങ്ങളും ഉണ്ടാക്കുന്നത്.

ബ്രഹ്മം എന്താണെന്ന് അറിയാത്തതുകൊണ്ട് ശങ്കരവാദികൾ അത് നിർഗുണമാണെന്ന് സമർത്ഥിച്ചു. ഗുണമൊന്നുമില്ലാത്ത ഒന്നിനെ ഒരാൾക്കും മനസ്സിലാക്കാൻ പറ്റില്ലല്ലോ. ബ്രഹ്മം പദാർത്ഥ മാണെന്നു പറയുമ്പോൾ എന്താണവർ വിവക്ഷിക്കുന്നത്? മറ്റുള്ള വർ അത് എന്താണെന്ന് മനസ്സിലാക്കണമെന്നോ അല്ലെങ്കിൽ മന സ്സിലാക്കരുതെന്നോ? നമുക്കറിയില്ല. ആരെന്ത് വ്യാഖ്യാനങ്ങൾ ഉണ്ടാക്കിയാലും ഒരു കാര്യം സുവ്യക്തം. പദാർത്ഥം തികച്ചും ഭൗതി കമാണ്. ശങ്കരൻ പറഞ്ഞ ബ്രഹ്മം തീർത്തും അഭൗതികവും. ഭൗതി കമായതിന് നിലനിൽപ്പുണ്ട്. അഭൗതികമായതിന് നിലനിൽപ്പേയി ല്ല. അസ്തിത്വം എന്ന വാക്കിന് ഭൗതികാസ്തിത്വം എന്ന ഒരർത്ഥമേ ഉള്ളൂ. അഭൗതികമായ അസ്തിത്വം എന്നത് തികച്ചും അർത്ഥശൂ ന്യമായ അവസ്ഥയാണ്.

**ശങ്കരന്റെ അപരന്മാർ**

ബ്രഹ്മസൂത്രത്തെ ക്രോഡീകരിച്ച ബാദരായണൻ ജാതിവ്യവ സ്ഥയെ അതിശക്തമായി ന്യായീകരിച്ച വ്യക്തിയായിരുന്നു. ബാദ രായണന് മുമ്പുതന്നെ (ശങ്കരനും മുൻപ്) ഉപനിഷത്തുക്കൾക്ക് ഭാഷ്യം രചിച്ച അനേകം പേരുണ്ട്. ബദരി, ഔദുലോമി, അസ്മരാ ദ്യ, കർസക്രിത്ന, കാമാജിനി, അത്രേയ മുതലായവരാണിവർ. തന്റെ ബ്രഹ്മസൂത്രത്തിൽ ശങ്കരൻ തന്നെ ഇവരുടെ പേരുകൾ എടുത്തു പറയുന്നുണ്ട്. പക്ഷെ അവരുടെ രചനകളൊന്നും നമുക്ക് ലഭ്യമല്ലാ ത്തതുകൊണ്ട് ഏതു വിധത്തിലായിരുന്നു അവരുടെ ഭാഷ്യങ്ങളെന്ന് നമുക്കറിയില്ല. ഉപനിഷത്തുക്കൾ പറയുന്ന അറിവുകളെ ആധുനിക വിജ്ഞാനവുമായി ഒത്തുചേർക്കാൻ ശ്രമിക്കുന്നത് കമ്പിളിപ്പുതപ്പിൽ നിന്ന് കമ്പിളിരോമങ്ങളെ പിഴുതുമാറ്റാൻ ശ്രമിക്കുന്നതുപോലെയാ ണ്. കാരണം അർത്ഥമില്ലാത്ത ആദർശവാദവും, അജ്ഞതയും സർവ്വോപരി അതിപുരാതന ജീവിതരീതികളുടെ വിവരണങ്ങളും നിറഞ്ഞുനിൽക്കുന്നവയാണ് മുഴുവൻ ഉപനിഷത്തുക്കളും. എല്ലാ ഭാഷ്യക്കാരും അവയെ വീണ്ടും വീണ്ടും പുനരുദ്ധരിപ്പിക്കാനാണ് ശ്രമിച്ചത്; പരിഷ്കരിക്കാനല്ല. അതുകൊണ്ടുതന്നെയാണ് ബ്രഹ്മ സൂത്രത്തിൽ പുതിയതായി ഒന്നും നാം കാണാത്തത്. പഴയ മാലിന്യം മാറ്റിക്കളയാൻ ആരും ശ്രമിച്ചില്ല എന്നതാണ് സത്യം. ശങ്കരന് മുൻപും കുറച്ചുപേർ വേദാന്തത്തിന് സൂത്രഭാഷ്യങ്ങൾ രചി ച്ചിട്ടുണ്ട്. ബോധയാന, തങ്കാ, ഉപവർഷാ, ദ്രമിഡാചാര്യ, ഭാരതിപ്ര പഞ്ച, ഭരൂചി, കപാർഡി, ബ്രഹ്മാനന്ദ, ഗുഹദേവ മുതലായവരാണ വർ. ഇവരുടേയും ഒരു രചനയും ഇപ്പോൾ ലഭ്യമല്ല. ശങ്കരന് ശേഷം വന്ന സൂത്രഭാഷ്യക്കാരായ രാമാനുജൻ, നിംബാർക്കൻ, മാധവാ ചാര്യ, വല്ലഭാചാര്യ മുതലായവർ തങ്ങളുടെ പൂർവ്വികരുടെ ബ്രഹ്മ സങ്കൽപ്പത്തെപ്പറ്റി (ആശയപരമായി) തർക്കിച്ച് അടികുടിയതല്ലാതെ അതിലെ തെറ്റുകളെ മാറ്റാൻ ശ്രമിച്ചതേയില്ല.

ബ്രഹ്മം പ്രപഞ്ചത്തിന്റെ ആദിമഘട്ടത്തിൽ തന്നെ ഉണ്ടായതാണോ, അങ്ങനെയാണെങ്കിൽ അതെന്താണ്? അത് ഒന്നാണോ അതോ രണ്ടാണോ, അതോ രണ്ടുംകൂടി യോജിച്ച് ഒന്നായതാണോ? അങ്ങനെയാണെങ്കിൽ അതെപ്പോൾ സംഭവിച്ചു എങ്ങനെ സംഭവിച്ചു എന്നിത്യാദി കാര്യങ്ങളിലാണ് ശങ്കരന് ശേഷമുള്ള സൂത്ര ഭാഷ്യക്കാർ പോരാടിയതും തങ്ങളുടെ മുൻഗാമികളുടെ ആശയങ്ങളോട് വിയോജിച്ച് സ്വന്തം വഴി തിരഞ്ഞെടുത്തതും. ഇതിൽ ശങ്കരൻ മാത്രമാണ് അദ്വൈതത്തിൽ ഉറച്ചു നിന്നത്. രസകരമെന്നു പറയട്ടെ, അദ്ദേഹത്തിന്റെ ഭാഷ്യത്തിൽ അദ്വൈത ത്തോടൊപ്പം ദ്വൈതവും ആസ്തിക്യവാദവും പൂർണ്ണശൂന്യതാവാദവും കാണാം. ശങ്കരന്റെ കാലഘട്ടത്തിൽ നിരീശ്വരവാദമോ ശൂന്യതാവാദമോ ഉണ്ടായിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. വേദാന്തസൂത്രക്കാർക്കായി നിരീശ്വരാശയങ്ങളിൽ എഴുതാൻ വേണ്ടി മാത്രം എങ്ങനെയാണ് ഒരാൾ നിരീശ്വരവാദിയാകുന്നത്? ശങ്കരനൊഴികെ മറ്റെല്ലാവരും ബ്രഹ്മസൂത്രത്തിന് ഭാഷ്യമുണ്ടാക്കിയത് ദ്വൈത കാഴ്ച്ചപ്പാടിലായിരുന്നു. മാധവാചാര്യരുടെ കാലഘട്ടമായപ്പോഴേയ്ക്കും (1199–1268) ബ്രഹ്മസുത്രത്തിന് ഇരുപത്തിയൊന്നോളം ഭാഷ്യങ്ങൾ ഉണ്ടായതായി പറയപ്പെടുന്നു.

പക്ഷെ, ഇന്ന് അവയിൽ അഞ്ചോ ആറോ മാത്രമേ നമുക്ക് ലഭ്യമായിട്ടുള്ളു. ബ്രഹ്മസുത്രം പഠിപ്പിക്കുന്നത് അദ്വൈതം മാത്രമാണെന്ന് ഈ ഭാഷ്യങ്ങൾ കാണിക്കുന്നില്ല. ബ്രഹ്മസൂത്രത്തിന്റെ സഹായമില്ലാതെത്തന്നെ അദ്വൈതസിദ്ധാന്തം ആദ്യമായി അവതരിപ്പിച്ചത് ഗൗഡപാദരാണ്. അദ്ദേഹം രചിച്ച മാണ്ഡൂക്യ കാരികയിൽ ഇതിനെപ്പറ്റി ഒരദ്ധ്യായം തന്നെയുണ്ട്. അതുപോലെത്തന്നെ ഗൗഡപാദർക്കു മുൻപ് ആരെങ്കിലും ഈ സിദ്ധാന്തം കൊണ്ടുവന്നതായി ഒരു തെളിവുമില്ല. വേദങ്ങളുടെ സത്തെടുത്ത് ഉപനിഷത് സിദ്ധാന്തങ്ങളെ പുനരുജ്ജീവിപ്പിച്ച അദ്വൈതസിദ്ധാന്തസ്ഥാപകനായ ഗൗഡപാദരുടെ ചരണങ്ങളിൽ താൻ നമിക്കുന്നു എന്ന് ശങ്കരൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ദേവതകൾക്കുപോലും ചെയ്യാൻ കഴിയാത്ത കാര്യമാണിതെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. അദ്വൈതം കണ്ടുപിടിച്ചത് ശങ്കരനല്ലെന്നും ആ സിദ്ധാന്തത്തിന്റെ സ്ഥാപകൻ താനാണെന്ന് അദ്ദേഹമൊരിക്കലും പറഞ്ഞിട്ടില്ലെന്നും ഇത് സംശയലേശമന്യേ വ്യക്തമാക്കുന്നു.

# ആദി ശങ്കരാചാര്യർ
# ഒരു പഠനം

റാവിപുഡി വെങ്കടാദ്രി



**ആദി ശങ്കരാചാര്യർ ഉയർത്തിയ അദ്വൈത വാദങ്ങളുടെ കപടമുഖം പ്രശസ്ത ചിന്തകനും എഴുത്തുകാരനുമായ റാവിപുഡി വെങ്കടാദ്രി പൊളിച്ചു കാട്ടുന്നു. മലയാളത്തിൽ ഇറങ്ങിയ ആദ്യത്തെ വിമർശന പഠനം**

ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിഷേഴ്സ്

കൊല്ലം

വില - 150

# ആദി ശങ്കരാചാര്യർ
# ഒരു പഠനം



റാവിപുഡി വെങ്കടാദ്രി

Indic Digital Archive Foundation
gpura.org